30

# ഭരതോപദേശം

## ലക്ഷ്മണോപദേശം

## ഭർതൃഹരിയുടെ ജീവിതദർശനം

Dr. N. GOPALAKRISHNAN Ph.D., D.Litt.
(Scientist & Director IISH)

**INDIAN INSTITUTE OF SCIENTIFIC HERITAGE**

THIRUVANANTHAPURAM-695 018
www.iish.org Ph : 0471 - 2490149

Heritage Publication Series - 67

Scanned with CamScanner

# ഭരതോപദേശം

## ലക്ഷ്മണോപദേശം

## ഭർതൃഹരിയുടെ ജീവിതദർശനം

**Dr. N. GOPALAKRISHNAN** Ph.D., D.Litt.
**(Scientist & Director IISH)**

**INDIAN INSTITUTE OF SCIENTIFIC HERITAGE**

THIRUVANANTHAPURAM-695 018
www.iish.org Ph : 0471 - 2490149

**Heritage Publication Series - 67**

Scanned with CamScanner

ഭരതോപദേശം
ലക്ഷ്മണോപദേശം
ഭർതൃഹരിയുടെ ജീവിതദർശനം

**Dr. N. Gopalakrishnan**
M.Sc. (pharm), M.Sc. (Chem), M.A. (Soc), Ph.D, D.Litt. MBA
(Scientist & Director, IISH)

*Published by :*

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018, (Ph. 0471 - 2490149)
Website : www.iish.org, www.iishglobal.org

**Rs. 30/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*
***IISH Publication Team***

Scanned with CamScanner

# ഭരതോപദേശം

ദുഃഖത്തിന്റെ അത്യഗാധതലത്തിൽ തന്നെ കാണാനും അയോദ്ധ്യയിലേക്ക് മടങ്ങിവന്ന് രാഷ്ട്രഭാരം ഏറ്റെടുക്കണമെന്ന് അപേക്ഷിക്കാനുമായി വനത്തിലേക്കു വന്ന ഭരതനെ സ്വന്തം പുത്രനുതുല്യം പുത്രവാത്സല്യത്തോടെ പുണർന്നെഴുന്നേൽപ്പിച്ച് ശ്രീരാമൻ നൽകുന്ന സന്ദേശങ്ങളാണ് ഭരതോപദേശം.

- പിതാവിന് സുഖം തന്നെയല്ലേ ? വൃദ്ധപിതാവിനെ ഉപേക്ഷിച്ച് നീ വനത്തിലേക്ക് വന്നതെങ്ങിനെ ?
- പിതാവിനോടുള്ള കർത്തവ്യം നിറവേറ്റേണ്ടതല്ലേ, ഭരതാ ?
- നിന്റെ പിതാവിന്റെ സേവ ശുശ്രൂഷ നിന്റെ ഉത്തരവാദിത്വമാണെന്ന് ഓർമ്മിക്കണം.
- പിതാവിനെപ്പോലെ സ്വന്തം ധർമ്മത്തിൽ അചഞ്ചലനായി നിലനിൽക്കണം.
- മഹാതേജസ്വിയും ഇക്ഷ്വാകുവംശത്തിന്റെ പരമാചാര്യനും ജ്ഞാനിയുമായ വസിഷ്ഠമഹർഷിയെ വേണ്ടതുപോലെ പൂജിച്ചാരാധിക്കുന്നില്ലേ ?
- സത്പുത്രനായ നീ നമ്മുടെ മാതാപിതാക്കളെ ശ്രദ്ധയോടെ തൃപ്തരാക്കുന്നില്ലേ?
- എന്റെ അമ്മ കൗസല്യ ദുഃഖത്തിൽ നിന്ന് മോചനം നേടിയല്ലോ ? ലക്ഷ്മണന്റെ അമ്മയ്ക്ക് ദുഃഖമൊന്നുമില്ലല്ലോ ?

  (ഒരു രാജനിർദേശവുമില്ലാതെ ജ്യേഷ്ഠനോടുള്ള സഹോദരസ്നേഹം കൊണ്ടുമാത്ര മാണ് 14 വർഷം കാട്ടിലേക്ക്, ലക്ഷ്മണൻ വന്നത്. ലക്ഷ്മണമാതാവിനെക്കുറിച്ചാണ് ശ്രീരാമൻ ആദ്യം കുശലാന്വേഷണം നടത്തുന്നതെന്നോർമ്മിക്കുക.)
- കൈകേയി ദേവി ആനന്ദത്തോടെ ജീവിക്കുന്നില്ലേ ?
- ആരാണോ ഉത്തമകുലത്തിൽ ജനിച്ചവനും, വിനയസമ്പന്നനും, പേരുകേട്ടവനും, മറ്റുള്ളവരുടെ കുറവുകളന്വേഷിച്ചുപോകാത്തവനും, ശാസ്ത്രരീതിയിൽ ധർമ്മ ബോധത്തോടെ ജീവിക്കുന്നവനും, അങ്ങിനെയുള്ളവരെ സേവിച്ചും ആദരിച്ചും അനുഗ്രഹം സ്വീകരിക്കുന്നുണ്ടല്ലോ ?
- വേദവിജ്ഞാനത്തിൽ ശ്രേഷ്ഠരായവരും യജ്ഞയാഗങ്ങൾ യഥാവിധി നടത്തണ മെന്ന് നിനക്ക് മാർഗനിർദ്ദേശം നൽകുന്നവരുമായ ആചാര്യന്മാർ നിന്റെ പ്രവൃത്തി യിൽ സന്തുഷ്ടരാണല്ലോ ?
- അല്ലയോ ഭരതാ ! ദേവപൂജയും, പിതൃപൂജയും, ഭൃത്യന്മാരുടെ സംതൃപ്തിയും, ഗുരുജനപൂജയും, പിതൃതുല്യം ആരാധ്യരായ വൃദ്ധരുടെ സുഖസൗകര്യങ്ങളും, വൈദ്യന്മാരുടെ ക്ഷേമവും, പണ്ഡിതരെ ആരാധിക്കലും കുറവില്ലാതെ നീ നടത്തു ന്നുണ്ടല്ലോ ?
- അല്ലയോ സഹോദരാ ! മന്ത്രത്തോടുകൂടി ആയുധങ്ങളുപയോഗിക്കാൻ കഴിയുന്ന വരേയും മന്ത്രങ്ങളില്ലാതെ ആയുധപ്രയോഗത്തിൽ ജ്ഞാനമുള്ളവരേയും നീ



Scanned with CamScanner

ആദരിക്കുന്നുണ്ടല്ലോ ?

- അല്ലയോ സഹോദരാ ! ഭരണയന്ത്രം തിരിക്കാനറിയാവുന്ന ശാസ്ത്രകാരന്മാരേയും അർത്ഥശാസ്ത്രമറിഞ്ഞ് മാർഗനിർദ്ദേശം നൽകാനറിയുന്നവരേയും നീ ബഹുമാനിച്ചാദരിക്കുന്നുണ്ടല്ലോ ?
- മകനേ ഭരതാ ! നിന്നെപ്പോലെ ശൂരനായ, ശാസ്ത്രവിഷയങ്ങളിൽ പണ്ഡിതനായ, ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാനറിയാവുന്ന, കുലീനരായ ശരീര- മുഖ- ലക്ഷണങ്ങളിൽ നിന്നു തന്നെ മനസ്സറിയുവാൻ കഴിവുള്ള യോഗ്യരായ വ്യക്തികളെയാണല്ലോ മന്ത്രിമാരാക്കിയിരിക്കുന്നത് ?
- അല്ലയോ രഘുനന്ദനാ ! രാജാവിന് ലഭിക്കുന്ന നല്ല ഉപദേശങ്ങളാണ് രാഷ്ട്രഭരണത്തിന്റെ വിജയത്തിന്നാധാരം. അങ്ങിനെ ഉപദേശിക്കാൻ യോഗ്യതയുള്ളവരെയാണല്ലോ, നീ നിയമിച്ചിരിക്കുന്നത് ? നിനക്കു മാർഗ്ഗനിർദ്ദേശം നൽകുന്നവരിൽ നീതിശാസ്ത്രവിഷയത്തിൽ നിപുണന്മാരായവരും, മന്ത്രിമാരും, ശ്രേഷ്ഠന്മാരും നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് രഹസ്യസ്വഭാവം നിലനിർത്തുന്നുണ്ടല്ലോ ?
- ഭരതാ ! നീ അസമയത്ത് ഉറങ്ങാറില്ലല്ലോ ? അതേസമയം കൃത്യസമയത്തുതന്നെ നിദ്രയിൽ നിന്നുണരാറുണ്ടല്ലോ ?
- ഭരതാ ! സരസ്വതീയാമത്തിലുണർന്ന് രാഷ്ട്രത്തിന്റ് സാമ്പത്തിക ഉന്നതിക്കാവശ്യമായ ഉപായങ്ങളെക്കുറിച്ച് ഗാഢമായി ചിന്തിക്കാറുണ്ടല്ലോ ?
- ഭരതാ ! അത്യധികം പ്രാധാന്യമുള്ള ഗൂഢമായ രഹസ്യകാര്യങ്ങളെക്കുറിച്ച് ഒറ്റക്കിരുന്നല്ലല്ലോ ചിന്തിച്ച് തീരുമാനമെടുക്കുന്നത് ?
- അതിനുപകരം അനവധി വ്യക്തികളെ വിളിച്ചുവരുത്തി കോലാഹലരൂപത്തിലും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാറില്ലല്ലോ ?
- നിന്റെ രഹസ്യമായ തീരുമാനങ്ങൾ ശത്രുരാജ്യത്തിലേക്ക് എത്തുന്നില്ല എന്ന് നീ ഉറപ്പുവരുത്തുന്നുണ്ടല്ലോ?
- അല്ലയോ രഘുനന്ദനാ ഭരതാ ! ഏതൊരുകാര്യമാണോ എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്നതും എന്നാൽ അത്യധികം ഫലപ്രദവുമായത് നീ അൽപം പോലും വൈകാതെ തീരുമാനമെടുക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ടല്ലോ ?
- മേൽപറഞ്ഞ കാര്യങ്ങളിൽ ഒരിക്കലും വിലംബം ഉണ്ടാകുന്നില്ലല്ലോ ? നീ ഏറ്റെടുത്തു ചെയ്യാനാരംഭിക്കുന്ന കാര്യങ്ങൾ പൂർണ്ണമായതിനുശേഷം അഥവാ ഏതാണ്ട് പൂർണ്ണമാകുമ്പോൾ മാത്രമാണല്ലോ അയൽവക്കത്തെ രാജാക്കന്മാർക്ക് അതിനെക്കുറിച്ച് അറിവു ലഭിക്കുന്നത് ?
- നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചും പരിപാടികളെക്കുറിച്ചും അയൽരാജ്യങ്ങൾക്ക് വിവരം ചോർന്നുപോകുന്നില്ലല്ലോ ? അപ്രകാരം വിവരങ്ങൾ ചോർത്തുന്നവരെ നീ ശ്രദ്ധിക്കുന്നുണ്ടല്ലോ ?
- മകനേ ഭരതാ ! നീയെടുക്കുന്ന തീരുമാനങ്ങൾ നിന്നിലൂടെയോ മന്ത്രിമാരിലൂടെ

Scanned with CamScanner

യോ അനുമതിയുള്ള ഉദ്യോഗസ്ഥരിലൂടെയോ അല്ലാതെ ജനങ്ങളിലെത്തുന്നില്ലല്ലോ ?

- രാജതീരുമാനങ്ങൾ രഹസ്യമാർഗത്തിലൂടെ ജനങ്ങളിലെത്തി അവരത് വഴിയോരങ്ങളിൽ തർക്കിക്കാനുപയോഗിക്കുന്നില്ലെന്ന് നീ ഉറപ്പുവരുത്തുന്നുണ്ടല്ലോ ?
- നിന്റെ ചാരന്മാരിലൂടെ അകത്തും പുറത്തുമുള്ളവർ ചെയ്യുന്ന നന്മതിന്മകളുടെ വിവരങ്ങൾ യഥാസമയം നിനക്കു ലഭിക്കുന്നുണ്ടല്ലോ ?
- നൂറുമൂർഖന്മാരേയും വിഡ്ഢികളേയും കൂടെ നിർത്തുന്നതിനു പകരം ഒരു ബുദ്ധിമാനും അനുഭവസമ്പന്നനുമായ പണ്ഡിതനെ കൂടെ നിർത്തുന്നതാണുത്തമം എന്നറിയാമല്ലോ ?
- വിദ്വാനായ വ്യക്തിക്കു മാത്രമേ സങ്കീർണ്ണങ്ങളായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കാനാകൂ എന്നറിയാമല്ലോ നിനക്ക് ?
- ഒരു രാജാവ് ആയിരമോ പതിനായിരമോ വിഡ്ഢികളെ സ്വന്തമാവശ്യത്തിനെന്നും പറഞ്ഞ് നിയോഗിച്ചാലും അവശ്യത്തിന് അവർ ഉപകാരികളാകില്ല
- ഒരാളാണെങ്കിൽ പോലും, ബുദ്ധിമാനായ, ശൂര- വീരനായ, ചാതുര്യമുള്ള, നീതിജ്ഞനായ ഒരാളാണെങ്കിൽ പോലും രാജാവിനും രാജകുമാരനും സമ്പൽ സമൃദ്ധിയിലേക്കുയരാൻ സാധിക്കും.
- മകനേ ഭരതാ ! പ്രധാനപ്പെട്ട ശ്രേഷ്ഠരായ വ്യക്തികളെ പ്രധാനപ്പെട്ട സ്ഥാനത്തും, മധ്യമഗുണമുള്ളവരെ മധ്യമസ്ഥാനത്തും താഴെക്കിടയിലുള്ളവരെ താഴെയുള്ള ഉത്തരവാദിത്വങ്ങളേൽപ്പിക്കുന്നതിലും ചാതുര്യമുള്ളവനാണല്ലോ നീ ?
- ആരാണോ സമ്മാനങ്ങളും, കൈക്കൂലിയും വാങ്ങിക്കാതെ സ്വന്തം ധർമ്മമായി കർമ്മത്തിൽ നിശ്ചയദാർഢ്യത്തോടെ നിലകൊള്ളുന്നത്, തന്റെ കർത്തവ്യങ്ങൾ കൃത്യസമയത്തിന് മുമ്പുതന്നെ ചെയ്തു തീർക്കുന്നത്, ബാഹ്യമായും ആന്തരികമായും പവിത്രമായ പഥത്തിലൂടെ സഞ്ചരിക്കുന്നത്, ശ്രേഷ്ഠനായിത്തന്നെ സ്വധർമ്മമനുഷ്ഠിക്കുന്നത്, അപ്രകാരമുള്ള മന്ത്രിമാരേയും സെക്രട്ടറിമാരേയും (അമാത്യന്മാർ) ഉത്തമ കാര്യങ്ങൾ നീ ഏൽപ്പിക്കുന്നുണ്ടല്ലോ ?
- കൈകേയി കുമാരാ ഭരതാ ! നിന്റെ രാജ്യത്തിലെ ജനത- (നീ ഇപ്പോൾ രാജാവാണെന്ന് ഓർമ്മിപ്പിക്കുന്നു. അത് കൈകേയി കാരണമാണെന്നും സൂചിപ്പിക്കുന്നു.) പ്രജകൾ അതികഠിനമായ ശിക്ഷയനുഭവിക്കേണ്ടിവരുന്നില്ലല്ലോ ? അവർ അതികഠിന ശിക്ഷയനുഭവിച്ച് മന്ത്രിമാരേയും രാജഉദ്യോഗസ്ഥരേയും തിരസ്കരിക്കുന്നില്ലല്ലോ ? (കഠിനമായ ശിക്ഷ നിരന്തരം നൽകി പ്രജകളെ ഭയവിഹ്വലരാക്കരുതെന്നു സാരം)
- എപ്രകാരമാണോ നല്ല തൊഴിലാളി നീചനായ യജമാനനെ ഉപേക്ഷിക്കുന്നത് അതുപോലെ താങ്ങാനാകാത്ത കഠോരമായ കരം പിരിക്കലിലൂടെ നിന്റെ പ്രജകൾ നിന്നെ അനാദരിക്കുന്നില്ലല്ലോ ? (കരം പിരിക്കുന്നതിനെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശമാണ് ഇവിടെ നൽകിയിരിക്കുന്നത്)



Scanned with CamScanner

- സാമ - ദാന - ഭേധ - ദണ്ഡങ്ങളിലൂടെ യുക്തിസഹജമായി രാജനീതി നടപ്പാക്കുന്ന ഉദ്യോഗസ്ഥർ ശിക്ഷ നടപ്പാക്കുന്നത് പക്വതയോടെയായിരിക്കും. വിശ്വസ്ഥനായ ഭൃത്യന്മാർ തെറ്റു ചെയ്താലും അവർ മരണത്തെപ്പോലും ഭയപ്പെടാതെ രാജ്യത്തെ സേവിക്കുന്നവരായിരിക്കും. അപ്രകാരമുള്ള ഉദ്യോഗസ്ഥരേയും പ്രജകളേയും രാജാവ് ഒരിക്കലും ശിക്ഷിക്കാറില്ല, അവർ സ്വയം ശിക്ഷിക്കപ്പെടുക തന്നെ ചെയ്തുകൊള്ളും.
- ഭരതാ, എപ്പോഴും സന്തോഷവാനും, വീരശൂരനും, ധൈര്യവാനും, ബുദ്ധിമാനും, പവിത്രനും, കുലീനനും, ആത്മവിശ്വാസമുള്ളവനും, യുദ്ധപാഠവമുള്ളവനുമായ വ്യക്തിയെയാണല്ലോ സേനാപതിയായി അവരോധിച്ചിരിക്കുന്നത്.
- നിന്റെ പ്രധാന യോദ്ധാക്കളും സേനാപതിമാരും ഉപസേനാപതിമാരും ബലവാന്മാരും, യുദ്ധകുശലന്മാരും പരാക്രമികളുമാണെന്ന് നീ ഉറപ്പുവരുത്തിയിട്ടുണ്ടല്ലോ?
- അവരുടെ ഓരോരുത്തരുടേയും വീരശൂരപരാക്രമങ്ങൾ വിലയിരുത്തിയതിനു ശേഷമല്ലേ അവർക്ക് ഉത്തരവാദിത്വവും സ്ഥാനമാനങ്ങളും നൽകിയിട്ടുള്ളു ?
- അവരുടെ വീരപരാക്രമങ്ങൾക്ക് അർഹിക്കുന്നതായ സമ്മാനങ്ങൾ നീ യഥാകാലം നൽകുന്നുണ്ടല്ലോ ?
- സൈന്യങ്ങൾക്കു നൽകേണ്ടതായ ശമ്പളവും കാലാകാലങ്ങളിലെ ബത്തയും നീ കൃത്യസമയത്തുതന്നെ നൽകുന്നുണ്ടല്ലോ ? അവർക്കതു കൊടുക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ലല്ലോ ?
- സൈന്യങ്ങൾക്ക് കൃത്യസമയത്ത് ശമ്പളവും ബത്തയും കൊടുക്കുന്നില്ലെങ്കിൽ അവർ രാജാവിനോട് കുപിതരാകുകയും പലവിധ അനർത്ഥങ്ങളുണ്ടാക്കുകയും ചെയ്യുമെന്ന് നിനക്കറിയാമല്ലോ ?
- മന്ത്രിമാരും പ്രധാന ഉദ്യോഗസ്ഥന്മാരും മുകൾതട്ടിലുള്ളവരും നിന്നോട് സ്നേഹ ബഹുമാനാദികളോടെയാണല്ലോ പെരുമാറുന്നത് ?
- ആവശ്യം വരുന്ന പക്ഷം അവർ ജീവൻ ത്യജിച്ചും നിനക്കും രാജ്യത്തിനും വേണ്ടി നിലകൊള്ളുമല്ലോ ?
- ഭരതാ ! നീ നിയമിച്ച രാജദൂതൻ നമ്മുടെ രാജ്യത്തിലെ തന്നെ പൗരനും, വിദ്വാനും, കുശലതാപൂർവം കാര്യങ്ങൾ നടത്താൻ കഴിവുള്ളവനും, പ്രതിഭാശാലിയും ആണെന്നുറപ്പുവരുത്തിയതിനുശേഷമാണല്ലോ ഉത്തരവാദിത്വത്തിൽ നിയോഗിച്ചിക്കുന്നത് ? വിവേകശാലിയും കർമ്മോത്സുകനുമായ അവർ നീ നിർദ്ദേശിക്കുന്നതുപോലെ തന്നെ ചെയ്യുന്നവരാണെന്ന് നീ ഉറപ്പുവരുത്തിയിട്ടുണ്ടല്ലോ ?
- ഭരതാ ശത്രുപക്ഷത്തുള്ള 18 വിഭാഗം ഉദ്യോഗസ്ഥരേയും സ്വന്തം പക്ഷത്തുള്ള 15 വിഭാഗം ഉദ്യോഗസ്ഥരേയും മൂന്നു മൂന്നു അജ്ഞാത ചാരന്മാരിലൂടെ നിരന്തരം വീക്ഷിച്ചും പരീക്ഷിച്ചും വിലയിരുത്തുന്നുണ്ടല്ലോ ? ശത്രുപക്ഷത്തുള്ള 18 വിഭാഗം ഉദ്യോഗസ്ഥർ ഇവരാണ്; 1. ശത്രുപക്ഷത്തുള്ള രാജാവിന്റെ മന്ത്രി, 2. രാജപുരോഹി



Scanned with CamScanner

തൻ, 3. യുവരാജാവ്, 4. സേനാപതി, 5. ദ്വാരപാലകന്മാർ, 6. അന്തപുരസംരക്ഷകർ, 7. കാരാഗാരാദ്ധ്യക്ഷൻ - ജയിലധികൃതർ, 8. കോശാദ്ധ്യക്ഷൻ - ഖജനാധികാരി, 9. ധനം ചിലവാക്കുന്ന ഓഡിറ്റർ, 10. ശമ്പളം കൊടുക്കുന്ന അധികാരി, 11. നഗരാ ധ്യക്ഷൻ, 12. ചീഫ് എൻജിനീയർ - ശിൽപിപരിപാലകൻ, 13. ധർമ്മാധ്യക്ഷൻ, 14.സഭാധ്യക്ഷൻ (സ്പീക്കർ), 15. ദണ്ഡപാലൻ - ജഡ്ജി, 16, ദുർഗാപാലകൻ - കോട്ട സംരക്ഷകൻ, 17. രാഷ്ട്രസീമാപാലകൻ - ബോർഡർ സെക്യൂരിറ്റി, 18. വനരക്ഷകൻ സ്വന്തം പക്ഷത്തുള്ള 15 പേർ എന്നത് രാജാവിന്റെ പ്രധാനമന്ത്രി, രാജപുരോഹി തൻ, യുവരാജാവ് ഇവരൊഴികെയുള്ള മേൽപ്പറഞ്ഞവർ.

- ശത്രുക്കളെ നിയന്ത്രിക്കാൻ കഴിവുള്ള ഭരതാ ! ഏതു ശത്രുവിനെയാണോ നീ നാടുകടത്തിയത് അവൻ തിരിച്ചുവരുകയാണെങ്കിൽ, ദുർബലനാണെന്ന് പരിശോ ധിച്ചു വ്യക്തമാക്കി ഉപേക്ഷിക്കാതെ സംരക്ഷിക്കുന്നുണ്ടല്ലോ ?
- ഭരതാ ! എല്ലാത്തിനേയും എതിർക്കുകയും പുച്ഛിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന നാസ്തികവാദികളെ നീ പ്രോത്സാഹിപ്പിക്കാറില്ലല്ലോ ? അവരുമായി സുഹൃദ്ബന്ധവുമില്ലല്ലോ ? ഇത്തരത്തിലുള്ള നാസ്തികവാദികൾ വക്രമായ വാദപ്രതിവാദങ്ങളിലൂടെ ബുദ്ധിയെ ഭ്രമിപ്പിക്കുകയും, തിന്മ നിറഞ്ഞ വഴിയാണ് ശരിയായതെന്ന് തെറ്റിദ്ധരിപ്പിക്കുകയും, വാസ്തവത്തിൽ അജ്ഞാനികളായവരു മാണവർ എന്നു നിനക്കറിയാമല്ലോ ?
- യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള നാസ്തികവാദികൾ വേദ സത്യങ്ങളേയും ധാർമ്മിക മൂല്യങ്ങൾ വിവരിക്കുന്ന ധർമ്മശാസ്ത്രത്തേയും വാചാലമായി എതിർ ക്കുകയും, തർക്കിക്കുകയും, ബുദ്ധിമാന്മാരാണെന്ന ധാരണയിൽ പ്രതിഷേധിക്കു കയും നിഷേധിക്കുകയുമെല്ലാം ചെയ്യുന്നവരാണെന്നറിയാമല്ലോ ?
- അയോധ്യ വീരശൂരപരാക്രമികളുടെ ദേശമാണ്. അതിന്റെ പേരുപോലെ തന്നെ യാണ് മഹത്വവും. അതിന്റെ ഗോപുരവാതിലിലൂടെ എല്ലാ ദിശയിലുള്ളതും ദൃഢ മാണ്. ആന - കുതിര - രഥശക്തിയിലൂടെ സുസ്ഥിരമാണ്. അവനവന്റെ കർമ്മം ധർമ്മമായിട്ടനുശാസിക്കുന്ന പതിനായിരങ്ങളുടെ നിവാസഭൂമിയാണ് അയോദ്ധ്യ അവർ മഹത്വമുള്ളവരാണ്, ത്യാഗികളാണ്, ശ്രേഷ്ഠരാണ്. വിവിധ പ്രകാരത്തിലുള്ള രാജഭവനങ്ങളും, ക്ഷേത്രങ്ങളും, അയോദ്ധ്യയുടെ മഹത്വം വർദ്ധിപ്പിക്കുന്നു. അനവധി വിദ്വാന്മാരുള്ള രാഷ്ട്രമാണ് അയോദ്ധ്യ. അങ്ങിനെ ശക്തിശാലിയും, സമൃദ്ധിയും ഐശ്വര്യവുമുള്ള അയോദ്ധ്യയുടെ സംരക്ഷണം അതിനുയോജിച്ച വിധത്തിൽ തന്നെ നീ ചെയ്യുന്നുണ്ടല്ലോ ?
- രഘുനന്ദനാ ഭരതാ ! വിവിധതരത്തിലുള്ള മഹായാഗങ്ങൾ നടന്ന ദേശമാണ് അയോദ്ധ്യ. അനവധി ആശ്രമങ്ങളും ക്ഷേത്രങ്ങളും അനുഷ്ഠാനസ്ഥാനങ്ങളുമി വിടെയുണ്ട്. ധാരാളം ജനങ്ങളിവിടെ വസിക്കുന്നു. അനവധി പൂന്തോട്ടങ്ങളും, വിശ്രമകേന്ദ്രങ്ങളും, ആരാമങ്ങളും, കുളങ്ങളും, അരുവികളും അവിടെയുണ്ട്....

അവിടത്തെ ജനങ്ങൾ സദാ സന്തുഷ്ഠരാണ്. സാമൂഹിക ഉത്സവങ്ങൾ നിറഞ്ഞു നിൽക്കുന്നതിനാൽ രാഷ്ട്രം എന്നും ശോഭിക്കുന്നു. അവിടെ കൃഷിയിലൂടെ സമൃദ്ധിയുണ്ട്. കാർഷിക മൃഗങ്ങളാലും അയോദ്ധ്യ സമ്പന്നമാണ്. ഹിംസയും ദുഷ്ടത്തരങ്ങളുമവിടെയില്ല കൃഷിക്കായി മഴയെമാത്രം ആശ്രയിക്കേണ്ടിവരുന്നില്ല. സമൃദ്ധമായ നദീജലവുമുണ്ട്.

- ജനങ്ങൾക്ക് ഇവിടെ ഭയരഹിതരായി ജീവിക്കാനവസരമുണ്ട്. വൈവിദ്ധ്യമാർന്ന ഭക്ഷ്യവിഭവങ്ങൾ അയോദ്ധ്യയിൽ സുലഭമാണ്. അയോദ്ധ്യയിൽ പാപികളില്ല. നമ്മുടെ പൂർവ്വജന്മാർ നമ്മുടെ കോസലരാജ്യത്തെ (അതിന്റെ തലസ്ഥാനമാണ് അയോദ്ധ്യ) സമ്പന്നമാക്കിയിട്ടുണ്ട്. സുഖവും ശാന്തിയും കോസലത്തിൽ നിറഞ്ഞു നിൽക്കുന്നു. അതെല്ലാം നീ യഥാവിധി സംരക്ഷിക്കുന്നുണ്ടല്ലോ ?
- മകനേ ഭരതാ ! കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും നിന്നോട് സ്നേഹപൂർവ്വമല്ലേ പെരുമാറുന്നത് ? എന്തുകൊണ്ടെന്നാൽ കൃഷിയും വ്യാപാരങ്ങളും തഴച്ചുവളർന്നാലെ രാഷ്ട്രം സമ്പന്നമാകുകയുള്ളു. ജനങ്ങൾക്ക് സുഖസമൃദ്ധിയുമുണ്ടാകുകയുള്ളു. ജനങ്ങൾക്ക് സാമ്പത്തിക വളർച്ചയുണ്ടാകുകയുള്ളൂ.
- കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്കുണ്ടാകുന്ന എല്ലാവിധ ദുഃഖങ്ങളുമകറ്റി അവർക്ക് സുഖമായി കൃഷി ചെയ്യുവാനുള്ള സൗകര്യം നിരന്തരം നീ നൽകി. അവർക്ക് പൂർണ്ണസംരക്ഷണം നൽകുന്നുണ്ടല്ലോ?
- സ്വന്തം രാഷ്ട്രത്തിലെ എല്ലാവിഭാഗം ജനങ്ങളേയും ഒരേ പോലെ കണക്കാക്കി ധാർമ്മികമായ പന്ഥാവിലൂടെ അവരെയെല്ലാം സംരക്ഷിക്കേണ്ടത് രാജാവിന്റെ ഉത്തരവാദിത്വമാണ്.
- രാഷ്ട്രത്തിലെ സ്ത്രീജനങ്ങളെയും സംരക്ഷിക്കുന്നുണ്ടല്ലോ ? നിന്റെ ഭരണത്താൽ അവർ സന്തുഷ്ടരും സംരക്ഷിതരുമാണല്ലോ. അവരേയും നീ പരിധിക്കപ്പുറം വിശ്വസിക്കുന്നില്ലല്ലോ ? അവരിലൂടെയും നീ രഹസ്യകാര്യങ്ങൾ പ്രചരിക്കാനനുവദിക്കുന്നില്ലല്ലോ ?
- എവിടെയാണോ ആനകൾ സമൃദ്ധമായി വളരുന്നത്, ആ വനങ്ങൾ നിന്റെ പൂർണ്ണ സംരക്ഷണയിലാണല്ലോ ? സമൃദ്ധമായി പശുസമ്പത്തും വളരാനനുവദിക്കുന്നുണ്ടല്ലോ ?
- അല്ലയോ രാജകുമാരാ (ഭരതാ) സർവ്വ ആഭരണത്തോടെ രാജകീയ വേഷഭൂഷാദികളോടെ നീ ജനതയ്ക്ക് ദർശനം നല്കുന്നുണ്ടല്ലോ. അതും പ്രഭാതത്തിൽ മുടങ്ങാതെ ചെയ്യുന്നുണ്ടല്ലോ ? (അവരുടെ പരാതികൾ കേട്ട് പരിഹാരത്തിനായി) വേണ്ടതിനും വേണ്ടാത്തതിനുമെല്ലാം എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങളും നിന്റെയടുത്ത് നിരന്തരം വരാൻ നീ അനുവദിക്കുന്നില്ലല്ലോ
- അതേസമയം അവർ നിന്നിൽ നിന്നും വളരെയധികം അകലം പാലിക്കുന്നുമി



Scanned with CamScanner

ല്ലല്ലോ?

- പൊതുവെ ജനങ്ങളെയും ജോലിക്കാരെയും പരിധിക്കപ്പുറം അടുപ്പിക്കുകയോ അകറ്റുകയോ ചെയ്യാതിരിക്കുന്നതാണുത്തമമെന്ന് നിനക്കറിയാമല്ലോ? കാര്യങ്ങൾ നിറവേറ്റാൻ ഇതാണുത്തമമായ രീതിയെന്നറിയണം
- രാഷ്ട്രത്തിൽ സംരക്ഷിത കോട്ടകളിൽ ആവശ്യത്തിന് ധനവും, ധാന്യവും അസ്ത്ര ങ്ങളും ശസ്ത്രങ്ങളും ജലവും യന്ത്രങ്ങളും അവ ചലിപ്പിക്കാനുള്ള സാങ്കേതിക വിദഗ്ധരും, ആയുധധാരികളായ സൈനികരും ആവശ്യത്തിനുണ്ടെന്ന് ഉറപ്പു വരുത്തുന്നുണ്ടല്ലോ? രഘുനന്ദനാ നിന്റെ രാജ്യത്തിലെ വരവ് അധികവും ചിലവു കുറവുമാണല്ലോ? നിന്റെ ഖജനാവിലെ സമ്പത്ത് അർഹിക്കാത്ത കൈകളിലേ യ്ക്ക് പോകുന്നില്ലന്ന് ഉറപ്പു വരുത്തുന്നുണ്ടല്ലോ?
- ദേവകാര്യങ്ങൾ, പൈതൃക സംരക്ഷണം, പണ്ഡിത സംരക്ഷണം, സത്ഭരണം, സൈനിക ബലം, നന്മയുള്ള സുഹൃത്തുക്കൾക്കും, യഥാവിധി ധനം വ്യയം ചെയ്യുന്നുണ്ടല്ലോ?
- ശ്രേഷ്ഠനും,നിർദ്ദോഷിയും,ശുദ്ധാത്മാവുമായ ഒരു മനുഷ്യനിലും നിന്റെ രാജ്യത്ത് കുറ്റമാരോപിക്കപ്പെടുന്നില്ലല്ലോ? ശാസ്ത്രജ്ഞാനമുള്ളവരെയും വിദ്വാൻമാരേ യും ശ്രദ്ധയോടെ പരിശോധിക്കാതെ ധൃതിപിടിച്ചെടുക്കുന്ന തീരുമാനത്തിലൂടെ സാമ്പത്തിക പിഴപോലുള്ള ശിക്ഷനൽകുന്നില്ലല്ലോ?
- അല്ലയോ നരശ്രേഷ്ഠാ ഭരതാ നിന്റെ രാജ്യത്ത് കളവുനടത്തുന്നവരെ കയ്യോടെ പിടിക്കുകയോ കളവു നടത്തുന്നത് സാക്ഷികൾ വ്യക്തമായി കാണുകയോ, ചോദ്യം ചെയ്യലിലൂടെ കളവുതെളിയിക്കുകയോ, കളവു മുതൽ കള്ളനിൽ നിന്നു കണ്ടു പിടിക്കുകയോ, ഇപ്രകാരമുള്ള വിവിധ തെളിവുകളോടെ പിടിക്കപ്പെടുകയോ ചെയ്ത കള്ളൻമാരെ നാട്ടിൽ സ്വൈരവിഹാരം നടത്താൻ നീ അനുവദിക്കുന്നി ല്ലല്ലോ?
- രഘുകുലഭൂക്ഷണാ ഭരതാ ! നിന്റെ രാജ്യത്ത് സമ്പന്നനും പാവപ്പെട്ടവനും തമ്മിൽ തർക്കമുണ്ടായാൽ അവിടത്തെ ന്യായാലയത്തിൽ (കോടതിയിൽ) അവർ രണ്ടു പേരും ന്യായത്തിനായി ന്യായാധീശനെ സമീപിക്കുകയാണെങ്കിൽ നിന്റെ രാജ്യത്തി ലെ മന്ത്രി ധനത്തിന്റെ പിൻബലം നോക്കാതെ ന്യായത്തിന്റെ കൂടെയല്ലെ നിൽക്കുകയുള്ളു
- നിരപരാധിയെ തെറ്റായ തെളിവുകളുടെ അടിസ്ഥാനത്തുലും കള്ളസാക്ഷികളു ടെ മൊഴിയിലും വിശ്വസിച്ച് ശിക്ഷിച്ചാൽ ആ നിരപരാധിയുടെ കണ്ണുനീർ രാജകുലത്തേയും രാഷ്ട്രത്തിന്റെ സമ്പത്തിനെയും തകർത്തുകളയുമെന്ന് നിനക്ക് അറിയാമല്ലോ? ഒരു രാഷ്ട്രത്തിന്റെ ഭരണാധികാരി പക്ഷപാതപരമായി പ്രവർത്തിക്കുകയാണെങ്കിൽ രാഷ്ട്രം തന്നെ ധാർമ്മികമായി തകരുകതന്നെ ചെയ്യുമെന്നറിയുക.



Scanned with CamScanner

- രാഘവാ ! വൃദ്ധജനങ്ങളെയും, ബാലന്മാരെയും ശ്രേഷ്ഠരായ വൈദ്യന്മാരെയും മധുരവാക്കുകളിലൂടെയും സാമ്പത്തികമായും സഹായം നല്കി സഹായിക്കാറുണ്ടല്ലോ ?
- നീ ധാർമ്മികതയ്ക്കുപകരം സമ്പത്തും സമ്പത്തിനുപകരം ധാർമ്മികതയും വെച്ച് പരസ്പരം തിന്മയെ ന്യായീകരിക്കുന്നില്ലല്ലോ ?
- അഥവാ പ്രത്യേക താല്പര്യം സംരക്ഷിക്കാൻ സമ്പത്തിന് മുൻതൂക്കം കൊടുക്കുകയോ ചെയ്യാതെ യാഥാർത്ഥ്യത്തെ വിലയിരുത്തി വിധികൽപ്പിക്കാറുണ്ടല്ലോ?
- വിജയികളിൽ ശ്രേഷ്ഠനും, സമയോചിതമായ തീരുമാനങ്ങളെടുക്കാൻ കഴിവുള്ളവനും,മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിൽ സമർത്ഥനുമായ ഭരതാ നീ സമയത്തെ കൃത്യമായി ഭാഗിച്ച് ധാർമ്മിക കാര്യത്തിനും, അർത്ഥസമ്പാദനത്തിനും ആഗ്രഹങ്ങൾ പൂർത്തീകരിക്കാനുള്ളതിനും വേണ്ടി വിനിയോഗിക്കുന്നുണ്ടല്ലോ?
- മഹാപ്രജ്ഞാ ഭരതാ ! സമ്പൂർണ്ണ ശാസ്ത്രജ്ഞാനമുള്ള ദേശവിദേശികളായ പണ്ഢിതരുടെ നന്മയ്ക്കായി നീ സത്പ്രവർത്തികൾ ചെയ്യുന്നുണ്ടല്ലോ?
- രാജാവ് അഭിമുഖീകരിക്കേണ്ടി വരുന്ന 14 ദോഷങ്ങളെ നീ പരിത്യജിക്കുന്നുണ്ടല്ലോ? ആ 14 ദോഷങ്ങൾ, നസ്തിക വാദം, അസത്യസംഭാഷണം, ക്രോധം പ്രമാദം, ദീർഘവീക്ഷണമില്ലായ്മ, ജ്ഞാനികളുമായി വിയോജിപ്പ്, ആലസ്യം, ചെവി, കണ്ണ്, മുക്ക്, നാക്ക് ത്വക്ക് ഇന്ദ്രിയങ്ങളുടെ നിയന്ത്രണ മില്ലായ്മ, രാജ്യ കാര്യങ്ങളിൽ ഒറ്റയ്ക്ക് തീരുമാനങ്ങളെടുക്കൽ തീരുമാനിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കാതെ നീട്ടിക്കൊണ്ടു പോകൽ, മൂഢരുടെ സഹായം തേടൽ, രഹസ്യവാർത്തകളും വിവരങ്ങളും വരും വരായ്കകളുമറിയാതെ പൊതു ചർച്ചയ്ക്ക് വിധേയമാക്കൽ, മംഗള കർമ്മങ്ങൾ പരിത്യജിക്കൽ, പല ശത്രുക്കളെയും ഒരുമിച്ച് പരാജയപ്പെടുത്തുവാൻ ശ്രമിക്കൽ ഈ 14 ദോഷങ്ങൾ നിനക്കുണ്ടാകാതിരിക്കൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ?
- മഹാ പ്രാജ്ഞാ ഭരതാ ! നിനക്ക് ദശവർഗ്ഗദോഷമില്ലല്ലോ ? ദശവർഗം, അത്യാഗ്രഹം കൊണ്ടുണ്ടാകുന്ന 10 ദോഷങ്ങളാണ്. അത് അഹങ്കാരം, കളവ്, പകലുറക്കം, മറ്റുള്ളവരെ നിന്ദിക്കൽ, പരസ്ത്രീകളിലാസക്തി, മദ്യപാനം, ഉന്മാദ നൃത്തം, വികൃത സംഗീതാലാപനം, ആവശ്യമില്ലാത്ത സംസാരം, വ്യർത്ഥമായി ചുറ്റിക്കറങ്ങി നടക്കൽ, ഭരതാ നിനക്ക് പഞ്ചവർഗ്ഗ സംരക്ഷണ ധർമ്മമറിയാമല്ലോ ? പഞ്ചവർഗ്ഗ സംരക്ഷണമെന്നാൽ ജലത്തിന്റെ കോട്ട സംരക്ഷണം, പർവ്വത കോട്ട, വൃക്ഷങ്ങൾ കൊണ്ടുള്ള കോട്ട, ഊഷര ഭൂമി, മരുഭൂമി എന്നിവയുടെ സംരക്ഷണം രാജാവിനും രാജ്യത്തിനും, ശത്രുക്കളിൽ നിന്ന് സംരക്ഷണത്തിനാവശ്യമായതിനാൽ ഈ ധർമ്മം നീ നിറവേറ്റുന്നുണ്ടല്ലോ?
- ചതുർവർഗ്ഗ നീതി നിനക്കറിയാവുന്നതാണല്ലോ ? സാമദാന ഭേദ, ദണ്ഡം എന്നീ നീതിയനുസരിച്ചുള്ള ഭരണമാണ് ചതുർവർഗ്ഗ നീതി.



Scanned with CamScanner

- സപ്ത അംഗങ്ങളുടെ മഹത്വം നിനക്കറിയാമല്ലോ? രാജാവ്, മന്ത്രി, രാഷ്ട്രം, കോട്ട, ഖജനാവ്, സേനാ, സുഹൃത് രാഷ്ട്രങ്ങൾ, ഇവയെ നന്മ നിറഞ്ഞ രീതിയിൽ നിലനിർത്തണം.
- അഷ്ടവർഗ്ഗ ദോഷങ്ങൾ നിന്നെ പിടിപ്പിക്കുന്നില്ലല്ലോ? കള്ളത്തരം, അതിസാഹസം, മറ്റുള്ളവരെ ദ്രോഹിക്കാനുള്ള പ്രവണത, മറ്റുള്ളവരുടെ ദോഷം മാത്രം അന്വേഷിച്ചു നടക്കൽ, സമ്പത്ത് നശീകരണത്തിനായി വിനിയോഗിക്കൽ, കഠോരമായവാക്പ്രയോഗം, അതികഠിനമായ ശിക്ഷ നൽകൽ. ഇവയെല്ലാം ക്രോധത്താലുത്ഭവിക്കുന്നതാണെന്നും നിനക്കറിയാമല്ലോ?.
- ത്രിവർഗ്ഗത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ നിനക്കറിയാമല്ലോ? ധർമ്മം, അർത്ഥം കാമം ഇവയാണ് ത്രിവർഗ്ഗങ്ങൾ. ഉത്സാഹശക്തി (ഇച്ഛാശക്തി) പ്രഭു ശക്തി, മന്ത്ര ശക്തിയും ത്രിവർഗ്ഗത്തിൽപ്പെടുന്നു. (അഷ്ടവർഗ്ഗത്തിലൂടെ നന്മയും സൂചിപ്പിക്കുന്നുണ്ട് അത് കാർഷിക അഭിവൃദ്ധി, കോട്ടനിർമ്മാണം, പാലം നിർമ്മാണം, കാട്ടാനകളെ മെരുക്കി തയ്യാറാക്കൽ, ഭക്ഷ്യ വിഭവങ്ങളുല്പാദനം, രാജ്യങ്ങളിലധികാരമുറപ്പിക്കൽ, ജനവാസയോഗ്യമല്ലാത്ത സ്ഥലങ്ങളെ വാസയോഗ്യമാക്കൽ) (ഇവയും ശ്രീരാമൻ ഭരതനോട് സൂചിപ്പിക്കുന്നു.)
- മൂന്ന് വേദങ്ങളുടെ പഠനം, കൃഷി ഗോരക്ഷ നീതിന്യായ വ്യവസ്ഥയിലൂടെ രാഷ്ട്രത്തിൽ സമാധാന പാലനം എന്നിവയും നി നടത്തുന്നുണ്ടല്ലോ?
- ബുദ്ധികൊണ്ട് ഇന്ദ്രീയങ്ങളെ ജയിക്കാൻ നീ പരിശീലിച്ചിട്ടുണ്ടല്ലോ ഭരതാ?
- ആറു ഗുണങ്ങൾ നിന്റെ കർമ്മ മണ്ഡലത്തിലുണ്ടല്ലോ ഭരതാ? സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയത്വം, ഇതിൽ ശത്രുക്കളുമായി സന്ധിയിലെത്തുന്നത് ഒന്നാമത്തെത് , അവരുമായി യുദ്ധം ചെയ്തേ തീരുമെങ്കിൽ അതു വിഗ്രഹം അവരെ ശക്തമായി ആക്രമിക്കുന്നത് യാനം, അവസരം കാത്തിരിക്കുന്നത് ആസനം, നീതിയിലൂടെ മുന്നേറുന്നത് ദ്വൈധീഭാവം, തന്നെക്കാൾ ബലവാൻമാരായരാജാക്കന്മാരുടെ സഹായം സ്വീകരിക്കുന്നത് സമാശ്രയം.
- പ്രകൃതി ക്ഷോഭങ്ങളെ നീ കരുതിയിരിക്കുന്നുണ്ടല്ലോ? രാജ്യഭരണത്തിലിരിക്കുന്ന ഉദ്യോഗസ്ഥരുടെ കഴിവുകേട്, കള്ളൻമാരുടെ ഉപദ്രവം, രാജ്യബന്ധുക്കളുടെ ദുഷ്പ്രവർത്തനങ്ങൾ, രാജാവു തന്നെ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ, ഇവയാണ് പഞ്ചവിധമാനുഷീ ബാധകൾ.
- ശത്രു രാജ്യത്തിലെ സേവകരെയും അപമാനിതരായവരെയും യജമാനൻമാരാൽ ത്യജിക്കപ്പെട്ടവരെയും ഭയപ്പെടുത്തി വരുതിയിൽ നിർത്തിയിരിക്കുന്ന സേവകരെയും അങ്ങനെയുള്ളവരിൽ പ്രയോജനപ്പെടുന്നവരെ രാജാവ് ഇഷ്ടവസ്തുക്കൾ നൽകി രാജ്യകാര്യങ്ങളിൽ എടുക്കുന്നത് രാജനീതിയാണെന്നത് നിനക്കറിയാമല്ലോ?
- ബാലൻമാർ, വൃദ്ധൻമാർ, ദീർഘകാലരോഗികൾ, സംസ്ക്കാരമില്ലാത്തവർ, ഭീരുക്കൾ, എല്ലാത്തിനെയും ഭയപ്പെടുന്നവരുടെ കൂടെയുള്ളവർ, പിശുക്കൻമാരെയും



Scanned with CamScanner

ഭിക്ഷക്കാരെയും ആശ്രയിച്ചു ജീവിക്കുന്നവർ, മറ്റു രാജ്യത്തിലെ മന്ത്രിമാർ, സേനാപതിമാർ, എന്നും ദുഃഖിക്കുന്നവർ, ആഡംബരസുഖത്തിൽ ഭ്രമിച്ചു ജീവിക്കുന്നവർ, അഭിപ്രായം മാറിക്കൊണ്ടേയിരിക്കുന്നവർ, അവരുടെ കൂടെ നടന്നു ജീവിക്കുന്നവർ, ദേവനിന്ദയും പണ്ഡിത നിന്ദയും ചെയ്യുന്നവർ, പ്രകൃതിയെ നശിപ്പിക്കുന്നവർ, ഭാഗ്യംവരുമെന്ന് കാത്തിരുന്ന് ഒരു പ്രവർത്തിയും ചെയ്യാതെ ജീവിക്കുന്നവർ പരമദരിദ്രവാസിയായി ജീവിക്കുന്നവർ, ആരാലും സംരക്ഷിക്കപ്പെടാത്ത സൈന്യങ്ങളില്ലാത്ത രാജാവ്, സ്വന്തം ദേശത്തിൽ വസിക്കാത്തവർ, ധാരാളം ശത്രുക്കളുള്ളവർ, കാലം അനുകൂലമല്ലാത്തവർ, സത്യധർമ്മങ്ങൾ പാലിക്കാത്തവർ, ഇത്തരത്തിലുള്ള ഇരുപതു വിഭാഗത്തിൽപ്പെടുന്നവരേയും രാജാക്കൻമാരേയും, രാജകുലജാതരെയും സഹകരണത്തിലൂടെ വശത്താക്കാൻ ശ്രമിക്കരുതെന്ന് അറിയാമല്ലോ ഭരതാ

- പ്രകൃതി മണ്ഡലങ്ങളായി കണക്കാക്കുന്ന ഏഴെണ്ണം; രാജാവ്, മന്ത്രി, സുഹൃത്ത്, ഖജനാവ്, രാഷ്ട്രം, കോട്ട, സേന ഇവ രാഷ്ട്രത്തിന്റെ അവയവങ്ങളാണെന്നറിഞ്ഞ് നീ ഭരിക്കുന്നുണ്ടല്ലോ ഭരതാ
- നിന്റെ യാത്രയും, ശത്രുവുമായുള്ള അക്രമണ സംവിധാനങ്ങളും നീ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നുണ്ടല്ലോ ഭരതാ.
- സേനാവിന്യാസം, വ്യൂഹരചന, വിവിധ സൈന്യവിഭാഗങ്ങൾ ഇവയുടെയെല്ലാം സ്ഥിതിഗതികൾ നീ നിരന്തരം വിലയിരുത്തുന്നുണ്ടല്ലോ ഭരതാ
- സന്ധി വേണ്ടിടത്ത് സന്ധിയും യുദ്ധം വേണ്ടിടത്ത് യുദ്ധവും, എല്ലാം വസ്തുതാപരമായിത്തന്നെ അറിഞ്ഞുകൊണ്ടല്ലേ നീ മുന്നോട്ട് പ്രയാണം ചെയ്യുന്നത്?
- നന്മയുള്ളവരെ സ്വന്തം പക്ഷത്ത് നിലനിർത്തിയും തിന്മയുള്ളവരെ ത്യജിച്ചും, നല്ല ഗുണങ്ങളെ സ്വാംശീകരിച്ചും തിന്മകളെ തിരസ്ക്കരിച്ചുമാണല്ലോ നീ ഭരണചക്രം തിരിക്കുന്നത്?
- വിദ്വാനായ ഭരതാ ശാസ്ത്രം നിഷ്കർഷിക്കുന്നതു പോലെ മൂന്നോ നാലോ മന്ത്രിമാരെ ഒരുമിച്ചായോ ഒറ്റക്കായോ ചേർത്ത് ഓരോ കാര്യത്തെയുംക്കുറിച്ച് ചർച്ച ചെയ്തിട്ടാണല്ലോ നീ ഓരോ തീരുമാനങ്ങളുമെടുക്കുന്നത്. വേദാന്തർഗത സന്ദേശങ്ങളെ മുറുകെ പിടിച്ചുകൊണ്ടാണല്ലോ ഭരതാ ധന്യമായ ഭരണം നടത്തുന്നത്?
- നീ ലക്ഷ്യമിടുന്നതും ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ ലക്ഷ്യപ്രാപ്തി നേടുന്നുണ്ടല്ലോ?
- ദേശത്തിലെ സ്ത്രീകളെല്ലാം സൗഭാഗ്യവതികളും, സന്താനസൗഭാഗ്യങ്ങളുള്ളവരും ഭരണത്തിൽ സംതൃപ്തരുമാണല്ലോ?
- നിന്റെ ധർമ്മശാസ്ത്ര ജ്ഞാനത്തിൽ നീ വിനയാന്വിതനും നന്മ നിറഞ്ഞവനും ഗുണസമ്പുഷ്ടനുമായി സഫലമായ ജീവിതമാണല്ലോ നയിക്കുന്നത്?
- ഞാൻ പറഞ്ഞതെല്ലാം നിന്റെ ബുദ്ധിക്ക് നിരക്കാത്തതാണെന്ന് തോന്നുന്നുണ്ടോ?



Scanned with CamScanner

- ഞാൻ പറഞ്ഞതെല്ലാം ആയുരാരോഗ്യ സൗഖ്യത്തിനും, ധർമ്മാത്ഥർമ്മങ്ങളുടെ പൂർത്തീകരണത്തിനുമുള്ളതാണെന്ന് നിനക്ക് തോന്നുന്നുണ്ടല്ലോ?
- നമ്മുടെ പിതാവും പിതാമഹൻമാരും ഏതു മഹത്തായ പന്ഥാവുലൂടെയാണോ ചരിച്ച് ശ്രേയസ്കരമായ ജീവിതം നയിച്ചത് അതു നിനക്കും ശ്രേയസ്ക്കരമാണെന്ന് നിനക്ക് തോന്നുന്നുണ്ടല്ലോ ഭരതാ ?
- രഘുനന്ദനാ ! സ്വാദിഷ്ടമായ ഭക്ഷണം ഒരിക്കലും നീ ഒറ്റയ്ക്ക് ഭക്ഷിക്കുന്നില്ലല്ലോ ? അത്തരത്തിലുള്ള ഭക്ഷണത്തിൽ താൽപര്യമുള്ളവർക്കും നീ അതു പങ്കു വയ്ക്കുന്നുണ്ടല്ലോ?
- അല്ലയോ ഭരതാ ധാർമ്മികമായി ഞാൻ വിവരിച്ച കാര്യങ്ങളുടേയും കാരണങ്ങളുടേയും അടിസ്ഥാനത്തിൽ രാജ്യഭരണം നടത്തുന്നവർ രാജ്യത്തെ തന്റെ അധികാരത്തിൽ ധന്യമായി നിലനിർത്തി, കാലം തികയുമ്പോൾ ഈ ലോകത്തോട് വിടപറഞ്ഞ് സ്വർഗ്ഗലോകത്തിലെത്തുന്നു. എന്നു നീ അറിയണം.

# ലക്ഷ്മണോപദേശം

ഇത് വാത്മീകി രാമയണത്തിലെ അയോദ്ധ്യാ കാണ്ഠത്തിലെ നൂറാം സർഗ്ഗമാകുന്നു.

- പ്രിയ ലക്ഷ്മണാ ഈ ലോകത്തിൽ ഏറ്റവും ശ്രേഷ്ഠമായത് ധർമ്മമാകുന്നു.
- സത്യം പ്രതിഷ്ഠിച്ചിരിക്കുന്നത് ധർമ്മത്തിലാണെന്നറിയുക
- പിതാവ് നമുക്ക് നല്കിയതാണ് ധാർമ്മികമൂല്യങ്ങൾ അതെന്നും നമുക്ക് മാർഗ്ഗദർശകമായിരിക്കും.
- ധർമ്മ പന്ഥാവിലൂടെ ചരിക്കുന്നവർ മാതാവിന്റെയും പിതാവിന്റെയും ഗുരുവിന്റെയും വാക്കുകൾ പാലിക്കേണ്ടതാണ്.
- കഠോരമായ വാക്കുകൾ വികാര തീവ്രതയിൽ പ്രയോഗിക്കാതിരിക്കുക
- സ്വയം ധന്യമായി ചിന്തിച്ച് ധാർമ്മിക വഴിയിലൂടെ ചരിക്കുക
- അവനവന്റെ കർമ്മം ധന്യമായി പൂർത്തീകരിച്ച ഞാനും, ഹേ ലക്ഷ്മണാ, അയോദ്ധ്യയിലേയ്ക്ക് മടങ്ങിവരും. അതു കർത്തവ്യ. നിർവ്വഹണത്തിനു ശേഷം മാത്രം.
- ധീരനും പരാക്രമശാലിയുമായ ലക്ഷ്മണാ നീ ധർമ്മിഷ്ഠനായിതന്നെ തുടരുക.
- ദു:ഖത്തെ നിയന്ത്രിക്കാനും മനസ്സിലൊതുക്കാനും പഠിക്കണം
- മാതാപിതാക്കളുടെ നിർദ്ദേശം പാലിക്കേണ്ടത് നമ്മുടെ ധർമ്മമാണ്.
- നമ്മുടെ ദു:ഖവും ദേക്ഷ്യവും നമ്മെ തളർത്താതിരിക്കട്ടെ
- ഓരോ വ്യക്തിയും അനുഷ്ഠിക്കേണ്ട ധർമ്മമുണ്ട്. അതെല്ലാവർക്കും ബാധകവുമാണെന്നറിയുക.
- ഏതു കർമ്മത്തിലാണോ ധാർമ്മികതയില്ലാത്തത്. ആ കർമ്മം ധർമ്മമാകുന്നില്ലന്ന് അറിയണം
- ധാർമ്മികമൂല്യങ്ങളുളള കർമ്മങ്ങൾ നിരന്തരം ചെയ്തുകൊണ്ടേയിരിക്കണം.



Scanned with CamScanner

- സാമ്പത്തിക നേട്ടത്തിനു വേണ്ടി മാത്രം ചെയ്യുന്ന കർമ്മങ്ങൾ ധർമ്മത്തിന്റെ ഭാഗമാകുന്നില്ല. അധാർമ്മിക കർമ്മത്തിൽ ആകൃഷ്ടനായി ജീവിക്കുന്നതും പ്രായശ്ചിത്തമില്ലാത്ത തെറ്റാണ്
- നാം ഗുരുവായും, രാജാവായും, പിതാക്കളായും ഉയർന്നാലും വൃദ്ധർ എന്നും നമുക്ക് ആദരണീയരായി തീരണം.
- വൃദ്ധരുടെ ആഗ്രഹങ്ങളും ആജ്ഞയും അധാർമ്മികമായി തോന്നാമെങ്കിലും പാലിക്കേണ്ടത് ദൗത്യമാണ്.
- ധൈര്യത്തെ മുൻനിർത്തി നിന്റെ ദേഷ്യവും ദു:ഖവുമില്ലാതാക്കുക.
- മനസ്സിലുള്ള അപമാന ഭാരം നീക്കുക. സന്തോഷം കൊണ്ട് മനസ്സ് നിറയ്ക്കുക
- സന്തോഷകരമായ കർമ്മം ചെയ്യുന്ന ചാതുര്യത്തോടെ തന്നെ ധാർമ്മിക കാര്യങ്ങൾ ദു:ഖകരമാണെങ്കിലും ചെയ്യുക
- നമ്മളെ ദു:ഖിപ്പിച്ചവരെപ്പോലും ദു:ഖിപ്പിക്കാതിരിക്കുക. അവരുടെ മനസ്സിൽ നാം ഉണ്ടാക്കുന്ന ദു:ഖം ഒരിക്കലും സഹിക്കാനാകാത്തതാകും
- ചെറിയ തെറ്റുകൾപ്പോലും നമ്മിൽ നിന്നുണ്ടാകരുത്. അങ്ങനെ സംഭവിച്ചാൽ അതിനെപ്പറ്റി ദു:ഖിക്കേണ്ടിവരും
- സ്വന്തം കർമ്മങ്ങൾ നമ്മുടെ കൂടെയുള്ളവർക്ക് നന്മ വരുത്തുന്നതായിരിക്കണം അപ്പോൾ മാത്രമേ അതു ധർമ്മമായിതീരു
- പല തിന്മകളും വഴിമാറ്റങ്ങളും, കൈകേയിയുടെ മനം മാറ്റവുമെല്ലാം ഈശ്വരേച്ഛ യാണെന്ന് നാം അറിയണം
- അതു ഈശ്വരേച്ഛയല്ലെങ്കിൽ ഒരാൾ മറ്റൊരാളെ (കൈകയി എന്നെ) വലിയ ഒരു ദുരിതത്തിലേയ്ക്ക് തള്ളി വിടുമായിരുന്നില്ല.
- മക്കളായ നമുക്ക് മാതാക്കളോടും അവർക്ക് നമ്മോടും ഒരുതരത്തിലുള്ള ഭേദഭാവ വുമില്ലാതെ പെട്ടന്നിതുപോലെ സംഭവിക്കുന്നതാണ് ദൈവീകഹിതമെന്നു പറയുന്നത്.
- പലരും ചിന്തിക്കാത്ത പ്രവൃത്തിചെയ്യുന്നതിന്റേയും വാക്കുകൾ പ്രയോഗിക്കുന്നതി ന്റെയും എല്ലാം പുറകിൽ ഒരു നിമിത്തവും നിയതിയുമുണ്ടെന്ന് നാം തിരിച്ചറിയണം.
- നന്മ നിറഞ്ഞവർ ചിലപ്പേൾ തിന്മ നിറഞ്ഞതുപോലെ പറയുകയും പ്രവർത്തിക്കു കയും ചെയ്യുന്നത് പലപ്പേഴും ദാതാവിന്റെ തീയതി നിശ്ചയിക്കലാണ്
- ആരും പ്രതീക്ഷിക്കാത്തത് സംഭവിക്കുന്നതിനെയാണ് ഈശ്വര നിശ്ചയമെന്ന് കരുതുന്നത്. ലക്ഷ്മണാ
- ഈശ്വര നിശ്ചയം മാറ്റാൻ ഈ ലോകത്തിലെ ആർക്കും സാധ്യമല്ലതന്നെ.
- ഇതിനു പ്രത്യക്ഷതെളിവാണ് കൈകേയിയിലെ ബുദ്ധിയിലും വിവേകത്തിലും പെട്ടെന്നുണ്ടായ മാറ്റവും എന്റെ കൈയ്യിൽ വന്ന രാജ്യം ഭരതനിലേക്ക് പോയതും
- അല്ലയോ സുമിത്രാ നന്ദനാ കർമ്മഫലം എല്ലാവരും ഒരുപോലെ അനുഭവിച്ചേ



Scanned with CamScanner

മതിയാകു. അതു സുഖമായും വേദനയായും സന്തോഷമായും ദു:ഖമായും വന്നുകൊണ്ടിരിക്കും

- അല്ലയോ ലക്ഷ്മണാ കർമ്മഫലം തരുന്ന പ്രകൃതിയോട് യുദ്ധം ചെയ്യാൻ ആർക്കാണാകുക
- സുഖവും, ദു:ഖവും, ഭയവും, ദേഷ്യവും, ലാഭവും, നഷ്ടവും ഉല്പത്തിയും നാശവും പോലുള്ള പലതും സംഭവിക്കുന്നതിന് ഉത്തരവും കാരണവും കണ്ടെത്താൻ നമുക്കാകില്ല. അതാണ് ദൈവനിശ്ചയമെന്ന് നാം അറിയണം
- ഉഗ്ര തപസ്വികൾപ്പോലും ദൈവനിശ്ചയത്തിനടിമപ്പെട്ട് അവരുടെ തീവ്രസാധന വിട്ട് കാമത്തിലും ക്രോധത്തിലുംപ്പെട്ട് ഉഴലുന്നതും സാധാരണക്കാരെക്കാൾ നീചമായി പ്രവർത്തിക്കുന്നതും നമുക്ക് കാണാം, ലക്ഷ്മണാ.
- പറയാൻ പാടില്ലാത്തതെന്നറിയാവുന്നതും ഒരിക്കലും നാം ചിന്തിക്കാത്തതുമായ പലവാക്കുകളും നമ്മുടെ തലയിലുധിക്കുന്നതും ദൈവേച്ഛയാണ് ലക്ഷ്മണാ
- ചിന്തിച്ചുറപ്പിച്ച് ചെയ്യാൻ ആരംഭിച്ച ചില കാര്യങ്ങൾ ചെയ്യാതെ തികച്ചും മറ്റൊരു രീതിയിലേയ്ക്കു മാറുന്നതും, അത് ജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യുന്നതിന്റെ പിന്നിലും ഈ വിധിയാണ് ലക്ഷ്മണാ
- ഈ തത്ത്വം അതിഗഹനമായി മനസ്സിലാക്കിയതുകൊണ്ട് ഇപ്പോൾ സംഭവിച്ചതുപോലെയെല്ലാം സംഭവിക്കുന്നതിൽ എനിക്ക് ഒരു വ്യഥയുമില്ല. എന്റെ രാജ്യാഭിഷേകം നടന്നാലും ഇല്ലെങ്കിലും എന്റെ മനസ്സും ചിന്തയും അചഞ്ചലമാണെന്നറിയുക.
- ഈ വീക്ഷണം നിന്റെ ജീവിതത്തിലും പകർത്തി ഇപ്പോൾ നീ ചെയ്യേണ്ടതെല്ലാം ഊർജ്ജസ്വലനായി ചെയ്തു തീർക്കുക (രാജാഭിഷേകത്തിന്റെ ഒരുക്കങ്ങളെല്ലാം മാറ്റി കാനനയാത്രയ്ക്കുള്ള എന്റെ തയ്യാറെടുപ്പിന് വേണ്ടുന്നത് ചെയ്യുക)
- ലക്ഷ്മണാ രാജ്യാഭിഷേകത്തിനു തയ്യാറാക്കിയ കലശം എന്റെ വനയാത്രയ്ക്കുള്ള സ്നാനത്തിനായി ഉപയോഗിക്കാൻ തയ്യാറാക്കുക
- ലക്ഷ്മണാ നന്മ തിന്മകളെക്കുറിച്ച് പരിധിക്കപ്പുറം ദു:ഖിക്കാതിരിക്കുക. ദു:ഖിക്കുന്നത് ഒന്നിനും ഒരു പരിഹാരമല്ല
- എനിക്ക് രാജ്യസിംഹാസനരോഹണവും വനവാസത്തിനുള്ള പ്രയാണവും ഒരെപ്പോലെയാണെന്നറിയുക.
- ഞാൻ കൂടുതൽ ഗഹനമായി ചിന്തിക്കുമ്പോൾ എനിക്ക് മനസ്സിലാകുന്നു എന്റെ ജന്മ ലക്ഷ്യം ഈ വനയാത്രയിലൂടെ നിറവേറ്റണമെന്നും അതാണെനിക്ക് ശ്രേയസ്ക്കരമെന്നും
- ഈ നടന്നതിന്റെയെല്ലാം പിന്നിൽ എന്റെ ചെറിയമ്മയോ എന്റെ പിതാവോ അല്ല കാരണക്കാർ അവരിലൂടെ വിധിപ്രവർത്തിച്ചതാണെന്ന് നീ വ്യക്തമായിട്ടറിയണം
- പ്രകൃതിയുടെ അഥവാ ഈശ്വരന്റെ മായാവിലാസമാണിതെല്ലാം എന്നെനിക്കറിയാനാകുന്നതു പോലെ നീയുമറിയുമ്പോൾ ഇതൊന്നും നിന്നെ വേദനിപ്പിക്കില്ല



Scanned with CamScanner

**വിഷയത്തിലേക്ക് കടക്കുന്നതിന് മുമ്പ്............**

ജീവിതയഥാർത്ഥ്യങ്ങളെ പച്ചയായി കാണുകയും വിവരിക്കുകയും ചെയ്യുക. അതാണ് മനുഷ്യനെന്ന ജീവിയുടെ പരിധിയും, പരിമിതിയും, കഴിവുകളും, കഴിവുകേടുകളും എന്നറിയുക, അറിയിക്കുക, മനുഷ്യനിലെ പ്രക്ഷുബ്ധങ്ങളായ വികാര വിചാരങ്ങളെ ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ ഉത്തമമായ ഒരു മാർഗ്ഗം ഇതാണ്. ഭാരതീയ ചിന്തകന്മാരും ഋഷിവര്യന്മാരും ഇത്തരത്തിലുള്ള വിവരണങ്ങൾ ഉപനിഷത്തുകളിലും, പുരാണങ്ങളിലും ഇതിഹാസങ്ങളിലും നൽകിയിട്ടുണ്ട്. ചാണക്യനും, ശുക്രാചാര്യനും അനവധി ഉപദേശങ്ങളിലൂടെയും നൽകിയിട്ടുണ്ട്. ഭർത്തൃഹരിയുടെ ഉപദേശങ്ങളും വിശകലനങ്ങളും ഇന്നത്തെ മനുഷ്യന് വളരെയേറെ പ്രയോജനപ്പെടുന്നതാണ്.

തലക്കനം- അഹങ്കാരം- വാശി- അസൂയ- പക- മാത്സര്യം- എന്നിങ്ങനെ ഉറക്കംക്കെടുത്തുന്ന വൻ ഭാണ്ഡവുമായി നടക്കുന്ന അനവധി ബുദ്ധി ജീവികൾക്കും ബുദ്ധിജീവികളാണെന്ന് നടിക്കുന്ന പുരോഗമനവാദികൾക്കും, ലോകത്തെ ഒറ്റദിവസം കൊണ്ടുമാറ്റാനാഗ്രഹിക്കുന്ന യുക്തിവാദികൾക്കും സൈക്കോ സൊമാറ്റിക് (മനോരോഗം) രോഗികൾക്കും ഭർത്തൃഹരിയുടെ ഈ സന്ദേശങ്ങൾ ദിവ്യ ഔഷധമായിരിക്കും.

**ഡോ. എൻ. ഗോപാലകൃഷ്ണൻ**



Scanned with CamScanner

ശ്രദ്ധിച്ചു വായിക്കുക........! അവനവനെക്കുറിച്ച് അവനവന്റെ മനസ്സാക്ഷിയുടെ വരികളാണിവ..........

അനേകം പ്രതിബന്ധങ്ങളാൽ സഞ്ചാരയോഗ്യമല്ലാത്ത നാട്ടിൽ വട്ടം കറങ്ങി. നല്ല ജാതിയുടെയും കുലത്തിന്റെയും അഭിമാനം ഉപേക്ഷിച്ച് ഫലശൂന്യമായി ദാസ്യവൃത്തി ചെയ്തു. നാണമില്ലാതെ കാക്കയെപ്പോലെ ശങ്കിച്ച് ആരാന്റെ വീട്ടിൽച്ചെന്നു കിട്ടിയത് ഭക്ഷിച്ചു. പാപകർമ്മത്തിൽ മുഴുകിയിരിക്കുന്ന, നീയിപ്പോഴും ഞെളിയുന്നു; ഇത്രയൊക്കെയായിട്ടും നിനക്ക് തൃപ്തിയായില്ലല്ലോ!

നിധിയുണ്ടാകുമെന്നു കൊതിച്ച് ഭൂമിയെല്ലാം കുഴിച്ചുനോക്കി. പർവ്വതത്തിലെ മനയോല മുതലായ ധാതുക്കളെ ഇടിച്ചുപൊടിച്ച് സ്ഫുടം ചെയ്തു നോക്കി. പണം സമ്പാദിക്കാൻ വിദേശയാത്ര ചെയ്തു. വളരെ കഷ്ടപ്പെട്ട് രാജാക്കന്മാരെ സന്തോഷിപ്പിച്ചു നോക്കി. മന്ത്രത്തിലും ആരാധനയിലും മുഴുകിയ മനസ്സോടെ ചുടലപ്പറമ്പിൽ രാത്രി കഴിച്ചുകൂട്ടി. . ഇതൊക്കെച്ചെയ്തിട്ടും നയാപൈസ പോലും എനിക്കു കിട്ടിയില്ല.

ദുർജ്ജനങ്ങളുടെ പ്രലോഭനങ്ങൾ അവരെ തൃപ്തിപ്പെടുത്താനുള്ള വെമ്പലാൽ വിഷമപൂർവ്വം സഹിക്കേണ്ടി വന്നു. കണ്ണുനീർ ഉള്ളിലടക്കി നീറുന്ന മനസ്സോടെ ചിരിക്കുകയും ചെയ്തു. ദുർജ്ജനങ്ങളെ സന്തോഷിപ്പിക്കാൻ ഹൃദയത്തിൽത്തട്ടാത്ത ചിരി ചിരിച്ചു

ധനമദാന്ധന്മാരുടെ മുമ്പിൽ കൂപ്പുകൈയർപ്പിച്ചു. അത്യാഗ്രഹമേ നീ എന്നെക്കൊണ്ട് ഇനിയും എന്തൊക്കെ ചെയ്യിക്കാൻ പോകുന്നു?

താമരയിലയിലെ ജലകണം പോലെ നശ്വരമായ ഈ പ്രാണനെ നിലനിർത്താൻ വേണ്ടി ബുദ്ധികെട്ട ഞാൻ എന്തൊക്കെച്ചെയ്തു അതിനുവേണ്ടി, ധനമദത്താൽ ബുദ്ധി നശിച്ച പണക്കാരുടെ മുമ്പിൽ ലജ്ജയില്ലാതെ ആത്മപ്രശംസയാകുന്ന പാപം പോലും ചെയ്തു.

ക്ഷമയുണ്ടായി. എന്നാൽ അത് ശരിയായ ഇന്ദ്രിയനിഗ്രഹം കൊണ്ടല്ല. ഗൃഹോചിതമായ സുഖം ഉപേക്ഷിച്ചു. അത് വൈരാഗ്യം കൊണ്ടുണ്ടായ സന്തോഷത്തോടെയല്ല. അസഹ്യമായ ശീതവാതാദി ക്ലേശങ്ങൾ സഹിച്ചു. തപസ്സു ചെയ്തില്ല. പ്രാണനെ അടക്കി അഹോരാത്രം ധനചിന്തയിൽ മുഴുകി. എന്നാൽ ഈശ്വരചേവടിയെ ചിന്തിച്ചില്ല. മുനിമാർ എന്തൊക്കെ ചെയ്തുവോ അതൊക്കെ നാമും ചെയ്തു. ഫലമൊന്നും നമുക്കുണ്ടായില്ല.



Scanned with CamScanner

സുഖങ്ങളൊന്നും അനുഭവിക്കാൻ കഴിഞ്ഞില്ല. സുഖചിന്തയിൽ മുഴുകി ആ ചിന്ത നമ്മെത്തന്നെ കാർന്നുതിന്നു. മനനനിദിധ്യാസനാദികളൊന്നും ചെയ്തില്ല.

സംസാരദുഃഖത്തിൽ മുഴുകി നാം തന്നെ ആധിഗ്രസ്തരായി. അനന്തമായ കാലം പണ്ടേപ്പോലെ നിലകൊണ്ടു. എന്നാൽ നാം ഗൃഹാദിചിന്തയിൽ മുഴുകി ജീർണ്ണിച്ച മരണവക്ത്രത്തിലേയ്ക്ക് നീങ്ങി. ഇത്രയൊക്കെയായിട്ടും അത്യാഗ്രഹം ശമിച്ചില്ല.

വാർദ്ധക്യത്താൽ മുഖം ചുളിഞ്ഞു. നരകൊണ്ട് ശിരസ്സെല്ലാം വെളുത്തു. അവയവമൊക്കെ ദുർബലമാകുന്നു. അത്യാഗ്രഹം മാത്രം തടിച്ചുകൊഴുക്കുന്നു

വാർദ്ധക്യം കൊണ്ട് സുഖമനുഭവിക്കാനുള്ള ആഗ്രഹം നശിച്ചു. താനൊരു മനുഷ്യനാണെന്ന അഭിമാനംപോലും നശിച്ചു.

സമപ്രായക്കാരെല്ലാം മരിച്ചു പോയി. തന്നെ ജീവിതനിർവിശേഷം സ്നേഹിച്ചിരുന്ന സുഹൃത്തുകളും മരിച്ചുപോയി. തനിക്കാണെങ്കിൽ എഴുന്നേല്ക്കാൻ വടിയുടെ സഹായം വേണം. കണ്ണുകളുടെ കാഴ്ചയെല്ലാം നശിച്ചു. ശരീരം വെറുങ്ങലിക്കാൻ തുടങ്ങി. ആശ്ചര്യം! ഇത്രയൊക്കെ ആയിട്ടും മനുഷ്യൻ മരണത്തെ ഭയപ്പെടുന്നു.

ആശയെന്നത് ഒരു വലിയ നദിയാകുന്നു. ആഗ്രഹങ്ങൾ അതിലെ ജലമാണ്. തൃഷ്ണകൾ അതിലെ തിരമാലകളാണ്. രാഗക്രോധാദികൾ അതിൽ ഊളിയിടുന്ന മുതലകളാണ്. സംശയങ്ങൾ അതിൽ ചരിക്കുന്ന പക്ഷികളാണ്. അത് ധൈര്യമാകുന്ന വൃക്ഷത്തെ പിഴുതെറിയുന്നു. മോഹമാകുന്ന ചുഴികളാൽ ദുസ്തരമാണ് ആ നദി.

അത് വളരെ ആഴമുള്ളതും ഉയർന്നു നിൽക്കുന്ന ചിന്തകളാകുന്ന കരകളോടുകൂടിയതുമാണ്. അങ്ങനെയുള്ള ആ ആശാനദിയുടെ മറുകരപറ്റിയ പരിശുദ്ധചിത്തരായ ഋഷീശ്വരന്മാർ ആനന്ദമനുഭവിക്കുന്നു.

ഈ ലോകത്തിൽ ഫലേച്ഛയോടെയുള്ള പുണ്യാചരണം മംഗളകരമായി കണക്കാക്കുന്നില്ല. പുണ്യകർമ്മങ്ങളുടെ ഫലത്തെപ്പറ്റി ചിന്തിക്കുന്ന എനിക്ക് ഭയം തോന്നുന്നു. മഹത്തായ പുണ്യപരമ്പരകളെക്കൊണ്ട് വളരെക്കാലമായി സമ്പാദിച്ചിട്ടുള്ള സുഖാനുഭവങ്ങളും സംസാരികൾക്ക് ദുഃഖം ഉണ്ടാക്കാനേ കാരണമായിത്തീരുന്നുള്ളു.

വിഷയസുഖം വളരെക്കാലം അനുഭവിക്കാൻ തരപ്പെട്ടാലും തീർച്ചയായും അവ മനുഷ്യനെ വിട്ടുപിരിയും വിഷയങ്ങൾ സ്വയ

മൊഴിഞ്ഞാലും അവയെ ഒഴിപ്പിച്ചാലും വിയോഗമുണ്ടാവുമെന്നു തീർച്ച എന്നാൽ മനുജൻ തന്നിഷ്ടപ്രകാരം അവയെ ഉപേക്ഷിക്കുന്നില്ല

വിഷയങ്ങൾ മനുഷ്യാഭീഷ്ടത്തെവകവെയ്ക്കാതെ പിരിഞ്ഞു പോകുമ്പോൾ അവ അവന്റെ ഹൃദയത്തെ നോവിക്കുന്നു എന്നാൽ വിഷയങ്ങൾ അനിത്യങ്ങളാണെന്ന് കരുതി അവയെ സ്വയമുപേക്ഷിക്കുകയാണെങ്കിൽ അനന്തമായ ശാന്തിയും സുഖവുമുണ്ടാകുന്നു.

ജ്ഞാനം കൊണ്ടുണ്ടായ വിവേകത്താൽ പവിത്രമായ ബുദ്ധിയോടു കൂടിയ ജ്ഞാനികൾ ദുഷ്കരമായിട്ടുള്ളതും ചെയ്യുന്നു. ആശ്ചര്യം ! എന്തുകൊണ്ടെന്നാൽ ഉപഭോഗക്ഷമങ്ങളായ വസ്തുക്കളെപ്പോലും അവർ ഉപേക്ഷിക്കുന്നു. നമ്മളാവട്ടെ മുമ്പ് ഒരിക്കലും കിട്ടാത്തവയും ഇപ്പോഴും കിട്ടിയിട്ടില്ലാത്തവയും കിട്ടുമെന്ന് ഉറപ്പില്ലാത്തവയും ഭാവനയിൽ മാത്രം സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നവയുമായ വിഷയങ്ങളെപ്പോലും ഉപേക്ഷിക്കാൻ തീരെ സമർത്ഥരല്ല.

പർവതഗുഹകളിൽ വസിക്കുന്നവരും പരബ്രഹ്മത്തെ ധ്യാനിക്കുന്നവരുമായ ധന്യന്മാരായ ഋഷിമാരുടെ ആനന്ദാശ്രുകണങ്ങളെ അവരുടെ മടിയിൽ വസിക്കുന്ന പക്ഷികൾ യാതൊരു ഭയവുമില്ലാതെ പാനം ചെയ്യുന്നു. ഋഷിമാർ നിരുപ്രദ്രവികളും സ്നേഹസമ്പന്നരുമാണെന്ന് പക്ഷികൾക്കറിയാം അതുകൊണ്ടാണ് അവയ്ക്ക് ഭയമില്ലാത്തത്. എന്നാൽ മനസ്സുകൊണ്ട് മാളിക നിർമ്മിച്ച് കുളംകുത്തി ഉദ്യാനങ്ങൾ ഉണ്ടാക്കി അവയിൽ വിഹരിക്കാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ആയുസ്സ് അങ്ങനെ തേഞ്ഞുമാഞ്ഞ് നശിക്കുന്നു.

ഭിക്ഷകൊണ്ടാണ് ഉപജീവനം. അതും തീരെ രുചിയില്ലാത്തതും എപ്പോഴെങ്കിലും കിട്ടുന്നതുമാണ്. വെറും മണ്ണിലാണ് കിടപ്പ്. സ്വശരീരമാണ് ഭൃത്യന്റെ സ്ഥാനം വഹിക്കുന്നത്. വസ്ത്രം പഴകി ദ്രവിച്ച അസംഖ്യം തുണികഷ്ണങ്ങൾകൊണ്ട് കൂട്ടിക്കെട്ടിയുണ്ടാക്കിയതാണ്! കഷ്ടം! കഷ്ടം! ഇത്രയൊക്കെയായിട്ടും ജീവിതാശ വിട്ടുപിരിയുന്നില്ല.

കുചങ്ങൾ മാംസപിണ്ഡങ്ങളാണ്. എന്നിട്ടും കവികൾ അവയെ സുവർണ്ണ കുംഭങ്ങളായി ചിത്രീകരിച്ചു. മുഖം കഫാദികളുടെ ഉല്പത്തിസ്ഥാനമാണ്. അതിനേയും ചന്ദ്രനോടുപമിച്ചു. ജഘനം മൂത്രത്തിന്റെകിനിവുകൊണ്ട് നനഞ്ഞതാണ്. അതിനേയും ആനയുടെ മസ്തകത്തോട് ഉപമിച്ചു. അങ്ങനെ എപ്പോഴും നിന്ദ്യമായ രൂപത്തെ കവികൾ ശ്രേഷ്ഠമായി ചിത്രീകരിച്ചു.



Scanned with CamScanner

പാർവതിയുടെ പാതിദേഹത്തെ ഹരിച്ച ശിവൻ ഒരാൾമാത്രമാണ് അനുരാഗികളിൽ മുമ്പനായി ശോഭിക്കുന്നത്. വൈരാഗ്യമുള്ളവരിൽ ഇദ്ദേഹത്തെപ്പോലെ സ്ത്രീസാന്നിദ്ധ്യമുപേക്ഷിച്ചവനായി മറ്റൊരാൾ ഇല്ല. എന്നാൽ തടുക്കാൻ വയ്യാത്ത കാമബാണമാകുന്ന സർപ്പത്തിന്റെ വിഷബാധയേറ്റ് മയങ്ങിയ ബാക്കിയുള്ള ജനങ്ങൾ കാമന്റെ കളിപ്പാവകളായ വിഷയങ്ങളെ കൊള്ളാനോ തള്ളാനോ കഴിവുള്ളവരല്ല.

ശലഭം ചൂടെന്തെന്നറിയാത്തതുകൊണ്ട് ഘോരമായ തീയിൽ വീണുകൊള്ളട്ടെ. അറിവില്ലായ്മയാൽ മത്സ്യവും ചൂണ്ടലിൽ കോർത്ത മാംസം തിന്നട്ടെ. അറിയാത്തതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ഈ നാം അറിവുള്ളവരെങ്കിലും ആപത്തിൽ കുടുങ്ങിക്കറങ്ങുന്ന വിഷയങ്ങളെ ഉപേക്ഷിക്കുന്നില്ല വിവേകമുണ്ടായിട്ടും നാം വിഷയാസക്തരായി ആപത്തിൽപ്പെടുന്നു. അജ്ഞാനത്തിന്റെ മാഹാത്മ്യം അപാരം തന്നെ.

ദാഹം കൊണ്ട് തൊണ്ട വരണ്ടാൽ തണുപ്പുള്ള മധുരജലം കുടിക്കുന്നു. വിശന്നുവലഞ്ഞവൻ മാംസാദികൾ കലർന്ന ഊണു കഴിക്കുന്നു. കാമാവേശം വർദ്ധിക്കുമ്പോൾ കാമിനിയെ ഗാഢമായി പുണരുന്നു. രോഗത്തിനു ചികിത്സ സുഖഭോഗമാണെന്ന് ആളുകൾ തെറ്റിധരിക്കുന്നു.

മാളിക അംബുരചുംബിയാണ്. സന്താനങ്ങൾ സജ്ജനങ്ങളുടെ പ്രശംസയ്ക്കു പാത്രീഭൂതരാണ്. സമ്പത്തിന് കൈയ്യും കണക്കുമില്ല. പത്നി മംഗളസ്വരൂപിണിയാണ്. പുതുയൗവനവും. ഈ വിധം അജ്ഞാനത്താൽ അന്ധരാണ് ജനങ്ങൾ.

ഈ ലോകജീവിതം നിത്യമാണെന്നു കരുതി സംസാരമാകുന്ന ജയിലിൽ കഴിഞ്ഞുകൂടുന്നു. ജ്ഞാനിയാകട്ടെ അതെല്ലാം അനിത്യമാണെന്ന് കണ്ട് അവയെ പരിത്യജിക്കുന്നു.

വാടിയ മുഖത്തോടെ വിശന്നു കരയുന്ന കുട്ടികൾ എപ്പോഴും ഉടുതുണിയിൽ പിടിച്ചതുകൊണ്ട് ദുഃഖിതയും ഭക്ഷണം കഴിക്കാതെ വാടിത്തളർന്നവളുമായ ഗൃഹനായികയെ കൺമുമ്പിൽ കണ്ടില്ലായിരുന്നുവെങ്കിൽ ഹൃദയാലുവായ ഏതൊരാളാണ് ഇരന്നാൽ കിട്ടാതിരിക്കുമോ എന്ന ഭയത്താൽ ഇടറുന്ന തൊണ്ടയിൽ ചിന്നിച്ചിതറി അവ്യക്തമായ സ്വരത്തോടെ സ്വന്തം കുക്ഷി നിറയ്ക്കാൻ അന്യനോട് യാചിക്കുക?

ഒരാൾക്കവശ്യം വേണ്ട അഭിമാനത്തിന്റെ കെട്ടഴിക്കാൻ സമർത്ഥമായതും അഭിമാനത്തെ നശിപ്പിക്കുന്നതും മഹത്തായ ഗുണഗണങ്ങ



Scanned with CamScanner

ളാകുന്ന താമരപ്പൂക്കൾക്ക് ചന്ദ്രികയായിട്ടുള്ളതും (സകലവിധ ഗുണങ്ങളേയും നശിപ്പിക്കുന്നതും) പടർന്നുപന്തലിച്ച ലജ്ജയാകുന്ന വല്ലിയെ അരിഞ്ഞു വീഴ്ത്തുന്നതുമായ (ലജ്ജയെ നശിപ്പിക്കുന്നതുമായ) നിറയ്ക്കാൻ വിഷമമുള്ള വയറാകുന്ന ഈ പാത്രം മനുഷ്യനെ പരിഹാസപാത്രമാക്കുന്നു.

വേദജ്ഞരായ പണ്ഡിതരുടെ ഹോമംകൊണ്ട് പുകപിടിച്ച് ചെമ്പിച്ച സമീപപ്രദേശങ്ങളോടുകൂടിയ പരിശുദ്ധഗ്രാമപ്രദേശങ്ങളിലോ വലിയ വനത്തിലോ വെള്ളത്തുണികൊണ്ടു മൂടിയ ഭിക്ഷാപാത്രമേന്തി വിശന്നുവലയുന്ന അഭിമാനിയായ ഒരുവൻ സ്വഉദരപൂരണത്തിന് ഓരോ പടിക്കലും ചെന്ന് ഭിക്ഷാശനം കൊണ്ട് പ്രാണനെ നിലനിർത്തുന്നത് ഉചിതമായിട്ടുള്ളതാണ്. ദിവസവും ബന്ധുക്കളുടെ ഇടയിൽ ദീനനായി ഇരന്നു ജീവിക്കുന്നത് അത്യന്തം ശോചനീയമായിട്ടുള്ളതാണ്.

ഗംഗാജലകണങ്ങളാൽ ശീതളങ്ങളും വിദ്യാധരന്മാരുടെ നിവാസം കൊണ്ട് മനോഹരങ്ങളുമായ പാറകളോടു കൂടിയവയുമായ ഹിമവാനിലെ പുണ്യഭൂമികൾ നശിച്ചുപോയോ ? അല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ് മനുഷ്യർ അപമാനപൂർവ്വം നൽകപ്പെടുന്ന പരാന്നത്തിൽ തത്പരരായത്?

പർവ്വതഗുഹകളിൽ നിന്നു കിഴങ്ങുകൾ അമ്പേ നശിച്ചു പോയോ? അതുപോലെ മലകളിൽനിന്ന് നീരുറവകളും വൃക്ഷങ്ങളിൽ നിന്ന് മധുരഫലങ്ങൾ കായ്ക്കുന്നതും മരവുരികൾ നൽകുന്ന ശാഖകളും അറ്റുപോയോ? ഇല്ലെങ്കിൽ പിന്നെ എന്തിനാണ് (ജനങ്ങൾ) തീരെ വിനയമില്ലാത്ത ദുഷ്പ്രഭുക്കളുടെ അല്പധനം കൊണ്ടുണ്ടായ ഗർവിനാൽ ചുളിഞ്ഞ പുരികങ്ങളോടുകൂടിയ മുഖങ്ങൾ നോക്കുന്നത്?

ഇപ്പോൾ പരിശുദ്ധമായ കിഴങ്ങുകൾകൊണ്ടും പഴങ്ങൾ കൊണ്ടും ഏറ്റവും സന്തോഷത്തോടെ ജീവിക്കുക. മൃദുവായ ഇളംതളിരുകളാൽ ഭൂമിയിൽ കിടക്ക വിരിക്കുക. എഴുനേല്ക്കു, നമുക്കു കാട്ടിലേയ്ക്കു പോകാം. അവിടെ നികൃഷ്ടന്മാരും അജ്ഞതകൊണ്ട് അന്ധമായ മനസ്സോടുകൂടിയവരും ധനമദത്താൽ ഇടറുന്ന വാക്കുകളോടുകൂടിയവരുമായ പ്രഭുക്കന്മാരുടെ പേർപോലും കേൾക്കുകയില്ല.

വനംതോറും വിഷമം കൂടാതെ വൃക്ഷങ്ങളുടെ പഴം ഇഷ്ടം പോലെ ലഭിക്കും. എല്ലായിടത്തും പുണ്യനദികളിലെ തണുപ്പുള്ള സ്വാദുജലമുണ്ട്. വളരെ മാർദ്ദവമുള്ള ചാരുപല്ലവങ്ങൾകൊണ്ട് ഉണ്ടാക്കിയ കിടക്കയുണ്ട്. എന്നിട്ടും ദയനീയരായി പണക്കാരുടെ പടിക്കൽ നിന്നു ദുഃഖം സഹിക്കുന്നു.



Scanned with CamScanner

ആരൊക്കെ പണക്കാരുടെ മുമ്പിൽ യാചനാദുഃഖം അനുഭവിച്ചു കൊണ്ടിരിക്കുന്നു. അപ്രകാരം ആരൊക്കെ ഭോഗേച്ഛയാൽ ചഞ്ചല ബുദ്ധികളായവരുടെ ദൃഷ്ടിയിൽ അല്പന്മാരായിത്തീരുന്നു. അങ്ങനെയുള്ളവർ കഴിച്ചുകൂട്ടിയ ദുർദിനങ്ങളെപ്പറ്റി ധ്യാനാവസാനത്തിൽ പർവതഗുഹയിലെ പാറക്കിടക്കയിൽ ഇരുന്നുകൊണ്ട് ഉള്ളിൽ കിളിർത്ത മന്ദഹാസത്തോടെ ഞാൻ ഓർമ്മിക്കട്ടെ!

ദൈവേച്ഛയാ കിട്ടുന്ന ധനം കൊണ്ടു തൃപ്തരായവർക്ക് ആനന്ദമില്ലാതാവുന്നില്ല. ധനത്തിലുള്ള ആഗ്രഹം കൊണ്ട് ബുദ്ധി കലങ്ങിയിട്ടുള്ളവർക്ക് അത്യാഗ്രഹം ഒരിക്കലും ശമിക്കുന്നില്ല. അവർക്ക് സംതൃപ്തിയുണ്ടാകുന്നില്ല. ഇങ്ങനെയാകുമ്പോൾ പിന്നെ സമ്പത്തിന്റെ അധിവാസ കേന്ദ്രവും തനിയ്ക്കുമാത്രം പ്രയോജനപ്പെടുന്ന സുവർണ്ണ മാഹാത്മ്യത്തോടു കൂടിയതുമായ ആ പ്രസിദ്ധമായ മഹാമേരുപർവ്വതം ഞാൻ ഇഷ്ടപ്പെടുന്നില്ല.

ആത്മാരാമന്മാരായ ഋഷീശ്വരന്മാർ ഭിക്ഷാഹാരത്തെ, ദീനഭാവമേശാത്തതും അതീവ സുഖപ്രദമായിട്ടുള്ളതും, എല്ലാപ്രകാരത്തിലും ഭയത്തെ നശിപ്പിക്കുന്നതും മാത്സര്യം മദം അഭിമാനം മുതലായ ദുർഗുണങ്ങളെ നശിപ്പിക്കുന്നതും, എല്ലാവിധ ദുഃഖങ്ങളേയും പിഴുത് എറിയുന്നതും എല്ലായിടത്തുനിന്നും ദിനംതോറും ക്ലേശമില്ലാതെ ലഭിക്കന്നതും സജ്ജനപ്രിയവും പരിശുദ്ധമായിട്ടുള്ളതും ആരാലും തടുക്കപ്പെടാൻ വയ്യാത്തതും നാശമില്ലാത്ത നിധിയുമായി പ്രശംസിക്കുന്നു.

സുഖാനുഭവം രോഗത്തേയും സദ്വംശം ആചാരഭ്രംശത്തേയും ധനം രാജാവിനേയും മാന്യത ദൈന്യത്തേയും ബലം (ശക്തി) ശത്രുവിനേയും സൗന്ദര്യം വാർദ്ധക്യത്തേയും ശാസ്ത്രജ്ഞാനം വാദിയേയും വിദ്യാവിനയാദിഗുണം ദുർജനത്തേയും ശരീരം കാലനേയും ഭയപ്പെടുന്നു. ഈ ലോകത്തിൽ മനുഷ്യർക്ക് ഭയരഹിതമായി ഒന്നും തന്നെയില്ല.

ജന്മം മൃത്യുവിനാൽ ഗ്രസിക്കപ്പെട്ടിരിക്കുന്നു. (ജനിച്ചാൽ മരണം നിശ്ചയമാണല്ലോ) സൗന്ദര്യം വഴിഞ്ഞൊഴുകുന്ന യൗവനം വർദ്ധക്യത്താൽ ഗ്രസിക്കപ്പെട്ടിരിക്കുന്നു. മനഃസൗഖ്യം ധനസമ്പാദനേച്ഛയാൽ ആക്രമിക്കപ്പെട്ടു. (ധനലിപ്ന മനഃസൗഖ്യത്തെ നശിപ്പിച്ചു.) തരുണീമണികളുടെ വിലാസങ്ങൾ മനഃശാന്തിയെ നശിപ്പിച്ചു. അസൂയാലുക്കൾ വിനയാദിഗുണങ്ങളെ നശിപ്പിച്ചു. സർപ്പങ്ങൾ പുണ്യവനത്തെ തീണ്ടി.



Scanned with CamScanner

ഏഷണിക്കാരാൽ രാജാക്കന്മാരും അസ്ഥിരസ്വഭാവത്താൽ സമ്പത്തുകളും നശിപ്പിക്കപ്പെട്ടു. ഈ ലോകത്തിൽ മറ്റൊന്നിന്റെ ബാധയേല്ക്കാത്തതായി എന്താണ് ഉള്ളത് ?

പല പ്രകാരത്തിലുള്ള ആധിവ്യാധികളാൽ മനുഷ്യന്റെ ആരോഗ്യം തകർന്നുപോകുന്നു. എവിടെ സമ്പത്തുണ്ടോ അവിടെ ആപത്തുകൾ മേല്ക്കുമേൽ വന്നു ചേരുന്നു. മരണം പരാധീനമായിരിക്കുന്ന ഓരോ ജീവജാലത്തേയും വേഗത്തിൽ വിഴുങ്ങുന്നു. അങ്ങനെ ആ അധൃഷ്യനായ ബ്രഹ്മാവ് സൃഷ്ടിച്ച എന്തൊന്നാണ് സ്ഥിരമായിട്ടുള്ളത്?

സുഖാനുഭവങ്ങളെല്ലാം ജലതരംഗങ്ങൾപോലെ അസ്ഥിരങ്ങളും ക്ഷണികങ്ങളുമാണ്. ജീവനും ക്ഷണനശ്വരമാണ്. സ്ത്രീകളെ ആശ്രയിച്ചിരിക്കുന്ന യൗവനത്തിന്റെ സുഖാനുഭവം ചിരകാലം നീണ്ടുനിൽക്കുന്നതല്ല. അതുകൊണ്ട് അജ്ഞജനങ്ങളെ ഉപദേശിക്കാൻ കഴിവുള്ള വിദ്വാന്മാരേ, ഈ ജീവിതത്തെ പൊള്ളയായിക്കരുതി സദയം പരിതജനങ്ങളെ സമുദ്ധരിക്കാനായി ബുദ്ധിപൂർവ്വം പ്രയത്നിച്ചാലും.

ജീവജാലങ്ങൾ അനുഭവിക്കുന്ന സുഖങ്ങളെല്ലാം മേഘങ്ങളുടെ ഇടയിൽ പ്രകാശിക്കുന്ന മിന്നൽപ്പിണരുപോലെ ക്ഷണികങ്ങളാണ്. ആയുസ്സ് കാറ്റിലുലഞ്ഞ താമരത്താളിലെ ജലകണം പോലെ നശ്വരമായിട്ടുള്ളതാണ് യൗവനകാലത്തെ മോഹനസ്വപ്നങ്ങളെല്ലാം ചഞ്ചലങ്ങളാണ് ഇക്കാര്യങ്ങളെല്ലാം അറിഞ്ഞ് അല്ലയോ വിദ്വന്മാരേ, വേഗം സുസ്ഥിരമായ ബ്രഹ്മധ്യാനത്തിൽ മുഴുകിയിരുന്നാലും.

ആയുസ്സ് കൊച്ചോളംപോലെ ചഞ്ചലമായിട്ടുള്ളതാണ്. യൗവനത്തിന്റെ ലാവണ്യം ഏതാനും ദിവസങ്ങൾ മാത്രമേ നിലനിൽക്കൂ. ധനം സങ്കല്പതുല്യമാണ്. (വന്നും പോയും ഇരിക്കും.) വിഷയജാങ്ങളെല്ലാം വർഷകാലത്തിലെ ഇടിമിന്നൽപോലെ ക്ഷണഭംഗുരങ്ങളാണ്. സത്രീകളുടെ കണ്ഠഗ്രഹണപൂർവ്വമുള്ള ആലിംഗനവും ചിരസ്ഥായിയല്ല. (അതുകൊണ്ട്) സംസാരസാഗരത്തിന്റെ മറുകര പറ്റുവാൻ ബ്രഹ്മധ്യാനത്തിൽ മുഴുകി ഇരുന്നാലും.

ഗർഭത്തിൽ വസിക്കുന്ന കാലത്ത് മലമൂത്രാദികളുടെ നടുക്ക് ശരീരമൊതുക്കിക്കൊണ്ട് വിഷമിച്ചിരിക്കുന്നു. യൗവനത്തിലെ സുഖമാകട്ടെ പ്രിയതമാവിരഹംകൊണ്ട് ദുഃഖകലുഷിതവുമായിരിക്കും. സുന്ദരിമാരുടെ അവജ്ഞാപൂർവ്വമായ പരിഹാസങ്ങൾക്ക് പാത്രമായ വാർദ്ധക്യവും അത്ര നല്ലതല്ല, (അതുകൊണ്ട്) അല്ലയോ മനുഷ്യരേ, ഈപ്രാപഞ്ചിക ജീവിതത്തിൽ അല്പമെങ്കിലും സുഖമുണ്ടോ? പറഞ്ഞാലും.



Scanned with CamScanner

വാർദ്ധക്യം പുലിയെപ്പോലെ ഭീഷണിപ്പെടുത്തിക്കൊണ്ടു നില്ക്കുന്നു, രോഗങ്ങളും ശത്രുക്കളെപ്പോലെ ദേഹത്തെ പീഡിപ്പിക്കുന്നു. പൊട്ടിയ പാത്രത്തിൽ നിന്ന് ജലം എന്നപോലെ ആയുസ്സ് ചോർന്നു പോകുന്നു. ഇതൊക്കെ കണ്ടിട്ടും മനുഷ്യൻ അഹിതകർമ്മം ആചരിക്കുന്നു എന്നത് വിചിത്രമായിരിക്കുന്നു.

സുഖാനുഭവങ്ങളെല്ലാം ക്ഷണികങ്ങളും നാനാമുഖങ്ങളുമാണ്, അവയാൽത്തന്നെയാണ് മനുഷ്യൻ ഈ സംസാരദുഃഖം അനുഭവിക്കുന്നതും അതുകൊണ്ട് അല്ലയോ മനുഷ്യരേ, ഈ ലോകത്തിൽ എന്തു സുഖം അനുഭവിക്കാനാണ് നിങ്ങൾ ചുറ്റിക്കറങ്ങുന്നത്? കൂടുതൽ അലയേണ്ട, ഈയുള്ളവന്റെ വാക്ക് സ്വീകാര്യമെങ്കിൽ അഭിലാഷങ്ങളുടെ ചരടറ്റതുകൊണ്ട് നിർമ്മലമായ ഹൃദയത്തെ കാമവികാരത്തിൽ നിന്നും പിന്തിരിപ്പിച്ച്, സത്യസാക്ഷാത്കാരത്തിന് ആഗ്രഹമുണ്ടാക്കി ബ്രഹ്മത്തിൽ ലയിപ്പിച്ചാലും.

എവിടെ ഇരുന്നാൽ ദേവന്മാരെപ്പോലും നിസ്സാരന്മാരായി കരുതുന്നുവോ യാതൊന്നിന്റെ രുചികൊണ്ട് മൂന്നുലോകത്തിന്റേയും അധീശത്വംകൊണ്ടുണ്ടാകുന്ന സമ്പത്തുകൾപോലും വിരസങ്ങളായി അനുഭവപ്പെടുമോ അനിർവാച്യവും സർവ്വോത്കൃഷ്ടവും നിത്യേന അഭ്യുദയം ഉണ്ടാകുന്നതുമായ ആ ഒരേ ആത്മ സംതൃപ്തി രൂപമായ ഭോഗം മാത്രമാണ് അഭികാമ്യമായിട്ടുള്ളത്. ഹേ സജ്ജനമേ വേഗം നശിക്കുന്ന മറ്റു സുഖങ്ങളിലൊന്നും ആഗ്രഹം വെയ്ക്കരുത്.

ആ മനോഹരമായ രാജധാനിയും ആ മഹാനായ രാജാവും അദ്ദേഹത്തിന്റെ കീഴിലുള്ള ആ സാമന്തരാജാക്കന്മാരും, അദ്ദേഹത്തിന്റെ ചുറ്റുമുണ്ടായിരുന്ന ആ പണ്ഡിതസദസ്സും, ആ സുന്ദരിമാരും, മദമത്തന്മാരായ ആ രാജനന്ദനന്മാരും ആ സ്തുതിപാഠകന്മാരും അവർ പാടിയിരുന്ന ആ കഥകളും എല്ലാം തന്നെ ആരുടെ പ്രഭാവം കൊണ്ടു നശിച്ചുവോ ആ കാലത്തിന് നമസ്കാരം.

ഏതു വീട്ടിൽ ഒരിക്കൽ അനേകം പേർ വസിച്ചിരുന്നുവോ അവിടം പിന്നീട് ഒരുവന്റെ വാസസ്ഥാനമായി മാറുന്നു. എവിടെ ഒരാൾ മാത്രം വസിച്ചിരുന്നുവോ പിന്നീടവിടെ വളരെ പേർ വസിക്കുന്നു. അവസാനം അവിടെ ആരും ഇല്ലാതാകുന്നു. ഇപ്രകാരം പടുവായ കാലം ലോകമാകുന്ന പലകയിൽ ചൂതുകളിയിലെ രണ്ടുപകരണങ്ങളെപ്പോലെ കറങ്ങിക്കൊണ്ടിരിക്കുന്ന രാപ്പകലുകളെപ്പോലെ മാറ്റി മാറ്റി ജീവജാലങ്ങളെക്കൊണ്ടു ചൂതാടുന്നു.

സൂര്യന്റെ ഉദയാസ്തമനങ്ങളെക്കൊണ്ട് പ്രതിദിനം ജീവിതം ക്ഷയിക്കുന്നു. വളരെ ഗൗരവമുള്ള അസംഖ്യം കാര്യങ്ങൾ ചെയ്തുതീർക്കാനുള്ളതുകൊണ്ട് കാലം പോകുന്നതറിയുന്നില്ല. ജനനം, വാർദ്ധക്യം, ആപത്തുകൾ, മരണം ഇവയൊക്കെ കണ്ടിട്ടും ഞെട്ടൽ ഉണ്ടാകുന്നില്ല. ലോകം ബുദ്ധിയെ മയക്കുന്ന രൂപത്തിലുള്ള പ്രമാദമാകുന്ന മദ്യം പാനം ചെയ്ത് മദമത്തമായിരിക്കയാണ്.

രാത്രി ഇന്നലത്തേതുപോലെതന്നെ പിന്നെ പകലും അതുപോലെതന്നെ എന്നു കരുതി ജീവജാലങ്ങൾ ഉത്സാഹപൂർവ്വം പണ്ടേപ്പോലെ തന്മയീ ഭാവത്തോടെ ഓരോ വ്യാപാരത്തിലേർപ്പെട്ട് ചെയ്തതുതന്നെ ചെയ്തുകൊണ്ട് വെറുതേ വട്ടം കറങ്ങുന്നു. ഇത്തരത്തിലുള്ള ഈ പ്രവർത്തനങ്ങൾകൊണ്ട് ജീവിതം നിഷ്ഫലമാക്കിത്തീർത്ത നാം അജ്ഞതകൊണ്ട് ലജ്ജിക്കുന്നില്ല! ആശ്ചര്യംതന്നെ.

പ്രതിവാദിസമൂഹത്തിന്റെ ഗർവ്വടക്കാൻ സമർത്ഥമായിട്ടുള്ളതും വിനീതന്മാർക്ക് ഉചിതമായിട്ടുള്ളതുമായ വിദ്യ അഭ്യസിച്ചില്ല. ഗജങ്ങളുടെ മസ്തകത്തെ പിളർക്കുന്ന വാളുകൾകൊണ്ട് കീർത്തിയെ സ്വർഗ്ഗത്തിലേയ്ക്കെത്തിച്ചില്ല. (പൗരുഷപരാക്രമങ്ങൾകൊണ്ട് നാടെങ്ങും കീർത്തി പരത്തിയില്ല.) ചന്ദ്രോദയവേളയിൽ പ്രിയയുടെ മനോഹരമായ തളിർച്ചുണ്ടിലെ രസം നുകർന്നില്ല. ശൂന്യ ഗൃഹത്തിലെ ദീപം പോലെ യൗവനം നശിച്ചു കഷ്ടം!

നിഷ്കളങ്കമായ വിദ്യ അഭ്യസിച്ചില്ല ധനവും സമ്പാദിച്ചില്ല. ശ്രദ്ധപൂർവ്വമായ മനസ്സോടെ മാതാപിതാക്കളെ പരിചരിച്ചുമില്ല. സുന്ദരിമാരായ സ്ത്രീകളെ സ്വപ്നത്തിലും ആലിംഗനം ചെയ്തില്ല. പരാന്നം ഭക്ഷിക്കാനുള്ള കൊതിയാൽ കാക്കകളെപ്പോലെ നാം കാലമങ്ങനെ കഴിച്ചു.

നാം ആരിൽ നിന്ന് ജനിച്ചുവോ അവരെല്ലാം പഴമയുടെ ഓർമ്മക്കാരായി. (അവർ എന്നോ മരിച്ചു പോയി.) നാം ആരോടൊപ്പം വളർന്നുവോ അവരും ഓർമ്മിക്കപ്പെടേണ്ടവരായി. (അവരും അന്തരിച്ചു.) ഇപ്പോൾ ഈ നമ്മൾ നദിയുടെ തീരത്തു നില്ക്കുന്ന വൃക്ഷങ്ങളെന്നപോലെ ദിവസംതോറും മരിക്കാൻ തയ്യാറെടുത്തു നില്ക്കുകയാണ്.

മനുഷ്യായുസ്സ് നൂറുവർഷമാണെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതിന്റെ പകുതിഭാഗം രാത്രിയിൽ കഴിഞ്ഞുപോയി. മറ്റേ പകുതിയുടെ നേർപകുതി ബാല്യാവസ്ഥയിലും വൃദ്ധാവസ്ഥയിലും കഴിഞ്ഞുപോയി. വിയോഗദുഃഖം മുതലായവയോടു കൂടിയ ബാക്കിഭാഗം ജവിതവ്യാപാരങ്ങളിൽ മുഴുകി കഴിച്ചുകൂട്ടുന്നു. വെള്ളത്തിലെ തരംഗങ്ങൾ പോലെ



Scanned with CamScanner

ചഞ്ചലമായ ജീവിതത്തിൽ ജീവികൾക്ക് എന്തു സൗഖ്യമാണ് ഉള്ളത്?

അല്പകാലം ശിശുവായും അല്പകാലം ശൃംഗാര രസത്തിൽ മുഴുകിയ യുവാവായും കുറച്ചുകാലം ദരിദ്രനായും കുറച്ചുകാലം ധനികനായും വാർദ്ധക്യവികലമായ അംഗങ്ങളോടും ചുളിഞ്ഞു മെലിഞ്ഞ ശരീരത്തോടും കൂടി മനുഷ്യൻ നടൻ എന്നപോലെ ജീവിതാവസാനം കാലപുരിയിലെ തിരശ്ശീലയ്ക്കുള്ളിൽ മറയുന്നു.

അങ്ങ് രാജാവാണെങ്കിൽ ഞങ്ങളും ഗുരൂപാസനകൊണ്ടു സ്വായത്തമാക്കിയ ബുദ്ധിയിൽ അഭിമാനിക്കുന്നവരും ഉത്കൃഷ്ടന്മാരുമാണ്. അങ്ങ് സമ്പത്തുകൊണ്ട് പ്രസിദ്ധനാണെങ്കിൽ കവികൾ ഞങ്ങളുടെ യശസ്സിനെ ദിഗന്തങ്ങളിൽ എത്തിക്കുന്നു. ഇങ്ങനെ നമുക്കു തമ്മിലുള്ള അന്തരം മാനധനങ്ങളെ ആശ്രയിച്ച് വളരെ വിപുലമായിട്ടുള്ളതാണ്. അതുകൊണ്ട് അങ്ങ് ഞങ്ങളുടെ നേരേ അശ്രദ്ധനാണെങ്കിൽ ഞങ്ങളും അങ്ങയുടെ നേരെ അപ്രകാരം നിസ്പൃഹന്മാരാണ്.

അങ്ങ് ധനപതിയാണ്. ഞങ്ങളും തികച്ചും വാക്പതികളാണ്. അങ്ങ് ശൂരനാണ്. പ്രതിവാദിയുടെ അഹങ്കാരം ശമിപ്പിക്കാൻ തികച്ചും ഞങ്ങൾക്ക് കഴിവുണ്ട്. പണക്കാർ അങ്ങയെ സേവിക്കുന്നു. ഹൃദയത്തിലെ അജ്ഞാനം നശിപ്പിക്കാൻ ശ്രോതാക്കൾ എന്നേയും സേവിക്കുന്നു. അങ്ങയ്ക്ക് എന്നിൽ ഒട്ടും താത്പര്യമില്ലെങ്കിൽ ഹേ രാജാവേ, എനിക്കങ്ങയിൽ ലേശം പോലും താത്പര്യമില്ല.

ഞങ്ങൾ മരവുരികൊണ്ടു സന്തുഷ്ടരാണ്. അങ്ങ് പട്ടുവസ്ത്രകൊണ്ടേ സന്തോഷിക്കുന്നുള്ളു. രണ്ടുകൂട്ടരുടേയും സംതൃപ്തി ഏതാണ്ടൊരു പോലെയാണ്. വ്യത്യാസമുണ്ടെന്നു പറയാൻ വയ്യ. എന്നാൽ, ആർക്കാണോ അതിയായ തൃഷ്ണയുണ്ടാവുന്നത് അവൻ ദരിദ്രനെന്നു പറയട്ടെ. മനസ്സിന്നാനന്ദമുണ്ടാവുമ്പോൾ ധനികനാര്? ദരിദ്രനാര്?

ഫലം ഭക്ഷിക്കാൻ പര്യാപ്തമായുണ്ട്. കുടിക്കാൻ മധുരജലമുണ്ട്. കിടക്കാനാണെങ്കിൽ ഭൂമിയുണ്ട്. ഉടുക്കാൻ മരവുരിയുമുണ്ട്. ധനാർജ്ജനത്തിലും മദ്യപാനത്തിലും മുഴുകി ബുദ്ധികെട്ട ദുർജനങ്ങളുടെ ദുർനയത്തെ വകവെച്ചുകൊടുക്കാൻ ഞാൻ തയ്യാറില്ല.

ഞങ്ങൾ ഭിക്ഷാന്നം ഭക്ഷിക്കും. ദിഗംബരന്മാരായി വർത്തിക്കും. വെറും നിലത്തു കിടക്കും. പ്രഭുക്കന്മാരെക്കൊണ്ട് ഞങ്ങൾക്കെന്തു വേണം?



Scanned with CamScanner

ഞങ്ങൾ വിവിധ വേഷധാരികളായ നടന്മാരല്ല; വിടകന്മാരുമല്ല (നായികാനായകന്മാരെ കൂട്ടിയിണക്കുന്നവരാണ് വിടന്മാർ.) പാട്ടുകാരുമല്ല. അസഭ്യം പറഞ്ഞ് സാധാരണക്കാരെ മയക്കുന്നവരും അല്ല കുചഭാരത്താൽ കുനിഞ്ഞ സ്ത്രീകളുമല്ല ഞങ്ങൾ. മുൻപറഞ്ഞ വിധത്തിലെല്ലാം രാജാവിനെ വീക്ഷിക്കാൻ ഞങ്ങൾ ആരാണ്?

പണ്ട് ഉദാരമതികളും ധന്യരുമായ ചിലർ ഈ ലോകത്തെ ധർമ്മാചാരപൂർവ്വം നിലനിർത്തി, മറ്റുചിലർ അതിനെ നല്ലപോലെ പരിപാലിച്ചു. വേറെ ചിലർ ഈ ഭൂമണ്ഡലത്തെ കീഴടക്കി പുല്ലുപോലെ അർത്ഥികൾക്കായി ദാനം ചെയ്തു. ഇപ്പോൾ മറ്റു ചില ധീരന്മാർ പതിന്നാലു ലോകങ്ങളും അടക്കി അനുഭവിക്കുന്നു. ഏതാനും പട്ടണങ്ങളുടെ ആധിപത്യം കൊണ്ട് മനുഷ്യൻ എന്തിനു ഞെളിയുന്നു?

രാജാക്കന്മാരുടെ അധീശത്വത്തിൽ നിന്ന് വിട്ടൊഴിഞ്ഞ ഒരു നിമിഷവും ഈ ഭൂമിയ്ക്ക് ഉണ്ടായിട്ടില്ല. (ഇതേവരെ നിരന്തരമായി ഈ ഭൂമിയെ രാജാക്കന്മാർ ഭരിച്ചുവന്നു.) അങ്ങനെയുള്ള ഭൂമിയെ ഭരിക്കാൻ തരമായാൽ പ്രത്യേകിച്ച് രാജാക്കന്മാർക്ക് എന്തൊരു കൃതാർത്ഥതയ്ക്കാണ് അവകാശമുള്ളത്! എന്നാൽ ആ ഭൂമിയുടെ ഒരംശത്തിന്റെ ഒരു കോണിലും അധീശരായിരിക്കുന്ന മന്ദന്മാർ ഭൂമണ്ഡലത്തിന്റെ മുഴുവൻ അധീശരായില്ലല്ലോ എന്നോർത്തു വിഷാദിക്കേണ്ടതിനുപകരം ആനന്ദിക്കുകയാണ്.

സമുദ്രാകാരരൂപത്തിലുള്ള വെള്ളത്താൽ ചുറ്റപ്പെട്ട ഇക്കാണപ്പെടുന്ന എല്ലാ മൺകട്ടയും (ഭൂമിയും) ബ്രഹ്മാണ്ഡഭാണ്ഡത്തിലെ ഏറ്റവും നിസ്സാരമായ ഒരണുവല്ലേ? അതിനെ അനേകം യുദ്ധങ്ങൾ കൊണ്ട് കീഴമർത്തി രാജാക്കന്മാർ അനുഭവിക്കുന്നു അങ്ങനെയുള്ള രാജാക്കന്മാർ ഉണ്ടോ ദാനം ചെയ്യുന്നു? അവർ അങ്ങനെ ചെയ്താൽ അതിലും അത്ഭുതമായി ലോകത്തിൽ എന്തുണ്ട്? അവർ വളരെ ഹീനന്മാരും ദീനന്മാരുമാണ്. ആർ ആ പിശുക്കന്മാരിൽ നിന്നും ധനം ആഗ്രഹിക്കുന്നുവോ ആ പുരുഷാധമന്മാർ പരമനിന്ദ്യരാണ്.

അല്ലയോ മനസ്സേ, ദിനംതോറും മറ്റുള്ളവരുടെ ഹൃദയത്തെ പല പ്രകാരത്തിൽ ആരാധിച്ച് ക്ലേശപൂർവ്വം തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നതെന്തിനാണ്? നിന്നുള്ളം ഞെളിഞ്ഞാൽ സ്വാഭാവികമായി ആവിർഭവിച്ച ചിന്താരത്നങ്ങളോടുകൂടിയ ഏകാന്തസങ്കല്പം നിന്റെ അഭിലാഷങ്ങളെ സാധിപ്പിക്കുകയില്ലേ?



Scanned with CamScanner

ഹൃദയമേ, വെറുതെ എന്തിനു വട്ടം കറങ്ങുന്നു? സ്വസ്ഥാനത്തൊന്നടങ്ങിയിരിയ്ക്കൂ ! ഭവിക്കേണ്ടത് അങ്ങനെതന്നെ അതിന് മറ്റു പോംവഴിയില്ല. ഞാൻ കഴിഞ്ഞതൊന്നും ഓർക്കാതേയും ഭാവിയെപ്പറ്റി ഒന്നും സങ്കല്പിക്കാതെയും ആഗ്രഹിക്കാതെ വന്നുചേരുന്ന സുഖങ്ങൾ അനുഭവിച്ച് തൃപ്തനായിക്കൊള്ളാം.

മനസ്സേ, ഈ ദുഃഖജനകവും ദുരവഗാഹവുമായ ശബ്ദാദി വിഷയങ്ങളിൽ നിന്നു പിന്തിരിഞ്ഞാലും. ഞൊടിയിടയ്ക്കുള്ളിൽ എല്ലാ വിധ ദുഃഖങ്ങളേയും നശിപ്പിക്കാൻ കഴിവുറ്റ മോക്ഷമാർഗ്ഗത്തെ ആശ്രയിച്ചാലും. സ്വാത്മീയഭാവം, (ശാന്തവും നിർവ്വികാരവുമായ അവസ്ഥ) പ്രാപിച്ചാലും. തന്റെ അതിചപലമായ വ്യാപാരത്തെ ഉപേക്ഷിച്ചാലും। ഇപ്പോൾ പ്രസന്നമായാലും.

ഹൃദയമേ, മോഹമുപേക്ഷിച്ചാലും. ഈശ്വരനിൽ ഭക്തി ഉറപ്പിച്ചാലും ഗംഗയുടെ പുണ്യതീരങ്ങളിൽ വസിക്കാൻ തീരുമാനിച്ചാലും. ജലതരംഗങ്ങളിലും, നീർപ്പോളകളിലും മിന്നൽപ്പിണരുകളിലും സമ്പത്തുകളിലും അഗ്നിജ്വാലകളിലും, സർപ്പങ്ങളിലും സുഹൃത്തുക്കളിലും എന്തൊരു വിശ്വാസമാണ്? (ഇവയെല്ലാം ക്ഷണികങ്ങളായതുകൊണ്ട് അവിശ്വസനീയങ്ങളാണെന്നു സാരം.)

അല്ലയോ മനസ്സേ, ചപലയും രാജാക്കന്മാരുടെ പുരികക്കൊടിയാകുന്ന കുടീരത്തിൽ വിഹരിക്കൽ തൊഴിലാക്കിയ കുലടയുമായ ഈ സമ്പത്തിനെപ്പറ്റി ഒരിക്കലും ചിന്തിക്കരുത്. (സമ്പത്ത് കുലടയെപ്പോലെ ചപലമായിട്ടുള്ളതാണ്. ഒരു കാലത്തും അതിനെ വിശ്വസിക്കാൻ വയ്യെന്നു സാരം.) കീറക്കുപ്പായം ധരിച്ച് കാശിയിലെ തെരുവുകളിൽ വീടുകൾ തോറും ചെന്ന് കൈക്കുമ്പിളിൽ വീഴുന്ന ഭിക്ഷകൊണ്ടു നമുക്കു ജീവിക്കാമല്ലോ.

മുന്നിൽ സംഗീതം പാർശ്വഭാഗങ്ങളിൽ തെക്കരായ സരസകവികൾ. പിന്നിൽ ചാമരം വീശുന്ന സുന്ദരിമാരുടെ വളകിലുക്കം. ഹേ മനസ്സേ, ഇതൊക്കെ തരപ്പെടുമെങ്കിൽ സംസാരദുഃഖം ആസ്വദിക്കാൻ ആഗ്രഹിച്ചാലും. ഇല്ലെങ്കിൽ വേഗത്തിൽ നിർവ്വികല്പസമാധിയിൽ ലയിച്ചാലും

എല്ലാ അഭിലാഷങ്ങളേയും സാധിപ്പിക്കത്തക്കവിധം സമ്പത്തുണ്ടായി എന്നിട്ടെന്തു വേണം ? ശത്രുക്കളെയെല്ലാം കീഴടക്കി. എന്നിട്ടെന്തുകാര്യം? സല്ക്കാരാദികളാൽ കുറെ സ്നേഹിതന്മാരെ സമ്പാദിച്ചു. അതുകൊണ്ടും എന്തു പ്രയോജനം ? മനുഷ്യരുടെ ശരീരം



Scanned with CamScanner

ലോകാവസാനം വരെ നിലനിന്നു. അതുകൊണ്ടും എന്തു സാധിക്കാനാണ്?

ഈശ്വരനിൽ ഭക്തിയുണ്ടാവുക; മരണജനനാദിഭയം ഹൃദയത്തിൽ ഉണ്ടാവുക; ബന്ധുക്കളിൽ മമത ഉണ്ടാവാതിരിക്കുക; കാമാദിവികാരങ്ങളിൽ നിന്ന് വിമുക്തി നേടുക; സഹവാസം കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ സ്പർശിക്കാത്ത വിജനങ്ങളായ വനപ്രദേശങ്ങളിൽ വസിക്കുക ഇതിലും ഉപരിയായ വൈരാഗ്യം അന്വേഷിക്കപ്പെടേണ്ടതായുണ്ടോ ?

അതുകൊണ്ട്, അല്ലയോ മനസ്സേ, അനന്തവും ജന്മജരാരഹിതവും പരമോത്കൃഷ്ടവും സർവവ്യാപിയുമായ ആ ഈശ്വരനെത്തന്നെ ചിന്തിച്ചാലും. ഈ പൊള്ളയായ സങ്കല്പവികല്പങ്ങൾകൊണ്ട് എന്തു പ്രയോജനം ? ആ ബ്രഹ്മത്തിന്റെ (ഈശ്വരന്റെ) സാന്നിദ്ധ്യം കൊണ്ട് നിനക്ക് ഇക്കാണായ ലോകാധിപത്യം മുതലായ ഭൗതികസുഖങ്ങളെല്ലാം ഏറ്റവും ക്ഷുദ്രങ്ങളാണെന്ന് ബോധ്യമാകും.

അല്ലയോ മനസ്സേ, ചാപല്യംകൊണ്ട് നീ പാതാളത്തിലേയ്ക്കിറങ്ങുന്നു. ആകാശത്തിലേയ്ക്കുയരുന്നു. ലോകം മുഴുവൻ ചുറ്റിക്കറങ്ങുന്നു. എന്നാൽ യാതൊന്നുകൊണ്ടു നിനക്ക് അപാരമായ ആനന്ദം ഉണ്ടാകുമോ നിർമ്മലവും സുഖസ്വരൂപവുമായ ആ ഈശ്വരനെ പിഴച്ചിട്ടുപോലും എപ്പോഴെങ്കിലും എന്തുകൊണ്ടോർക്കുന്നില്ല?

വേദസ്മൃതിപുരാണാദികൾ പഠിച്ചതുകൊണ്ടും അതിവിസ്തൃതമായ ശാസ്ത്രങ്ങൾ അഭ്യസിച്ചതുകൊണ്ടും സ്വർഗ്ഗവാസത്തിന് കാരണങ്ങളായ ജ്യോതിഷ്ടോമാദികളനുഷ്ഠിച്ചതുകൊണ്ടും എന്തു പ്രയോജനമാണുള്ളത് ? സംസാരദുഃഖത്തെ ചുട്ടെരിക്കുന്നതിൽ കാലാഗ്നിതുല്യമായിട്ടുള്ളതും ആത്മാനന്ദമുണ്ടാക്കാൻ കഴിവുറ്റതുമായ ഈശ്വരജ്ഞാനമൊഴിച്ച് മറ്റു തുച്ഛരൂപത്തിലുള്ള മനോവൃത്തികൾ കൊണ്ടൊന്നും യാതൊരു പ്രയോജനവുമില്ല.

ഐശ്വര്യത്തിന്നിരിപ്പിടമായ മേരു പർവ്വതം പോലും പ്രളയ കാലാഗ്നിയിൽ ഉരുകി നശിക്കുന്നു. തിമിംഗലാദി ജലജീവികൾക്കിരിപ്പിടമായ സമുദ്രങ്ങളും വറ്റിപ്പോകുന്നു. പർവ്വതങ്ങൾ മുറുകെ പിടിച്ചിട്ടുള്ളതാണെങ്കിലും ഭൂമിയും നശിച്ചുപോകുന്നു. ആനച്ചെവിപോലെ ചഞ്ചലമായ ശരീരത്തിന്റെ കാര്യം പിന്നെ പറയാനുണ്ടോ ?

ശരീരം വളഞ്ഞു. നടക്കാൻ വയ്യാതായി. പല്ലുകളെല്ലാം

കൊഴിഞ്ഞു. കണ്ണുകൾക്ക് കാഴ്ച നശിക്കുന്നു. വായിൽ നിന്നെപ്പോഴും കൊഴുത്ത വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്നു. ബന്ധുക്കൾ പറഞ്ഞതൊന്നും കേൾക്കാതായി. ഭാര്യയും പരിചര്യകളൊന്നും ചെയ്യാൻ ഇഷ്ടപ്പെടുന്നില്ല. വയസ്സനായ ഒരാളോട് സ്വന്തം പുത്രൻപോലും ശത്രുവിനെപ്പോലെ പെരുമാറുന്നു. കഷ്ടം തന്നെ.

ചെറുപ്പക്കാരികൾ മുടിയിലെ നരകണ്ട് വാർദ്ധക്യം ബാധിച്ച് അസ്ഥിമാത്രാവശേഷനായ ഒരാളെ ചണ്ഡാലകൂപത്തെയെന്നോണം ഉപേക്ഷിച്ച് ദൂരെ മാറിപ്പോകുന്നു.

എപ്പോൾ ഈ ശരീരം സ്വസ്ഥമായിരിക്കുന്നുവോ ആരോഗ്യം ഉള്ളതായിരിക്കുന്നുവോ വാർദ്ധക്യം ബാധിക്കാതിരിക്കുന്നുവോ ഇന്ദ്രിയങ്ങൾക്ക് പ്രവർത്തനക്ഷമത നശിച്ചിട്ടില്ലയോ യൗവനം നശിക്കാതിരിക്കുന്നുവോ അപ്പോൾത്തന്നെ വിദ്വാനായ ഒരാൾ ആത്മശ്രേയസ്സിനായി അങ്ങേഅറ്റം പ്രയത്നിക്കേണ്ടതാണ്. വീട് കത്തിപ്പോയതിനുശേഷം കിണർ കുഴിക്കാൻ തുടങ്ങുന്നത് ശരിയല്ലല്ലോ ?

തപസ്സനുഷ്ഠിച്ചുകൊണ്ട് ഗംഗാതീരത്തു വസിക്കണമോ? അതോ ഗുണങ്ങളുടെ വിളഭൂമിയായ പത്നിയെ പരിചരിക്കണമോ ? അതോ ശാസ്ത്രങ്ങളും പലവിധ കാവ്യങ്ങളും അഭ്യസിച്ച് അറിവ് നേടണമോ? ഏതാനും നിമിഷങ്ങൾ മാത്രമുൾക്കൊള്ളുന്ന ഈ ജീവിതത്തിൽ എന്തുചെയ്യണമെന്ന് ഒരെത്തുംപിടിയുമില്ല.

ചഞ്ചല ചിത്തന്മാരായ ഈ രാജാക്കന്മാരെ സന്തോഷിപ്പിക്കാൻ എളുപ്പമല്ല. വലിയ ആശകളുള്ള നാമാകട്ടെ കൂടുതൽ ഫലത്തെ ആഗ്രഹിക്കുന്നവരുമാണ്. വാർദ്ധക്യം ശരീരത്തേയും മൃത്യു നമുക്കേറ്റവും പ്രിയപ്പെട്ട ഈ ജീവിതത്തേയും കടന്നാക്രമിക്കുന്നു. അതുകൊണ്ട് സ്നേഹിതാ, ഈ ലോകത്തിൽ വിദ്വാനായ ഒരാൾക്ക്, തപസ്സല്ലാതെ മറ്റു ശ്രേയോമാർഗ്ഗമൊന്നുമില്ല.

അഭിമാനമെല്ലാമസ്തമിച്ച് സമ്പത്തെല്ലാം നശിച്ചുപോയി, ബന്ധുക്കളെല്ലാം ക്ഷയിച്ച് മടങ്ങി ഭൃത്യന്മാർ പൊയ്പോയി യൗവനമെല്ലാം ക്രമത്തിൽ നശിച്ച് (എല്ലാം കൊണ്ടും അവശനാകുന്ന കാലത്ത്) ഗംഗാജലത്താൽ പവിത്രീകൃതമായ പാറകളുള്ള ഹിമവൽപാർശ്വങ്ങളിലെ വള്ളിക്കുടിലുകളിൽ എവിടെയെങ്കിലും ധ്യാനനിമഗ്നനായി കഴിഞ്ഞു കൂടുക മാത്രമാണ് വിദ്വാന്മാർക്ക് യുക്തമായിട്ടുള്ളത്.

ചന്ദ്രകിരണങ്ങൾ സുന്ദരങ്ങളാണ്. പച്ചപ്പുല്ലണിഞ്ഞ വനാന്തർ



Scanned with CamScanner

ഭാഗവും സുന്ദരമണ്. സജ്ജനസഹവാസം കൊണ്ടുണ്ടാകുന്ന സുഖവും രമ്യമായിട്ടുള്ളതാണ്. കാവ്യങ്ങളിലെ കഥകളും ഹൃദയാവർജ്ജകങ്ങ ളാണ്. പ്രണയകലഹം കൊണ്ടുണ്ടായ കണ്ണീർക്കണങ്ങളാൽ തിളങ്ങുന്ന പ്രിയയുടെ മുഖവും, ഈ ലോകത്തിലുള്ള ഓരോന്നും സുന്ദരമാണ്. എന്നാൽ മനസ്സ് നിത്യാനിത്യ വിചാരത്തിൽ മുഴുകിയാൽ ബ്രഹ്മാനന്ദ മൊഴിച്ച് ഈ ലോകത്തിൽ മറ്റൊന്നും സുന്ദരമാകയില്ല.

മാളിക വസിക്കാൻ സുഖമുള്ളതല്ലേ? സംഗീതാദികൾ കേൾക്കാൻ ഇമ്പവും പ്രിയസമാഗമസുഖവുമുള്ളതല്ലേ? കൂടുതൽ പ്രീതികരമല്ലേ? എന്നാൽ വിവേകശാലികൾ ഇതെ പാറിപ്പറക്കുന്ന ശലഭങ്ങളുടെയെല്ലാം ചിറകടിയിൽ നിന്നുണ്ടായ കാറ്റേറ്റ് കെടാൻ ഭാവിക്കുന്ന ദീപശിഖ പോലെ നശ്വരമായിക്കണ്ട് (തപസ്സുചെയ്യാൻ) കാട്ടിലേയ്ക്കുപോയി.

വിഷയസുഖമാകുന്ന പിടിയാനയിൽ ഉറച്ച അത്യാസക്തികൊണ്ട് അന്ധമായ ഹൃദയമാകുന്ന കൊമ്പനാനയെ പിടിച്ചുകെട്ടാനുള്ള കമ്പ ക്കയറിന്റെ സ്ഥാനം ആരാണോ വഹിക്കുന്നത് (മനസ്സിനെ നിയന്ത്രി ക്കാൻ കഴിവുള്ളവൻ) അങ്ങനെയുള്ള ഒരു മഹാനെ, ഈ മൂന്നു ലോകത്തിലും അന്വേഷിച്ചിട്ട് എനിക്ക് കാണാനോ കേൾക്കാനോ കഴി ഞ്ഞിട്ടില്ല.

ഇഷ്ടം പോലെയുള്ള വിഹാരം, ദീനഭാവം കലരാത്ത ഭക്ഷണം, അറിവുള്ളവരുടെ കൂടെ വാസം, മനഃശാന്തിയ്ക്കുമാത്രം വേണ്ടി വ്രതാ നുഷ്ഠാനത്തോടുകൂടിയ വേദാധ്യയനം, അന്തർമുഖമായ മനസ്സ് ഇതൊക്കെ ഏത് ഉദാരമായ തപസ്സിന്റെ ഫലമാണ് എന്ന് എത്ര വളരെ ചിന്തിച്ചിട്ടും മനസ്സിലാവുന്നില്ല.

അഭിലാഷങ്ങളെല്ലാം ഹൃദയത്തിൽ വെച്ചുതന്നെ നശിച്ചു. അവ യവങ്ങളിൽ മുറ്റിനിന്നിരുന്ന യൗവനവും നശിച്ചു. കഷ്ടം തന്നെ! ഗുണ ജ്ഞന്മാരില്ലാത്തതിനാൽ വിദ്യാവിനയാദിഗുണങ്ങളും നിഷ്ഫലമായി. കാലം അനതിക്രമണീയമാണ് അക്ഷമനായ കാലനും വേഗം വന്നടു ക്കുന്നു. അതുകൊണ്ടിപ്പോൾ എന്തു മനസ്സിലായി;

നിശ്ശബ്ദമായ രാത്രികളിൽ കാന്തിപൂരം വഴിഞ്ഞൊഴുകുന്ന വെണ്ണിലാവിൽ കുളിച്ച ഗംഗയുടെ മണൽത്തട്ടിൽ എവിടെയെങ്കിലും സുഖമായിരുന്ന് സംസാരസുഖങ്ങളെ വെറുപ്പോടെ വീക്ഷിച്ച് ശിവ ശിവ ശിവ എന്ന് ഉറക്കെ ഉച്ചരിച്ചുകൊണ്ട് ഉള്ളിലൂറിയ ആനന്ദാശ്രുക്കളാൽ ആകുലമായ അവസ്ഥയെ എപ്പോഴാണ് പ്രാപിക്കുക ?



Scanned with CamScanner

സമ്പത്തെല്ലാം ദാനം ചെയ്തശേഷം പുതുതായുണ്ടായ ഭൂതദയയാൽ പവിത്രീകൃതഹൃദയന്മാരായി ഈ ലോകത്തിൽ അമംഗളപര്യവസായിയായ നിയതിയുടെ ഗതിയെ ഓർത്ത് നാം പരിശുദ്ധമായ വനത്തിൽ ഇരുന്ന് ഈശ്വരപാദങ്ങളെമാത്രം ശരണമായി ചിന്തിച്ചുകൊണ്ട് എപ്പോഴാണ് പൂനിലാവിൽ കുളിച്ച രാത്രികൾ കഴിച്ചുകൂട്ടുക ? എന്ന് ചിന്തിച്ചുകൊണ്ട് ദിവസങ്ങൾ നിമിഷങ്ങളെന്നോണം കഴിച്ചുകൂട്ടുക?

ഗംഗാജലത്തിൽ കുളിച്ച് അല്ലയോ ഭഗവാനെ, അങ്ങയെ പരിശുദ്ധമായ പൂക്കൾകൊണ്ടും ഫലങ്ങൾകൊണ്ടും ആരാധിച്ച് അങ്ങയെത്തന്നെ ധ്യാനിച്ചുകൊണ്ട് ഗിരിഗുഹയിലെ പാറത്തിണ്ണയിൽ ഇരുന്ന് ആത്മാരാമനായി പഴം മാത്രം ഭക്ഷിക്കുന്നവനായി ആചാര്യോപദേശത്തിൽ മനസ്സൂന്നിക്കൊണ്ട് ഹേ കാമശത്രോ, ഞാൻ, അങ്ങയുടെ പ്രസാദം കൊണ്ട് സമ്പന്മാരെ സേവിക്കുന്നതിൽ നിന്നുണ്ടാകുന്ന ദുഃഖത്തെ എപ്പോഴാണ് ഉപേക്ഷിക്കുക.

അഖണ്ഡമായ പരമാനന്ദത്തിൽ കഴിയുന്നവരായ യോഗികൾക്ക് ശിവപ്രസാദംകൊണ്ട് സുലഭമായ അനിർവാച്യരൂപത്തിലുള്ള മോക്ഷമാർഗ്ഗം സുഗമമായിത്തീരും.

ഏച്ചുകൂട്ടിയ വിധമുള്ള ഉടുതുണി, വിഷയങ്ങളിൽ അനാസ്ഥ, യാദൃച്ഛികമായി കിട്ടുന്ന ഭിക്ഷാന്നംകൊണ്ടുള്ള ഭക്ഷണം, ചുടലക്കാട്ടിൽ ഉറക്കം; ഇഷ്ടംപോലെ തടസ്സമറ്റസഞ്ചാരം, എപ്പോഴും സ്വസ്ഥമായ മനസ്സ്, സമാധിയാകുന്ന മഹോത്സവത്തിലും സ്ഥിരഭാവം- ഇപ്പറഞ്ഞതെല്ലാം ഉണ്ടെങ്കിൽ മൂന്നു ലോകത്തിന്റേയും ആധിപത്യം കൊണ്ട് എന്തു പ്രയോജനമുണ്ട്?

വൃത്താകാരത്തിലുള്ള ഈ ബ്രഹ്മാണ്ഡം മുഴുവൻതന്നെ ധീരനായ ഒരു യോഗിയെ പ്രലോഭിപ്പക്കാൻ കഴിവുള്ളതാണോ? ചെറിയ മത്സ്യമൊന്നിളകിയാൽ സമുദ്രം ക്ഷോഭിക്കയില്ലല്ലോ.

മാതാവായ-ഐശ്വര്യദേവതേ, വേറെ വല്ലവരേയും പോയി സേവിക്കൂ നീ എന്നിൽ ആശവെയ്ക്കരുത്. സുഖാനുഭവത്തെ ആഗ്രഹിക്കുന്നവർ നിനക്കെത്രവേണമെങ്കിലും ഉണ്ടല്ലോ. ആശയറ്റവരിൽ നിനക്കെന്തുകാര്യം ഞങ്ങളിപ്പോൾ പ്ലാശിന്റെ പുതുതായുണ്ടാക്കിയ ഇലക്കുമ്പിളിൽ പരിശുദ്ധമായ ഭിക്ഷാന്നം കൊണ്ടുതന്നെ ജീവിക്കാൻ ആഗ്രഹിക്കയാണ്.

ഭൂമിയെ കിടക്കയാക്കിയും കൈകളെ തലയിണയാക്കിയും ആകാ



Scanned with CamScanner

ശത്തെ മേൽകട്ടിയാക്കിയും ഇളം കാറ്റിനെ വിശറിയാക്കിയും ശരൽക്കാലചന്ദ്രനെ വിളക്കാക്കിയും വൈരാഗ്യമാകുന്ന വനിതയുടെ സംഗത്താൽ സംതുഷ്ടനായി സുഖിയും ശാന്തനുമായ മുനി സമ്പന്നനായ രാജാവിനെപ്പോലെ ശയിക്കുന്നു.

ഭിക്ഷാന്നം ഭക്ഷിക്കുന്നവനും ലൗകികന്മാരോടു കൂട്ടുകൂടാത്തവനും തന്നിഷ്ടമനുസരിച്ച് ചലിക്കുന്നവനും ഇന്നത് സ്വീകാര്യം ഇന്നത് അസ്വീകാര്യം എന്ന നിർബന്ധബുദ്ധിയില്ലാത്തവനും വഴിയിൽ ചിതറിക്കിടക്കുന്ന കീറത്തുണികൾ ഉടുത്തവനും അപ്രകാരമുള്ള പഴന്തുണിക്കെട്ടിൽ ഇരിക്കുന്നവനും അഭിമാനാഹംകാരാദികൾ ഇല്ലാത്തവനും ആത്മസുഖാനുഭവത്തിന്ന് ആഗ്രഹിക്കുന്നവനുമായ ഒരു തപസ്വി ഇതാ സ്ഥിതി ചെയ്യുന്നു.

ഇയാൾ ചണ്ഡാലനാണോ അതോ ബ്രാഹ്മണനോ ശൂദ്രനോ താപസനോ? അഥവാ തത്ത്വജ്ഞാനത്താൽ പരിശുദ്ധമായ ഹൃദയത്തോടുകൂടിയ യോഗീശ്വരനോ ? എന്നിങ്ങനെ ജനങ്ങൾ വഴിയിൽവെച്ചു പറയുന്നുണ്ടെങ്കിലും അതുകൊണ്ടൊന്നും കോപമോ സന്തോഷമോ ഇല്ലാതെ യോഗികൾ സ്വേച്ഛയാ സഞ്ചരിക്കുന്നു.

ഹിംസയില്ലാത്തതും യത്നം കൂടാതെ കിട്ടുന്നതുമായ കന്നുകാലികൾ ഇളംപുല്ലുതിന്ന് ഭൂമിയിൽത്തന്നെ കിടന്ന് സംതൃപ്തരാവുന്നു. സംസരസാഗരം തരണം ചെയ്യാൻ ഉറച്ചിരിക്കുന്ന മനുഷ്യർക്കും ഇതേ രീതിയിലുള്ള ഉപജീവനമാണ് നിശ്ചയിച്ചിട്ടുള്ളത്. അങ്ങനെയുള്ള ജീവിതവൃത്തിയെ അന്വേഷിക്കുന്ന യോഗികൾക്ക് രജസ്തമോ ഗുണങ്ങളുടെ ബാധ ഒരിക്കലുമുണ്ടാവുകയില്ല.

ഗംഗാതീരത്തിലെ ഹിമവാനിലെ ശിലാതലത്തിൽ പദ്മാസനബദ്ധനായിരിക്കുന്നവനും നിരന്തരമായബ്രഹ്മധ്യാനാഭ്യസനം കൊണ്ട് യോഗനിദ്രയെ പ്രാപിച്ചവനുമായലേശവും ഭയമില്ലാത്ത (എനിക്ക് വൃദ്ധഹരിണങ്ങൾ സ്വശരീരം എന്റെ ശരീരത്തിൽ ഉരസിച്ചൊറിഞ്ഞു കൊണ്ടുള്ള ആ പുണ്യദിവസങ്ങൾ എപ്പോഴാണ് പുലരുക?

കൈതന്നെ പരിശുദ്ധമായ പാത്രം. ഭിക്ഷാടനം കൊണ്ടു കിട്ടുന്നത് നിത്യേനയുള്ള ഭക്ഷണവും. പത്തു ദിക്കുകൾ തന്നെ വിശാലമായ വസ്ത്രം. ഭൂമിതന്നെ വലിയ കിടക്ക. ഇപ്പറഞ്ഞവയെല്ലാം ഭാവഭേദം കൂടാതെ സ്വീകരിച്ച് പക്വമതികളായി ആനന്ദിക്കുന്നവർ തന്നെയാണ് ധന്യന്മാർ. അവർ എല്ലാ വിധത്തിലുള്ള ദുഃഖഭാവങ്ങളേയും വെടിഞ്ഞ് സംസാരത്തിന്നറുതി വരുത്തുന്നു.



Scanned with CamScanner

അമ്മേ ഭൂമീ ദേവി, പിതാവായ മാരുത, തോഴനായ അഗ്നി, ബന്ധുവായ ജലമേ, സഹോദരനായ ആകാശമേ, നിങ്ങൾക്കെല്ലാം അവസാനമായി ഞാൻ കൂപ്പുകൈയർപ്പിക്കുന്നു. നിങ്ങളുടെയെല്ലാം സമ്പർക്കം കൊണ്ടുണ്ടായ പുണ്യത്താൽ സിദ്ധിച്ച വിപുലവും നിർമ്മലവുമായ ജ്ഞാനം കൊണ്ട് എല്ലാ മോഹജാലങ്ങളേയും തരണം ചെയ്ത് ഞാൻ പരബ്രഹ്മത്തിൽ ലയിക്കുന്നു.

**ഇനി ഭർത്തൃഹരിയുടെ ഉപദേശങ്ങളാണ്......**

അറിവുള്ളവർ, ജ്ഞാനികൾ മാത്സര്യമുള്ളവരാണ്. പ്രഭുക്കൾ ഗർവിഷ്ഠരാണ്. മറ്റുള്ളവർ അജ്ഞരുമാണ്. (അതുകൊണ്ട്) സുഭാഷിതം തന്നിൽത്തന്നെ കെട്ടടങ്ങിപ്പോകുന്നു.

അറിവില്ലാത്തവനെ എളുപ്പത്തിൽ തൃപ്തിപ്പെടുത്താം. നല്ല അറിവുള്ളവനെ കൂടുതൽ എളുപ്പത്തിൽ തൃപ്തിപ്പെടുത്താം. അല്പജ്ഞാനംകൊണ്ട് അഹംഭാവിയായ മനുഷ്യനെ ഈശ്വരനുപോലും തൃപ്തിപ്പെടുത്താൻ സാധ്യമല്ല

മുതലയുടെ വായിലെ പല്ലുകളുടെ ഇടയിൽ നിന്ന് രത്നം ബലമായി അടർത്തിയെടുക്കാം. ഇളകിമറിയുന്ന തിരമാലകളോടു കൂടിയ സമുദ്രത്തെപ്പോലും നീന്തിക്കടക്കാം. പുഷ്പത്തെപ്പോലെ തലയിൽ ചൂടാം (എന്നാൽ) ദുരാഗ്രപൂർണ്ണമായ മൂർഖജനങ്ങളുടെ മനസ്സിനെ സന്തോഷിപ്പിക്കാൻ സാധ്യമല്ല.

ശക്തിപൂർവ്വം പിഴിയുന്നതായാൽ മണലിൽ നിന്ന് എണ്ണപോലും കിട്ടിയേക്കാം. ദാഹം കൊണ്ട് വലഞ്ഞവന് മരുമരീചികകളിൽ നിന്ന് ജലപാനം ചെയ്യാൻ സാധിച്ചേക്കാം. അന്വേഷിച്ച് നടക്കുന്ന ഒരുവന്ന് എപ്പോഴെങ്കിലും മുയൽക്കൊമ്പ് ഒരിക്കലും ഉണ്ടാകാൻ ഇടയില്ലാത്തത് കിട്ടിയേക്കാം (എന്നാലും) ദുരാഗ്രഹപൂർണ്ണമായ ജനങ്ങളുടെ ചിത്തത്തെ ആരാധിക്കാൻ സാധ്യമല്ല.

ആരാണോ അമൃതൊഴുകുന്ന സുഭാഷിതങ്ങളാൽ മൂർഖന്മാരെ നിർബന്ധപൂർവ്വം അനുനയിക്കാൻ ആഗ്രഹിക്കുന്നത് അവൻ താമരവളയത്തിന്റെ നൂലുകൾകൊണ്ട് ദുഷ്ടഗജത്തെ (കൊലയാന) പിടിച്ചു കെട്ടുവാൻ മുതിരുന്നു. (അപ്രകാരം) നെന്മേനിവാകപ്പൂവിതൾക്കോണുകൊണ്ട് വജ്രമണിയെ മുറിക്കാൻ ശ്രമിക്കുന്നു. തേൻതുള്ളികൊണ്ട് ഉപ്പുസമുദ്രത്തിന് മാധുര്യമുണ്ടാക്കാൻ കൊതിക്കുന്നു.

മൗനം സ്വായത്തവും ഏറ്റവും ഹിതകരവും ബ്രഹ്മാവുതന്നെ



Scanned with CamScanner

ഉണ്ടാക്കിത്തന്നിട്ടുള്ളതുമായ അജ്ഞതയെ മൂടിവയ്ക്കാനുള്ള ഉപക രണവുമാണ്. വിശേഷിച്ചും സർവ്വജ്ഞന്മാരുടെ സദസ്സിൽ അപണ്ഡി തന്മാർക്ക് മൗനം അലങ്കാരമാണ്.

അല്പജ്ഞനായ ഞാൻ ആനയെപ്പോലെ മദാന്ധനായപ്പോൾ സർവ്വജ്ഞനാണെന്ന് എന്റെ മനസ്സിന് ഗർവ്വുണ്ടായി. അറിവുള്ളവരിൽ നിന്ന് കുറേശ്ശെ കുറേശ്ശെ പഠിച്ചപ്പോൾ ഞാൻ മൂർഖനാണെന്ന് അറിഞ്ഞ് എന്റെ മദം ജ്വരംപോലെ പോയ്പോയി.

കൃമിക്കൂട്ടം നിറഞ്ഞതും വായിലെ കൊഴുത്ത വെള്ളം തട്ടി നന ഞ്ഞതും ദുർഗന്ധമുള്ളതും അറയ്ക്കുന്നതും മാംസലേശശൂന്യവുമായ കഴുതയുടെ എല്ല് പരമാനന്ദത്തോടെ കടിച്ചു തിന്നുന്ന നായ ഇന്ദ്രൻ അടുത്തുവന്നു നില്ക്കുന്നത് കണ്ടാൽപ്പോലും ശങ്കിക്കുന്നില്ല- ലജ്ജി ക്കുന്നില്ല. നിസ്സാരജീവി സ്വീകരിക്കുന്ന വസ്തുവിന്റെ ഹീനതയെ പരി ഗണിക്കുന്നില്ല.

ഗംഗ സ്വർഗ്ഗത്തിൽനിന്ന് ശിവന്റെ ശിരസ്സിലേയ്ക്കും ശിവന്റെ ശിര സ്സിൽ നിന്ന് ഹിമവാനിലേയ്ക്കും ഉന്നതമായ പർവതത്തിൽ നിന്ന് ഭൂമിയിലേയ്ക്കും ഭൂമിയിൽ നിന്ന് സമുദ്രത്തിലേയ്ക്കും അനന്തരം ഇത് നിസ്സാരസ്ഥാനങ്ങളിലേയ്ക്കും എത്തിച്ചേർന്നു. അതേ, അവിവേകി കൾക്ക് പല പ്രകാരത്തിലും അധഃപതനം സംഭവിക്കുന്നു.

അഗ്നിയെ ജലംകൊണ്ടു കെടുത്താൻ കഴിയും. (അപ്രകാരം) മുറം കൊണ്ട് സൂര്യന്റെ ചൂടും, കൂർത്ത തോട്ടികൊണ്ട് മദമുള്ള കൊമ്പ നാനയേയും വടികൊണ്ട് പശുവിനേയും കഴുതയേയും മരുന്നു കൾകൊണ്ട് രോഗത്തേയും മന്ത്രപ്രയോഗം കൊണ്ട് വിഷത്തേയും തടുക്കാൻ കഴിയും. എല്ലാറ്റിനും ശാസ്ത്രവിധിപ്രകാരമുള്ള ഔഷധ മുണ്ട്. എന്നാൽ മൂർഖനു മരുന്നില്ല.

ശാസ്ത്രജ്ഞാനംകൊണ്ട് സംസ്കരിക്കപ്പെട്ട ശബ്ദങ്ങളാൽ സുന്ദരങ്ങളായ വാക്കുകളോടുകൂടിയവരും ശിഷ്യന്മാർക്കു കൊടുക്കു വാനുള്ള ശാസ്ത്രസമ്പത്തോടു കൂടിയവരും പ്രസിദ്ധന്മാരുമായ കവി കൾ ഏതു പ്രഭുവിന്റെ നാട്ടിൽ ദരിദ്രന്മാരായി വസിക്കുന്നുവോ അതുകൊണ്ടുള്ള മാനഭംഗം ആ രാജാവിനുതന്നെയാണ്. വിദ്വാന്മാർ ധനമില്ലെങ്കിലും കഴിവുറ്റവരാണ് വില നിർണ്ണയിക്കാൻ വകതിരിവി ല്ലാത്തവർ വില കല്പിച്ചില്ലെങ്കിലും രത്നങ്ങൾ നിന്ദ്യങ്ങളാവുകയില്ല.

വിദ്യയാകുന്ന ധനം ചോരന്മാർ അപഹരിക്കുന്നില്ല. എപ്പോഴും



Scanned with CamScanner

അനിർവചനീയമായ സുഖമുണ്ടാക്കുന്നു. അർത്ഥികൾക്കു കൊടുക്കും തോറും അടിയ്ക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പ്രളയകാലത്തു കൂടി നശിച്ചു പോകുന്നില്ല. അങ്ങനെയുള്ള ഹൃദ്യമായ ധനം ഏവർക്കുണ്ടോ, അല്ലയോ രാജാക്കന്മാരേ, അവരുടെ നേരെ നിങ്ങളുടെ അന്തസ്സു കാണിക്കേണ്ട; അവരോട് ആരാണ് സ്പർദ്ധിക്കുക?

അല്ലയോ രാജാവേ പരമാർത്ഥതത്ത്വം അറിഞ്ഞിട്ടുള്ള ജ്ഞാനികളെ അവഹേളിക്കരുത്. പുല്ലുപോലുള്ള നിസ്സാരസമ്പത്ത് അവരെ ബന്ധിക്കുന്നില്ല. പുതിയ മദരേഖയാൽ കറുത്ത കവിൾത്തടങ്ങളോടു കൂടിയ ആനകൾക്ക് താമരനൂല് പ്രതിബന്ധമായി ഭവിക്കുന്നില്ല.

കോപിച്ച ബ്രഹ്മാവ് അരയന്നത്തിന്റെ താമരപ്പൊയ്കയിലെ ക്രീഡാവിലാസത്തെ മാത്രമേ തടയാൻ സമർത്ഥനാകൂ; അല്ലാതെ പാലും വെള്ളവും വേർതിരിക്കാനുള്ള അതിന്റെ സുപ്രസിദ്ധമായ കഴിവിനെ നശിപ്പിക്കാൻ അദ്ദേഹത്തിനു കഴിയില്ല.

തോൾവളകൾ ഒരുവനെ അലങ്കരിക്കുന്നില്ല. ചന്ദ്രനെപ്പോലെ പ്രകാശിക്കുന്ന മുത്തുമാലകളും കുളിയും, കുറിയും, പുഷ്പവും അലങ്കരിച്ച മുടിയും ഒരുവനെ അലങ്കരിക്കുന്നില്ല. എന്നാൽ സംസ്കാര സമ്പന്നമായിട്ടുള്ള വാക്കൊന്നു മാത്രമേ ഒരുവനെ അലങ്കരിക്കുന്നുള്ളു. ബാഹ്യാലങ്കാരങ്ങളെല്ലാം നശിക്കുന്നവയാണ്. വാക്കാകുന്ന അലങ്കാരമാണ് എപ്പോഴും യഥാർത്ഥാലങ്കാരമാവുന്നത്.

വിദ്യയാണ് മനുഷ്യന് കൂടുതൽ സൗന്ദര്യമുണ്ടാക്കുന്നത്. അന്യരുടെ ദൃഷ്ടിക്ക് വിഷയമാകാതെ രക്ഷിക്കപ്പെട്ടിട്ടുള്ള ധനവും വിദ്യ തന്നെയാണ്. സുഖമനുഭവിപ്പാനും യശസ്സുണ്ടാകാനും കാരണം വിദ്യ തന്നെയാണ്. വിദ്യ വിദേശ സഞ്ചാരത്തിൽ ബന്ധുവാണ്. വിദ്യയാണ് ഏറ്റവും വലിയ ദേവത വിദ്യ രാജപ്രീതിക്കു കാരണമാണ്. ധനത്തിന് ആ കഴിവില്ല. വിദ്യയില്ലാത്തവൻ മൃഗതുല്യനാണ്.

ജീവികൾക്ക് ക്ഷമയുണ്ടെങ്കിൽ കവചത്തിന്റെ ആവശ്യമില്ല. (എല്ലാറ്റിനേയും തടുക്കാൻ ക്ഷമയ്ക്കു കഴിയും.) ക്രോധമുണ്ടെങ്കിൽ ശത്രുക്കൾ വേറെ വേണോ? (ശത്രുവിനേക്കാൾ ദോഷം ചെയ്യുന്നതാണ് ക്രോധം) സ്വത്തിനവകാശിയുണ്ടെങ്കിൽ തീയിന്റെ ആവശ്യമില്ല. (തീയിനെപ്പോലെ സവാർത്ഥങ്ങളും ബന്ധുക്കൾ നശിപ്പിക്കുന്നു) ചങ്ങാതിയുണ്ടെങ്കിൽ ദിവ്യാഔഷധം വേണ്ട (എല്ലാ താപവും നശിപ്പിക്കാൻ സുഹൃത്തിനു കഴിയും) ദുർജ്ജനങ്ങൾ ഉണ്ടെങ്കിൽ സർപ്പങ്ങൾ വേണ്ട. (സർപ്പങ്ങളേക്കാൾ ഉപദ്രവകാരികളാണ് അവർ.) നല്ല വിദ്യയുണ്ടെങ്കിൽ



Scanned with CamScanner

ധനത്തിന്റെ ആവശ്യമില്ല. ലജ്ജയുണ്ടെങ്കിൽ ആഭരണം വേറെ വേണ്ട. (ലജ്ജ മനുഷ്യന് ആഭരണമാണ്) നല്ല കവിതയുണ്ടെങ്കിൽ രാജ്യം പോലും വേണ്ട. (രാജ്യലാഭത്തേക്കാൾ ആനന്ദകരമായിട്ടുള്ളതാണ് സത്കവിതാസ്വാദനം.)

സ്വജനങ്ങളിൽ ദാക്ഷിണ്യവും, പരജനങ്ങളിൽ ദയയുംദുർജ്ജന ങ്ങളിൽ എപ്പോഴും ശാഠ്യവും, സജ്ജനങ്ങളിൽ പ്രീതീയും, രാജാക്ക ന്മാരിൽ നയവും വിദ്വാന്മാരിൽ ആർജ്ജവവും ശത്രുക്കളിൽ ശൗര്യവും ഗുരുക്കളിൽ ക്ഷമയും, സ്ത്രീകളിൽ ധൃഷ്ടതയും, ഇങ്ങനെ എല്ലാ കല കളിലും സമർത്ഥരായവരിലാണ് ലോകം സ്ഥിതിചെയ്യുന്നത്.

ബുദ്ധിമാന്ദ്യത്തെ നശിപ്പിക്കുന്നു. വാക്കിന് സത്യമുണ്ടാക്കുന്നു. കൂടുതൽ മാന്യതയുണ്ടാക്കുന്നു. പാപത്തെ നശിപ്പിക്കുന്നു. ഹൃദ യത്തെ നിർമ്മലമാക്കുന്നു. ദിക്കുകളിൽ കീർത്തി പരത്തുന്നു. ഇങ്ങനെ സജ്ജനസംസർഗ്ഗം മനുഷ്യർക്ക് എന്തൊന്നാണ് ചെയ്യാത്തത്? പറ ഞ്ഞാലും ധന്യരും, ശൃംഗാരാദി രസങ്ങളിൽ സമർത്ഥരുമായ പ്രസിദ്ധ കവീശ്വരന്മാർ വിജയിച്ചരുളുന്നു. അവർക്ക് കീർത്തിയാകുന്ന ശരീ രത്തിൽ ജരാമരണങ്ങളിൽ നിന്നുമുണ്ടാകുന്ന ഭയം ഇല്ല.

വിശപ്പുകൊണ്ടു ക്ഷീണിച്ചാലും വാർദ്ധക്യം മെലിഞ്ഞാലും ബല ഹീനനായാലും കഷ്ടാവസ്ഥയെ പ്രാപിച്ചാലും കാന്തിയെല്ലാം നശി ച്ചാലും പ്രാണൻ പോകുമെന്ന ഘട്ടം വന്നാൽ പോലും മത്തഗജത്തിന്റെ പിളർക്കപ്പെട്ട മസ്തകത്തിലെ മാംസപിണ്ഡം മാത്രം ആഗ്രഹ ക്കുന്നവനും അഭിമാനികളിൽ മുമ്പനുമായ സിംഹം ഉണക്കപ്പുല്ലു തിന്നുമോ?

ശ്വാവ് അത്യല്പമായ ഞരമ്പ്, മേദസ്സ് എന്നിവയാൽ ദുഷിച്ചതും മാംസമില്ലാത്തതുമായ പശുവിന്റെ എല്ല് കിട്ടിയാൽ പോലും ഏറ്റവും സന്തുഷ്ടനാകുന്നു. അതുകൊണ്ടതിന്റെ വിശപ്പ് അടങ്ങുകയുമില്ല. സിംഹം മടിയിൽ വന്നുപെട്ട കുറുക്കനെ ഉപേക്ഷിച്ച് ആനയെക്കൊ ല്ലുന്നു. കഷ്ടപ്പെട്ടാലും എല്ലാവരും തന്റെ അന്തസ്സിന്നു ചേർന്ന ഫലത്തെ ആഗ്രഹിക്കുന്നു.

നായ്, വാലാട്ടി കാലുമടക്കി ഭൂമിയിൽക്കിടന്നുരുണ്ട് യജമാനന് തന്റെ മുഖവും വയറും കാണിച്ചുകൊടുക്കുന്നു. എന്നാൽ ആനയാകട്ടെ യജമാനനെ ധീരതയോടെ നോക്കി പ്രിയോക്തികളും അനു നയവാക്യങ്ങളും കൊണ്ടു ഭക്ഷിക്കുന്നു.



Scanned with CamScanner

പൂങ്കുലയ്ക്കെന്നപോലെ ധീരന്ന് രണ്ടവസ്ഥയാണുള്ളത്. ഒന്നുകിൽ എല്ലാവരുടേയും ശിരോഭൂഷണമാവുക (പ്രശംസയ്ക്കുപാത്രമാവുക.) അല്ലെങ്കിൽ കാട്ടിൽ കിടന്നു നശിക്കുക (മറ്റുള്ളവരുടെ ദൃഷ്ടിയിൽ പെടാതെ നശിക്കുക.) എന്നാൽ ആരുടെ ജന്മം കൊണ്ടാണോ വംശത്തിന് ഉന്നതിയുണ്ടാവുന്നത് അയാളാണ് യഥാർത്ഥത്തിൽ ജനിച്ചവൻ.

ബൃഹസ്പതി തുടങ്ങിയ വേറേയും അഞ്ചാറു പ്രസിദ്ധഗ്രഹങ്ങളുണ്ട്. അവരുടെ നേരെ വമ്പന്മാരോട് മാത്രം പ്രതാപം കാണിക്കുന്ന ഈ രാഹു വൈരം പുലർത്തുന്നില്ല. ശരീരമില്ലാതെ തലയുടെ ആകൃതിയിൽ മാത്രം ജീവിക്കുന്ന ഈ അസുരപതി (രാഹു) വാവിൻ നാളിൽ തേജസ്വികളായ സൂര്യചന്ദ്രന്മാരെ മാത്രമാണ് വിഴുങ്ങുന്നത് സഹോദര, കണ്ടാലും.

ചൈതന്യമറ്റതെങ്കിലും സൂര്യകാന്തക്കല്ല് സൂര്യകിരണങ്ങളുടെ സ്പർശമേറ്റാൽ കൂടുതൽ ജ്വലിയ്ക്കുന്നു. പൗരുഷ മുള്ളവൻ അന്യർ ചെയ്യുന്ന അപരാധം എങ്ങനെ പൊറുക്കും?

കുട്ടിയായാലും സിംഹം മദജലത്താൽ മലിനമായ കവിൾത്തടങ്ങളോടുകൂടിയ ഗജങ്ങളുടെ മേൽ ചാടിവീഴുന്നു. ഇത് ബലവാന്മാരുടെ സ്വഭാവമാണ്. വയസ്സിനെ ആശ്രയിച്ചിരിക്കുന്നതല്ല പ്രതാപം.

ജാതി പാതാളത്തിൽപ്പോകട്ടെ. മറ്റു ഗുണങ്ങളെല്ലാം അതിനേക്കാൾ താഴെ പോകട്ടെ സ്വഭാവം പർവ്വതസാനുവിൽ നിന്നും പതിച്ച് നശിക്കട്ടെ. വംശത്തെ തീ ചുട്ടുചാമ്പലാക്കട്ടെ വൈരിയായ ശൗര്യത്തിന്നു വേഗം ഇടിവെട്ടേല്ക്കട്ടെ നമുക്ക് ധനം മാത്രം മതി. ഇതൊന്നില്ലാഞ്ഞാൽ മുൻചൊന്ന ഗുണങ്ങളെല്ലാം പുല്ലുപോലെ നിസ്സാരങ്ങളാണ്.

ആർക്കു ധനമുണ്ടോ അയാൾ കുലീനനാണ്; പണ്ഡിതനാണ്; വിദ്വാനാണ്; ഗുണജ്ഞനാണ്; പ്രാസംഗികനാണ്; സുന്ദരനുമാണ്. എല്ലാ ഗുണങ്ങളും ധനത്തെ ആശ്രയിച്ചിരിക്കുന്നു.

രാജാവ് ദുരുപദേശം കേട്ട് (ദുഷ്ടന്മാരായ മന്ത്രിമാരാൽ) നശിക്കുന്നു. സന്ന്യാസി വിഷയാസക്തികൊണ്ടും ബ്രാഹ്മണൻ വേദാധ്യയനം ചെയ്യാത്തതുകൊണ്ടും, വംശം തെമ്മാടിയായ പുത്രനാലും സ്വഭാവം ദുർജ്ജനസംസർഗ്ഗം കൊണ്ടും, ലജ്ജ മദ്യപാനംകൊണ്ടും കൃഷി നോട്ടക്കേടുകൊണ്ടും ബന്ധുക്കളോടുള്ള സ്നേഹം ചിരസ്ഥാ



Scanned with CamScanner

യിയായ വിദേശവാസം കൊണ്ടും സൗഹാർദ്ദം ഉള്ളു തുറന്നു സ്നേഹിക്കാത്തതുകൊണ്ടും സമൃദ്ധി നയമില്ലാത്തതുകൊണ്ടും ധനം ദാനം കൊണ്ടും നോട്ടക്കുറവുകൊണ്ടും നശിക്കുന്നു.

ധനത്തിന് ദാനം ഭോഗം നാശം എന്ന് മൂന്നു നശിക്കാനുള്ള വഴികൾ ഉണ്ട്. ദാനം ചെയ്യാതേയും സ്വയം അനുഭവിക്കാതേയും ഇരിക്കുന്നവന് മൂന്നാമത്തെ ഗതി (നാശം) ഉണ്ടാവുന്നു.

ചാണയ്ക്കുവെച്ച രത്നം ആയുധക്ഷതമേറ്റ സമരജേതാവ് മദം കൊണ്ടു ക്ഷീണിച്ച ആന ശരൽക്കാലത്ത് വരണ്ട തിണ്ടുകളോടു കൂടിയ നദി ഒരു കല മാത്രം ശേഷിച്ച ചന്ദ്രൻ സുരതക്രീഡയാൽ ക്ഷീണിച്ച യുവതി ധനമെല്ലാം അർത്ഥികൾക്കു ദാനം ചെയ്ത ജനങ്ങൾ ഇവരെല്ലാം ക്ഷീണാവസ്ഥകൊണ്ടും ശോഭിക്കുന്നു.

ഒരുവൻ ദരിദ്രനായാൽ ഒരു പിടി ധാന്യം കിട്ടാൻ കൊതിക്കുന്നു. അയാൾതന്നെ പിന്നീട് ധനികനായാൽ കരുതുന്നു. ഭൂമി മുഴുവൻ നേടിയാലും അതത്ര കാര്യമായിക്കരുതുന്നില്ല. അതുകൊണ്ട്, ധനത്തെ സംബന്ധിച്ചിടത്തോളം വലിപ്പച്ചെറുപ്പരൂപത്തിലുള്ള അനിശ്ചിതമായ ധനികന്മാരുടെ മനോഭാവം വസ്തുക്കളെ വലുതാക്കുകയും ചെറുതാക്കുകയും ചെയ്യുന്നു.

ഈ ഭൂമിയാകുന്ന പശുവിനെ കറക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിന്നിന്ന് ഈ ലോകത്തെ പശുക്കിടാവിനെ എന്നപോലെ പോഷിപ്പിച്ചാലും. ഈ ലോകത്തെ നല്ലപോലെ സദാ വളർത്തിക്കൊണ്ടു വന്നാൽ ഭൂമി കല്പവൃക്ഷത്തെപ്പോലെ ഇച്ഛിച്ചതൊക്കെ തരും.

സത്യവും അസത്യവുമായിട്ടുള്ളതും, പരുഷവും മൃദുവുമായിട്ടുള്ളതും, ഹിംസാരൂപവും ദയാമയവുമായിട്ടുള്ളതും, ധനത്തെ ലക്ഷ്യമാക്കിയിട്ടുള്ളതും ദാനശീലമുള്ളതും, നിത്യേന ചിലവുള്ളതും അതുപോലെ ധാരാളം വരവുള്ളതുമായ രാജനീതി വേശ്യയെപ്പോലെ നാനാരൂപത്തിലുള്ളതാണ്.

ആജ്ഞാശക്തി, കീർത്തി പണ്ഡിത സംരക്ഷണം, ദാനം, ഭോഗം, മിത്രപാലനം എന്നിങ്ങനെ ആറു ഗുണങ്ങൾ ഏവർക്കില്ലയോ അവരെ സേവിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്?

കുറച്ചോ അധികമോ സ്വത്തിന്നധികാരി ആവുക എന്ന് ഒരുവന്റെ നെറ്റിത്തടത്തിൽ കുറിച്ചിട്ടുണ്ടെങ്കിൽ മരുഭൂമിയായാലും മഹാമേരുവിലായാലും അയാൾക്കത് ലഭിക്കുകതന്നെ ചെയ്യും. അതിൽക്കൂടുത

ലൊന്നും ഉണ്ടാവുകയില്ല. അതുകൊണ്ട് ധൈര്യമായിരിക്കൂ. പണക്കാരുടെ മുമ്പിൽ ഹീനമായി പെരുമാറരുത്. നോക്കൂ, കിണറ്റിൽ നിന്നായാലും സമുദ്രത്തിൽ നിന്നായാലും കുടത്തിൽ കൊള്ളാവുന്ന ജലമേ അതു സ്വീകരിക്കൂ.

ദയയില്ലായ്മ കാരണം വിനാ വഴക്കടിയ്ക്കൽ അന്യന്റെ സ്വത്തിലും പരസ്ത്രീയിലും ആഗ്രഹം സജ്ജനങ്ങളിലും ബന്ധുക്കളിലും അസൂയ ഇതെല്ലാം ദുർജ്ജനങ്ങൾക്കു സ്വഭാവസിദ്ധമാകുന്നു. അഭ്യസ്തവിദ്യനായാലും ദുർജ്ജനത്തെ അകറ്റിനിർത്തണം. രത്നഭൂഷിതമായാലും സർപ്പം ഭയങ്കരമല്ലേ?

ലജ്ജാശീലനെ മന്ദനെന്നും, വ്രതശുദ്ധിയുള്ളവനെ അഹംഭാവിയെന്നും, ശുദ്ധനെ ചതിയനെന്നും, ശൂരനെ ദയാഹീനനെന്നും, മുനിയെ ബുദ്ധിശൂന്യനെന്നും പ്രിയവാദിയെ ദീനനെന്നും തേജസ്വിയെ ഗർവിഷ്ഠനെന്നും, നല്ല പ്രാസംഗികനെ അധികപ്രസംഗിയെന്നും ഗണിക്കുന്നു. അങ്ങനെ ദുർജ്ജനങ്ങളാൽ ദുഷിക്കപ്പെടാത്ത ലോഭമുണ്ടായാൽ പിന്നെ മറ്റു ദോഷങ്ങളൊന്നും വേണമെന്നില്ല. പരദൂഷണമൊന്നു മതി മറ്റു പാപങ്ങൾ ആവശ്യമില്ല. സത്യമുണ്ടെങ്കിൽ തപസ്സു ചെയ്യണമെന്നില്ല. നിർമ്മലമായ മനസ്സുണ്ടെങ്കിൽ വേറെ പുണ്യതീർത്ഥങ്ങൾ വേണ്ട. സജ്ജനത്വമണ്ടെങ്കിൽ പരിജനം വേറെ വേണ്ട, മാഹാത്മ്യമുണ്ടെങ്കിൽ ബാഹ്യാലങ്കാരങ്ങളാവശ്യമില്ല. നല്ല വിദ്യയുണ്ടെങ്കിൽ ധനം കന്നുകൂട്ടി വെയ്ക്കേണ്ട, ചീത്തപ്പേരുണ്ടായാൽ മരണം വേറെ വേണ്ട.

പകലിന്റെ വെട്ടത്തിൽ പ്രകാശം മങ്ങിയ ചന്ദ്രൻ, യൗവനം നശിച്ച സ്ത്രീ, താമരയില്ലാത്ത തടാകം, സുന്ദരന്റെ വിദ്യാവിഹീനമായ മുഖം, ധനചിന്തയിൽ മുഴുകിയ പ്രഭു, നിത്യദരിദ്രനായ സജ്ജനം, രാജസന്നിധാനത്തിലുള്ള ദുഷ്ടൻ ഇപ്പറഞ്ഞ ഏഴു കാര്യങ്ങൾ എന്റെ മനസ്സിനെ ശല്യപ്പെടുത്തുന്നു.

കോപസ്വഭാവികളായ രാജാക്കന്മാർക്ക് ആരും സ്വന്തക്കാരായി ഇല്ല. തൊട്ടാൽ ഹോമിക്കുന്ന ആളെപ്പോലും അഗ്നി ദഹിപ്പിക്കുന്നു. (സേവകൻ) മൗനം ദീക്ഷിച്ചാൽ മൂകനായി കൂടുതൽ സംസാരിച്ചാൽ ബഹുഭാഷിയോ അസംബന്ധം പറയുന്നവനോ ആയി. അടുത്തിരുന്നാൽ അഹങ്കാരിയായി.

ദൂരത്തായാൽ കൊള്ളരുതാത്തവനായി ക്ഷമയുണ്ടായാൽ ഭീരുവായി ക്ഷമയില്ലാഞ്ഞാൽ മിക്കവാറും അഭിജാതനല്ലാതായി. അങ്ങനെ ദരിദ്രപൂർണ്ണമായ സേവാധർമ്മം യോഗികൾക്കുകൂടി അനുഷ്ഠിക്കാൻ വയ്യാത്തതാണ്.



Scanned with CamScanner

പ്രകടമായ എല്ലാ ചീത്തത്തങ്ങളും ഉള്ളവനും, ഒന്നിനും വഴങ്ങാത്തവനും, തന്റെ നീചപ്രവൃത്തിയെക്കുറിച്ച് ഓർക്കാത്തവനും ഭാഗ്യം കൊണ്ട് ധനമുണ്ടായവനും ഗുണവാന്മാരെ ദ്വേഷിക്കുന്നവനുമായ ഈ നീചനായ രാജാവിന്റെ ദൃഷ്ടിയിൽപ്പെട്ട ആർക്കാണ് സുഖമായി വസിക്കാൻ കഴിയുക?

ദുർജ്ജനങ്ങളുടേയും സജ്ജനങ്ങളുടേയും മൈത്രി മധ്യാഹ്നത്തിന്നു മുമ്പും പിമ്പുമുള്ള നിഴൽ എന്നപോലെ തുടക്കത്തിൽ (രാവിലെ) വലുതും ക്രമത്തിൽ ചുരുങ്ങുന്നതും തുടക്കത്തിൽ (ഉച്ചതിരിഞ്ഞ്) അല്പമാത്രമായിട്ടുള്ളതും പിന്നീട് വർദ്ധിക്കുന്നതുമാണ്.

തൃണം കൊണ്ടും ജലം കൊണ്ടും സംതൃപ്തിയോടും ജീവിതം നയിക്കുന്ന മൃഗങ്ങൾക്കും മത്സ്യങ്ങൾക്കും സജ്ജനങ്ങൾക്കും നായാട്ടുകാരും, മുക്കുവന്മാരും, ദുഷ്ടന്മാരും ഈ ലോകത്തിൽ കാരണം കൂടാതെ തന്നെ വൈരികളായിത്തീരുന്നു.

സജ്ജനസംസർഗ്ഗത്തിൽ ആഗ്രഹം, അന്യരുടെ ഗുണത്തിൽ സന്തോഷം, ഗുരുവിൽ ഭക്തി, ജ്ഞാനത്തിന്റെ തൃഷ്ണ, സ്വപത്നിയിൽ പ്രേമം, ചീത്തപ്പേരിൽ ഭയം, പരമേശ്വരനിൽ ഭക്തി, ആത്മനിയന്ത്രണത്തിനുള്ള കഴിവ്, നീചന്മാരോടു കൂട്ടുകൂടാതിരിക്കൽ ഇപ്പറഞ്ഞ നിർമ്മലഗുണങ്ങൾ ആരിലാണോ ഉള്ളത് ആ മഹാന്മാരെ ഞാൻ നമസ്ക്കരിക്കുന്നു.

ആപത്തിൽ ധൈര്യം, സമ്പത്തിൽ ക്ഷമ, സദസ്സിൽ വാക് സാമർത്ഥ്യം, യുദ്ധത്തിൽ പരാക്രമം, യശസ്സിൽ താത്പര്യം ആത്മവിദ്യയിൽ വ്യഗ്രത ഇവയെല്ലാം മഹാന്മാർക്ക് സ്വഭാവസിദ്ധമാണ്. കൈയിന് സ്തുത്യർഹമായ ത്യാഗവും ശിരസ്സിനു ഗുരുവന്ദനപ്രവണതയും, മുഖത്തിന് സത്യമായ വാക്കും, കൈകൾക്ക് വിജയസ്വഭാവമുള്ള അതുല്യമായ വീര്യവും ഹൃദയത്തിന് നിർമ്മലഭാവവും, കർണ്ണങ്ങൾക്ക് പഠിച്ച ശാസ്ത്രവും ഭൗതികസമ്പത്തില്ലെങ്കിൽകൂടി പ്രകൃത്യാ ഉള്ള മഹാന്മാർക്ക് അലങ്കാരമാണ്.

പ്രാണിഹിംസ ചെയ്യാതിരിക്കുക. പരസ്വം അപഹരിക്കാതിരിക്കുക, സത്യം മാത്രം പറയുക, വേണ്ടപ്പോൾ ശക്തിക്കനുസരിച്ച് ദാനം ചെയ്യുക, പരസ്ത്രീകളെക്കുറിച്ച് പരാമർശിക്കാതിരിക്കുക, യാചകന്മാരുടെ ധനതൃഷ്ണയെ ശമിപ്പിക്കുക, ഗുരുക്കന്മാരോട് വിനയം കാണിക്കുക സർവ്വ ജീവജാലങ്ങളിലും സമമായി അനുകമ്പ കാട്ടുക, എല്ലാ ശാസ്ത്രങ്ങളിലും നല്ല പരിജ്ഞാനമുണ്ടാവുക, ഇപ്പറഞ്ഞതെല്ലാം ശ്രേയസ്സിനുള്ള മാർഗ്ഗങ്ങളാണ്.



Scanned with CamScanner

മഹാന്മാരുടെ മനസ്സ് സമ്പത്തുണ്ടാവുമ്പോൾ ഉല്പലം പോലെ മൃദുവായിത്തീരുന്നു. ആപത്തു വരുമ്പോഴാകട്ടെ പർവ്വതത്തിലെ പാറക്കൂട്ടം പോലെ ഇളകാത്തതായി ഭവിക്കുന്നു.

ന്യായമായ ജീവിതരീതിയാണ് അഭികാമ്യമായിട്ടുള്ളത്. പ്രാണൻ പോയാലും ചീത്ത കാര്യം ചെയ്യില്ല. ദുർജ്ജനങ്ങളോട് ഒന്നും യാചിക്കില്ല. സ്നേഹിതനായാലും ദരിദ്രനോട് ഒന്നും ആവശ്യപ്പെടില്ല, ആപത്തിൽ ഉറച്ച ധൈര്യം, സജ്ജനസമ്മതമായ പ്രവൃത്തി, ഇത്തരം വിഷയകരമായ അസിധാരാവ്രതം സജ്ജനങ്ങൾക്ക് ആരാണ് ഉപദേശിച്ചത്?

ആരും അറിയാതെ ദാനം ചെയ്യുക, അതിഥികൾ വീട്ടിൽ വന്നാൽ ഉപചാരത്തോടെ സൽക്കരിക്കുക, നല്ലതു ചെയ്ത് മൗനം ദീക്ഷിക്കുക, ആരെങ്കിലും ഉപകാരം ചെയ്താൽ അത് സദസ്സിൽ വെച്ച് പറയുക. സമ്പത്തിൽ ഗർവ്വില്ലാതിരിക്കുക, അന്യരെ വേദനിപ്പിക്കാത്ത രൂപത്തിൽ വിമർശിക്കുക, ഇങ്ങനെയുള്ള ദുഷ്കരമായ അസിധാരാവ്രതം സജ്ജനങ്ങളെ ആരാണ് ഉപദേശിച്ചത്?

ചുട്ടുപഴുത്ത ഇരുമ്പിൽ പറ്റിയ ജലത്തിന്റെ പേരു കൂടി കേൾക്കുകയില്ല. അതുതന്നെ താമരയിലയിൽ ഇരിക്കുമ്പോൾ മുത്തുമണികൾപോലെ കാണപ്പെടുന്നു. ആ ജലകണം തന്നെ സമുദ്രത്തിലെ ചിപ്പിയിൽ പതിച്ചാൽ മുത്തുമണിയാവുന്നു. പ്രായേണ ഇത്തരത്തിലാണ് അധമൻ, മധ്യമൻ, ഉത്തമൻ എന്നിവരെ സേവിക്കുന്നവരുടെ അനുഭവം.

ആർ സത്പ്രവൃത്തികൾകൊണ്ട് പിതാവിനെ സന്തോഷിപ്പിക്കുന്നു അവനാണ് യഥാർത്ഥപുത്രൻ. ആർ ഭർത്തൃഹിതം ആഗ്രഹിക്കുന്നു അവളാണ് മാതൃകാപത്നി. ആപത്തിലും സമ്പത്തിലും തുല്യമായ പങ്കുവഹിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്. ഈ മൂന്നും ലോകത്തിൽ പുണ്യവാന്മാർക്ക് മാത്രമേ ലഭിക്കുകയുള്ളു.

താഴ്മകൊണ്ട് ഉയരുന്നവരും പരഗുണങ്ങളെ പ്രകീർത്തിക്കുക വഴി സ്വന്തം ഗുണങ്ങളെ പ്രകാശിപ്പക്കുന്നവരും, അന്യർക്കുവേണ്ടി എല്ലാ കഴിവുകളും ഉപയോഗിച്ച് പ്രയത്നിക്കുന്നതോടൊപ്പം സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കുന്നവരും ക്ഷമകൊണ്ടുതന്നെ നിന്ദാരൂപത്തിൽ പരുഷവാക്കുകൾ പറയുന്ന ദുർജ്ജനങ്ങളെ പശ്ചാത്തപിപ്പിക്കുന്നവരും അത്ഭുതചരിതരും ബഹുമാന്യരുമായ അവരെ എല്ലാവരും പൂജിക്കുന്നു.



Scanned with CamScanner

വൃക്ഷങ്ങൾ ഫലങ്ങളെക്കൊണ്ട് കുനിയുന്നു. മേഘങ്ങൾ പുതു വെള്ളം കൊണ്ട് കൂടുതൽ താഴ്ന്നുവരുന്നു. സജ്ജനങ്ങൾ സമ്പത്തു കൊണ്ട് ഊറ്റം കൊള്ളുന്നില്ല. ഇത് പരോപകാരികളുടെ സ്വഭാവം തന്നെയാണ്.

ദയാർദ്രചിത്തരായ പരോപകാരികളുടെ ചെവി ശാസ്ത്രശ്രവണം കൊണ്ട് ശോഭിക്കുന്നു. കർണ്ണാഭരണം കൊണ്ടല്ല. ദാനം കൊണ്ട് കൈ ശോഭിക്കുന്നു. കങ്കണം കൊണ്ടല്ല. ശരീരം പരോപകാരം കൊണ്ട് ശോഭിക്കുന്നു, അല്ലാതെ ചന്ദനം കൊണ്ടല്ല.

സൂര്യൻ താമരയെ വിടർത്തുന്നു. ചന്ദ്രൻ ആമ്പൽപ്പൂക്കളേയും വികസിപ്പിക്കുന്നു. മേഘം യാചിക്കാതെതന്നെ ജലം തരുന്നു. സജ്ജനങ്ങൾ സ്വയം പരഹിതത്തിനുവേണ്ടി പ്രയത്നിക്കുന്നവരാകുന്നു. സ്വാർത്ഥം വെടിഞ്ഞ് അന്യർക്കുവേണ്ടി യത്നിക്കുന്നവർ സജ്ജനങ്ങളാണ് (ഉത്തമന്മാർ). തൻകാര്യത്തിനു കോട്ടം തട്ടാതെ അന്യർക്കു വേണ്ടി പരിശ്രമിക്കുന്നവർ സാമാന്യരാണ് (മധ്യമന്മാർ). തൻകാര്യം നേടാൻ വേണ്ടി പരഹിതത്തെ ബലി കഴിക്കുന്നവർ മാനുഷരാക്ഷസരാണ് (അധമന്മാർ). എന്നാൽ പരഹിതത്തെ അനാവശ്യമായി ബലികഴിക്കുന്നവർ. അവർ ഏതു തരക്കാരാണെന്ന് എനിക്ക് അറിഞ്ഞുകൂടാ.

പാപത്തിൽ നിന്ന് കരകയറ്റുന്നു. ഹിതകാര്യത്തിൽ പ്രവർത്തിപ്പിക്കുന്നു. രഹസ്യം മൂടി വെയ്ക്കുന്നു. ഗുണങ്ങളെ പ്രകാശിപ്പിക്കുന്നു. ആപത്തിൽപ്പെട്ടവനെ ഉപേക്ഷിക്കുന്നില്ല. വേണ്ടപ്പോൾ ദാനം ചെയ്യുന്നു. സജ്ജനങ്ങൾ ഇപ്പറഞ്ഞവയെല്ലാം നല്ല ചങ്ങാതിയുടെ ലക്ഷണമായി പറയുന്നു.

പാൽ തന്നോടൊത്തുചേർന്ന ജലത്തിന് ആദ്യമായി തന്റെ മാധുര്യാദി ഗുണസമ്പത്തെല്ലാം ദാനം ചെയ്തു. പാൽ തപിക്കുന്നത് (തിളയ്ക്കുന്നത്) കണ്ടപ്പോൾ ആ ജലം സ്വയമേവ തീയിൽ ചാടി (സ്നേഹിതനു വന്നു ചേർന്ന ദുരവസ്ഥ കണ്ട് കരളലിഞ്ഞ്) പാൽ തിളയ്ക്കുമ്പോൾ അതിലെ ജലാംശമാണല്ലോ ആദ്യം ആവിയായിപ്പോവുക. ഇവിടെ ജലം തന്റെ സുഹൃത്തിനെ സഹായിക്കാൻ ആത്മാഹുതി ചെയ്തതായി കവി സങ്കല്പിക്കുന്നു.) പാലാകട്ടെ സുഹൃത്തിനു വന്നു ചേർന്ന ഗതികേട് കണ്ട് അഗ്നിയിൽ ചാടാൻ തുനിഞ്ഞു. (ജലാംശം വറ്റുമ്പോൾ പാൽ തിളച്ച് പതഞ്ഞ് അടുപ്പിൽ വീഴുന്നതിനെ ക്ഷീരം സുഹൃത്തിനോടൊപ്പം വീരമൃത്യു വരിക്കുന്നതായി സങ്കല്പിക്കുന്നു) പിന്നീട് ആ ക്ഷീരം ജലം കൊണ്ടു ശാന്തിയെ പ്രാപിക്കുന്നു എന്നുള്ളതു



Scanned with CamScanner

യുക്തം തന്നെയാണ് (വെള്ളമൊഴിച്ചാൽ തിള ശമിക്കും). സജ്ജനങ്ങളുടെ മൈത്രി ഇത്തരത്തിലുള്ളതാണ്.

അത്യാഗ്രഹമുപേക്ഷിക്കുക; ക്ഷമശീലിക്കുക; മദമുപേക്ഷിക്കുക; പാപം ചെയ്യാൻ ആഗ്രഹിക്കരുത് സത്യം പറയുക; സജ്ജനങ്ങളുടെ മാർഗ്ഗത്തെ പിന്തുടരുക; വിദ്വാന്മാരെ പരിചരിക്കുക; മാന്യന്മാരെ ബഹുമാനിക്കുക ശത്രുക്കളെപ്പോലും സമാധാനിപ്പിക്കുക; വിനീതനാവുക; കീർത്തിയെ നിലനിർത്തുക; ദുഃഖിതരോടു ദയ കാണിക്കുക; ഇവയാണ് സജ്ജനങ്ങളുടെ കർമ്മപരിപാടി.

മനസ്സിലും വാക്കിലും ശരീരത്തിലും പുണ്യാമൃതപൂർണ്ണരായി സത്കർമ്മാചരണതല്പരരായി, പല പ്രകാരത്തിലുള്ള ഉപകാരങ്ങൾ കൊണ്ട് മൂന്നു ലോകങ്ങളേയും ആനന്ദിപ്പിക്കുന്നവരായി, അന്യരിലുള്ള ചെറിയ ഗുണങ്ങളെപ്പോലും വലുതാക്കിക്കാണിച്ച്, നിത്യവും അനുമോദിച്ചുകൊണ്ട് ഹൃദയാഹ്ളാദത്തോടെ ജീവിക്കുന്ന സജ്ജനങ്ങൾ എത്രയുണ്ടാകും? (അത്തരക്കാർ വിരളമായേ ഉണ്ടാകൂ എന്നു സാരം.)

ദേവന്മാർ പാലാഴിയിൽ നിന്നു ലഭിച്ച രത്നങ്ങളാൽ തൃപ്തരായില്ല. കാളകൂടവിഷം കൊണ്ട് അവർക്ക് ഭയമുണ്ടായില്ല. അമൃത് കിട്ടാതെ അവർ പാലാഴി മഥനത്തിൽ നിന്ന് പിന്മാറിയില്ല. ധീരന്മാർ ഉദ്ദേശിച്ച കാര്യത്തിൽ നിന്ന് ഒരിക്കലും പിന്മാറുകയില്ല.

അധമന്മാർ വിഘ്നം ഉണ്ടാകും എന്ന ഭയത്താൽ ഒന്നും ആരംഭിക്കുന്നില്ല. മധ്യമന്മാർ തുടങ്ങി വിഘ്നം മൂലം അതു മുഴുമിക്കാൻ കഴിയാതെ പിന്മാറുന്നു. ഉത്തമന്മാരാകട്ടെ അടിയ്ക്കടി വിഘ്നങ്ങൾ ഉണ്ടായാലും ആരംഭിച്ചത് ഉപേക്ഷിക്കുന്നില്ല.

ചിലപ്പോൾ ഭൂമിയിൽ കിടന്നും ചിലപ്പോൾ കട്ടിലിൽ ശയിച്ചും ചിലപ്പോൾ ഇലകൾ ഭക്ഷിച്ചും ചിലപ്പോൾ നെല്ലരിച്ചോറുണ്ടും ചിലപ്പോൾ കീറത്തുണിയുടുത്തും ചിലപ്പോൾ പട്ടുവസ്ത്രം ധരിച്ചും ഉദ്ദിഷ്ടകാര്യം സാധിക്കാൻ ആഗ്രഹിക്കുന്ന ധീരൻ ദുഃഖമോ സുഖമോ വകവെക്കുന്നില്ല.

നീതിവിശാരദന്മാർ നിന്ദിക്കട്ടെ; അല്ലെങ്കിൽ സ്തുതിക്കട്ടെ. സമ്പത്ത് യഥേഷ്ടം ഉണ്ടാവുകയോ നശിക്കുകയോ ചെയ്യട്ടെ. മരണം ഇന്നുതന്നെയോ അല്ലെങ്കിൽ കുറെക്കാലം കഴിഞ്ഞിട്ടോ സംഭവിക്കട്ടെ. (എന്തായാലും) ധീരന്മാർ ന്യായമായ മാർഗ്ഗത്തിൽ നിന്ന് ഒരടിപോലും തെറ്റിനടക്കുകയില്ല.



Scanned with CamScanner

ആരുടെ ഹൃദയം സ്ത്രീകളുടെ കടാക്ഷക്കൂരമ്പുകളാൽ വ്രണിതമാകുന്നില്ല, കോപാഗ്നിയുടെ ചൂടുകൊണ്ട് ചാരമായിത്തീരുന്നില്ല. നാനാതരത്തിലുള്ള വിഷയങ്ങളുടേയും ലോഭങ്ങളുടേയും കുടുക്കുകളിൽ പെടുന്നില്ല. അങ്ങനെയുള്ള ധീരൻ ഈ മൂന്നു ലോകങ്ങളെ മുഴുവൻ ജയിക്കുന്നു.

നിന്ദിക്കപ്പെട്ടവനാണെങ്കിലും ധീരനായ ഒരുവന്റെ ധൈര്യത്തെ ഇല്ലായ്മ ചെയ്യാൻ ആർക്കും കഴിയുന്നില്ല. തലകീഴാക്കപ്പെട്ടാലും അഗ്നിയുടെ നാളങ്ങൾ ഒരിക്കലും കീഴോട്ടു പോകുന്നില്ല.

ഈ ശരീരം കൂറ്റൻ പർവ്വതത്തിന്റെ കൊടുമുടിയിൽ നിന്ന് പരുപരുത്ത പാറപ്പുറത്ത് എവിടെയെങ്കിലും വീണ് തകർന്നുപോയാലും തരക്കേടില്ല. കൈ കൂർത്തപല്ലുകളുള്ള സർപ്പത്തിന്റെ വായിൽ വെച്ചാലും കുഴപ്പമൊന്നുമില്ല. തീയിൽ ചാടിയാലും തരക്കേടില്ല എന്നാലും സത്സ്വഭാവം ഉപേക്ഷിക്കുന്നത് ഭൂഷണമല്ല.

ആരിലാണോ എല്ലാവർക്കും പ്രിയങ്കരമായ സത്സ്വഭാവം പ്രകാശിക്കുന്നത് അയാൾക്ക് അഗ്നി ജലത്തെപ്പോലെ ശീതളമായിത്തീരുന്നു; സമുദ്രം നീർച്ചാലുപോലെയാവുന്നു; മഹാമേരുവും നിസ്സാരമായ പാറക്ഷണം പോലെയാവുന്നു. സിംഹം പെട്ടെന്ന് മാനിനെപ്പോലെയാവുന്നു. സർപ്പം മാല്യംപോലെയാവുന്നു. വിഷം അമൃതവർഷം പോലെ സുഖപ്രദമാകുന്നു.

വൃക്ഷം മുറിച്ചാലും വീണ്ടും പൊടിക്കുന്നു കലാശേഷനായ ചന്ദ്രൻ വീണ്ടും വളർന്നുവരുന്നു ഇങ്ങനെ ചിന്തിച്ച് സജ്ജനങ്ങൾ ബന്ധുക്കളെല്ലാം നശിച്ചുപോയാലും ദുഃഖിക്കുന്നില്ല.

ഐശ്വര്യത്തിന് സൗജന്യം അലങ്കാരമാകുന്നു. ശൗര്യത്തിന് വാക്കുകളെ നിയന്ത്രിക്കലും ജ്ഞാനത്തിന് ശാന്തിയും വിദ്യയ്ക്ക് വിനയവും ധനത്തിന് സത്പാത്രത്തിൽ ദാനവും തപസ്സിന് അക്രോധവും ശക്തന് ക്ഷമയും ധർമ്മത്തിന് നിഷ്കളങ്കത്വവും ഭൂഷണമാകുന്നു. എല്ലാവർക്കും ഐശ്വര്യാദികൾക്ക് നിദാനമായിട്ടുള്ള ഈ ശീലമാണ് ഉത്തമമായ ഭൂഷണം.

ആർക്ക് നേതാവ് ബൃഹസ്പതിയും, ആയുധം വജ്രവും സൈന്യങ്ങൾ ദേവന്മാരും, കോട്ട സ്വർഗ്ഗവും, അനുഗ്രഹം വിഷ്ണുവിന്റേയും, പ്രധാനഗജം ഐരാവതവും ആണോ, ഏറ്റവും ശക്തി സമ്പന്നനായ അത്തരത്തിലുള്ള ഇന്ദ്രൻ പോലും അസുരന്മാരോട് യുദ്ധ



Scanned with CamScanner

ത്തിൽ തോറ്റു. അതുകൊണ്ട് ദൈവം തന്നെയാണ് എല്ലാവർക്കും ശരണ മെന്ന് വ്യക്തമാകുന്നുവല്ലോ. വെറും പൗരുഷം നിന്ദ്യമായിട്ടുള്ളതാണ്.

നിരാശനും പെട്ടിയിൽ ചുരുണ്ടുകിടക്കുന്നവനും, വിശപ്പുകൊണ്ട് തളർന്നവനുമായ സർപ്പത്തിന്റെ വായിൽ സ്വയം കൃതമായ ദ്വാര ത്തിൽക്കൂടി ഒരെലി ഇരവിൽ ചെന്നു ചാടി. ഉടനെ ആ സർപ്പം എലി യുടെ മാംസംകൊണ്ട് വിശപ്പടക്കി ആ എലിയുണ്ടാക്കിയ പഴുതിൽക്കൂടി പുറത്തു കടന്നു രക്ഷപ്പെട്ടു. ലോകമേ, ഒന്നടങ്ങിയിരിക്കൂ. നമുക്കു ണ്ടാവുന്ന ഉയർച്ചയ്ക്കും താഴ്ചയ്ക്കും കാരണം ദൈവം തന്നെയാണ്.

ഈശ്വരാധീനമുള്ളവൻ പന്തിന്റെ പതനംപോലെ വീണാലും (ആ പത്തിൽ പെട്ടാലും) പൊന്തുന്നു. (അതിൽ നിന്നു രക്ഷപ്പെടുന്നു.) ഈശ്വരാധീനമില്ലാത്തവനാകട്ടെ മൺകട്ട വീണാലെന്നപോലെ വീണെ ടുത്തു വെച്ചുതന്നെ തകരുന്നു.

കഷണ്ടിത്തലയൻ സൂര്യതാപം കൊണ്ട് തല ചുട്ടപ്പോൾ വേഗ ത്തിൽ നടന്ന് നിഴൽ ഉള്ള സ്ഥലം തേടിപ്പോയി കരിമ്പനയുടെ ചുവട്ടിൽ ചെന്നിരുന്നു. അവിടെവച്ച് ഉതിർന്നു വീണ മുഴുത്ത പനംതേങ്ങയാൽ ഈയാളുടെ തല തകർന്നു. സാധാരണയായി ദൈവാനുഗ്രഹ മില്ലാത്തവൻ പോകുന്നേടത്തെല്ലാം ആപത്തുകൾ പതിയിരിക്കുന്നു.

ആന, സർപ്പം, പക്ഷി മുതലായവ ബന്ധനത്തിൽ പെടുന്നതും, ചന്ദ്രസൂര്യന്മാർ രാഹുഗ്രസ്തരാകുന്നതും ബുദ്ധിമാന്മാർ ദരിദ്രരാകു ന്നതും കണ്ടിട്ട് ദൈവം തന്നെയാണ് സർവ്വശക്തൻ എന്ന് എനിക്ക് ബോധ്യമായി. ബ്രഹ്മാവ് എല്ല ഗുണങ്ങൾക്കും ഇരിപ്പിടമായി ഭൂമിയ്ക്ക് അലങ്കാരമായിട്ടുള്ള ശ്രേഷ്ഠപുരുഷനെ സൃഷ്ടിക്കുന്നു. എന്നിട്ട് അദ്ദേഹത്തേയും അല്പായുസ്സാക്കി ചെയ്യുന്നുവെങ്കിൽ ബ്രഹ്മാവിന്റെ മണ്ടത്തരം ആശ്ചര്യം തന്നെ. കഷ്ടം!

രാത്രി ചന്ദ്രൻ ഏതു വസ്ത്രഖണ്ഡം (മേഘശകലം) കൊണ്ടു മറയ്ക്കപ്പെടുന്നുവോ പകൽ അതുകൊണ്ടുതന്നെ സൂര്യനും മറയ്ക്കപ്പെടുന്നു. കഷ്ടം ! ഇവരുടെ ഭാഗ്യക്കേടുതന്നെ. ഇക്കാണുന്ന ചന്ദ്രൻ അമൃതത്തിന്റെ ഇരിപ്പിടമാണ്; ഔഷധച്ചെടികളുടെ നായക നാണ്; ശതഭിഷക് എന്ന നക്ഷത്രത്താൽ പിന്തുടരപ്പെടുന്നവനാണ് (ധാരാളം വൈദ്യന്മാർ അനുനയികളായിട്ടുള്ളവനെന്നും); ശിവന്റെ ശിരോഭൂഷണമാണ് (എന്നിട്ടും) ഈ ചന്ദ്രനെ ക്ഷയരോഗം (കറുത്ത പക്ഷത്തിലെ ക്ഷയം) വിട്ടുപിരിയുന്നില്ല കാലക്കേടിന്റെ കയ്പേറിയ ഫലം ആർക്കു തടുക്കുവാൻ കഴിയും?



Scanned with CamScanner

സ്നേഹിത, വിട്ടുവീഴ്ചയില്ലാത്ത ദൈവം സമർത്ഥനായ കുംഭകാരനെപ്പോലെ മനസ്സിനെ മണ്ണിനെയെന്നപോലെ ശക്തിപൂർവ്വം കശക്കിയുരിട്ടി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആപത്തുകളുടെ ദാണ്ഡാഘാതമേറ്റ് ബലവത്തായ വിചാരചക്രത്തിൽവെച്ച് വട്ടം കറക്കുന്നു. ഇതുകൊണ്ട് എന്തുണ്ടാക്കാൻ പോകുന്നു എന്നറിഞ്ഞുകൂടാ. അല്ലയോ മൂഢനായ വിധേ, ആപത്തുക്കളിൽ മഹാന്മാർക്ക് ധൈര്യക്ഷയം വന്നു കാണാൻ ആഗ്രഹിക്കുന്നുവെന്നുള്ള ദുരാഗ്രഹം കൊണ്ടുണ്ടായ ഈ മോഹം വേഗമുപേക്ഷിക്കൂ. പ്രളയകാലത്തുപോലും സ്വന്തം നിലയ്ക്ക് ഊനം തട്ടാതെനിന്ന ഈ കുലപർവ്വതങ്ങളോ ഈ സമുദ്രങ്ങളോ നിസ്സാരങ്ങളല്ല.

സർവ്വശക്തനായ ഈശ്വരൻ ഈ ലോകത്തിൽ ഒരാൾക്ക് എന്തു നിശ്ചയിച്ചിട്ടുണ്ടോ അത് അയാൾക്ക് കിട്ടാതിരിക്കയില്ല പാത്രത്തിന്റെ വലിപ്പം കൂടുതൽ കിട്ടാൻ കാരണമാകുന്നില്ല. എല്ലാവരുടേയും ആഗ്രഹം ശമിപ്പിക്കുന്ന മേഘം പ്രതിദിനം വർഷിച്ചാലും വേഴാമ്പലിന്റെ വായിൽ നേരിയ ഏതാനും ജലകണങ്ങൾ മാത്രമേ വീഴുന്നുള്ളൂ.

ദേവന്മാർക്ക് നമസ്കാരം ആ ദേവന്മാരും ശാഠ്യക്കാരനായ ബ്രഹ്മാവിന്റെ ദാസന്മാരാണല്ലൊ. അതുകൊണ്ട് ബ്രഹ്മാവാണ് വന്ദ്യൻ. ബ്രഹ്മാവും അതതു കർമ്മങ്ങൾക്കുള്ള ഫലമോ പ്രദാനം ചെയ്യുന്നുള്ളൂ. ഫലം കർമ്മത്തിന്നധീനമാണെങ്കിൽ മറ്റു ദേവന്മാരുടേയും ബ്രഹ്മാവിന്റേയും ആവശ്യമെന്ത് ? അതിനാൽ കർമ്മങ്ങൾക്കു നമസ്കാരം. ബ്രഹ്മാവിനും കൂടി കർമ്മങ്ങൾക്കുള്ളത്ര യോഗ്യതയില്ല.

ഏതൊരു കർമ്മം ബ്രഹ്മാവിനെ ഈ ലോകകടാഹത്തിൽ ഒരു കുലാല (കുംഭകാര) നാക്കിത്തീർത്തു, (സൃഷ്ടികർത്തൃത്വം ബ്രഹ്മാവിനാണല്ലോ) അപ്രകാരം വിഷ്ണുവിനെ വിഷമമേറിയ മത്സ്യകൂർമ്മാദി രൂപത്തിലുള്ള ദശാവതാരത്തിന്റെ ചുമതല ഏല്പിച്ചു, ശിവനെ ബ്രഹ്മാവിന്റെ തലയോടെടുത്ത് ഭിക്ഷാടനം ചെയ്തു ജീവിക്കാൻ നിയോഗിച്ചു, സൂര്യനെ നിത്യവും ആകാശത്തിൽ ചുറ്റിത്തിരിയാൻ ഏല്പിച്ചു; അങ്ങനെയുള്ള ആ കർമ്മത്തിന് നമസ്കാരം.

യാതൊന്ന്, ദുർജ്ജനങ്ങളെപ്പോലും സജ്ജനങ്ങളാക്കുന്നു; മൂഢന്മാരെ വിദ്വാന്മാരാക്കുന്നു; ശത്രുക്കളെ മിത്രങ്ങളാക്കുന്നു; പരോക്ഷത്തെ പ്രത്യക്ഷമാക്കുന്നു; വിഷത്തെ പെട്ടെന്ന് അമൃതമാക്കുന്നു; അല്ലയോ സജ്ജനമേ, ഉദ്ദിഷ്ടഫലമനുഭവിക്കാൻ അത്തരത്തിലുള്ള പൂജനീയമായ സത്കർമ്മത്തെ ആരാധിച്ചാലും ആപത്തുകൾക്ക് കാരണമായ മറ്റുകാര്യങ്ങളിൽ വ്യർത്ഥമായി മുഴുകരുത്.



Scanned with CamScanner

വളരെക്കാലം ശുഭകർമ്മം തുടർന്നുകൊണ്ടിരുന്നാൽ ശുചിയായ ഗൃഹവും, വിലാസിനികളായ സ്ത്രീകളും വെൺകൊറ്റക്കുടയാൽ ശോഭിക്കുന്ന രാജലക്ഷ്മിയും (നമുക്ക്) അനുഭവിക്കാൻ കഴിയും. ശുഭകർമ്മമെല്ലാം നശിക്കുമ്പോൾ രതിക്രീഡയിൽ നൂലുപൊട്ടിപ്പോയ മുത്തുമണികൾപോലെ ചിന്നിച്ചിതറി ആ സുഖങ്ങളെല്ലാം പെട്ടെന്നു നശിച്ചുപോകുന്നു. നോക്കുക!

ഗുണമുള്ളതോ അതില്ലാത്തതോ ആയ കാര്യം ചെയ്യുന്ന ഒരു പണ്ഡിതൻ അതിന്റെ പരിണാമം യത്നപൂർവ്വം ആരായേണ്ടതാണ്. ആലോചിക്കാതെ ചെയ്യുന്ന പ്രവൃത്തികളുടെ ചീത്ത ഫലം അവസാനം വരെ ശസ്ത്രംപോലെ മനസ്സിനെ വേദനിപ്പിച്ചുകൊണ്ടിരിക്കും.

ഈ കർമ്മഭൂമിയായ ഭാരതത്തിൽ പിറന്നിട്ട് ഏതൊരു മന്ദഭാഗ്യനായ മനുഷ്യൻ തപസ്സനുഷ്ഠിക്കുന്നില്ലയോ അവൻ വൈഡൂര്യമയമായ പാത്രത്തിൽ ചന്ദനവിറകു കത്തിച്ച് എള്ളിൻപിണ്ണാക്കു വേവിക്കുന്നവനെപ്പോലേയും എരിക്കാൻ പഞ്ഞിക്കുവേണ്ടി സ്വർണ്ണക്കലപ്പകൊണ്ട്, ഭൂമി ഉഴുന്നവനെപ്പോലെയും കർപ്പൂരക്കട്ടകളെകൊണ്ട് കോദ്രവങ്ങൾക്ക് (വരകു എന്ന ഒരു തരം ധാന്യം) ചുറ്റും വേലി കെട്ടുന്നവനെപ്പോലെയുമാണ്.

രൂപവും കുലവും ശീലവും വിദ്യയും യത്നപൂർവ്വം ചെയ്യുന്ന പരിചര്യയും ഫലപ്രദമല്ല (ഇതുകൊണ്ടൊന്നും വിശേഷിച്ചൊരു ഗുണവും ഉണ്ടാകുന്നില്ല.) മുൻകാലങ്ങളിൽ ചെയ്ത ത്യാഗത്തിന്റെ ഫലമായി കൈവന്ന ഭാഗ്യങ്ങൾ മനുഷ്യന് വൃക്ഷങ്ങൾ എന്നപോലെ വേണ്ട കാലത്ത് ഫലിക്കുന്നു.

---



Scanned with CamScanner

ധന്യാത്മാക്കളെ.........!

സൗകര്യവും സമയവും ലഭിക്കുമ്പോൾ ഒന്നു പുറകോട്ട് നോക്കുക. ഭാരതീയ ജീവിതത്തിൽ മൂല്യച്യുതി സംഭവിക്കുന്നു എന്നു കരയുന്നവരോടു ചോദിക്കുക മൂല്യമെന്നത് എന്തായിരുന്നു?. മൂല്യച്യുതി എന്നതെന്ത് ? എന്നുമുതൽക്കാണ് ഈ ച്യുതി ആരംഭിച്ചത്? ആരാണ് ഈ ച്യുതിക്ക് കാരണക്കാരായത്? പുരോഗമനത്തിന്റെയും യുക്തിവാതത്തിന്റെയും വികസനത്തിന്റെയും പേരിൽ ഏഴാം ക്ലാസിൽപോലും പാസാകാത്തവരും പത്താംക്ലാസിൽ പഠിത്തം നിർത്തിയവരും, സ്കൂളിൽ നിന്നു പുറത്താക്കപ്പെട്ടവരും നമ്മുടെ "പോളിസീമേക്കേഴ്സ്" ആയി. അവർ തന്നെ ഇന്നും പക്ഷത്തും പ്രതിപക്ഷത്തും വിലസുന്നു. അന്ധർ, കാഴ്ചയുള്ളവരെ നയിക്കുന്ന ഒരു ദേശമായിരിക്കുന്നു നമ്മുടെ കേരളം. ഈ അന്ധൻമാരുടെ വാക്കുകൾ, ചെയ്തികൾ, രൂപങ്ങൾ എന്നിവ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

ഇരുട്ട് വെളിച്ചത്തെ നയിക്കുന്നു! രാക്ഷസൻമാർ ദേവന്മാർക്ക് മാർഗനിർദ്ദേശം നൽകുന്നു! ദരിദ്രർ സമ്പന്നർക്ക് ദാനം ചെയ്യുന്നു! അധോഗമിക്കുന്നവൻ പുരോഗമിക്കേണ്ടവന് നേതൃത്വം നൽകുന്നു. സന്ന്യാസിമാർ കാട്ടാളൻമാരുടെ കൊടി പിടിക്കുന്നു! "ജ്യോതിർ മാ തമസോ ഗമയാ" എന്നു നാമെല്ലാം പ്രാർത്ഥിക്കുന്നു! സ്വന്തം ദേശത്തെ അവഹേളിക്കുന്നത് അഭിമാനമെന്നു കരുതുന്നു. നമ്മുടെ മാതൃഭൂമി കരയുന്നു! നാമെല്ലാം അമേരിക്കയിലേക്കും റഷ്യയിലേക്കും നോക്കുന്നു!

ഇതെല്ലാമാണ് ഇന്നത്തെ മൂല്യച്യുതിയും അതിനുകാരണവും സത്യമിതല്ലെ!

Scanned with CamScanner